THE MALANKARA SABHA

മലങ്കരസഭ

മാർച്ച് 2016

Rs : 15

The Official Media of Malankara Orthodox Syrian Church



Light of the Resurrection



മാർ കുറിയാക്കോസ് ദയറ
പൊത്തമ്പുറം – പാമ്പാടി

അഭി. കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി)
ചരമ കനക ജൂബിലി സമാപനം



2016 ഏപ്രിൽ 3 ഞായർ
ചരമ കനക ജൂബിലി സമാപനം, വൈകിട്ട് 3.30–ന്

അദ്ധ്യക്ഷൻ :
പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

ഉദ്ഘാടകൻ :
ജസ്റ്റീസ് ശ്രീ. പി. സദാശിവം (ബഹു. കേരളാ ഗവർണർ)

2016 ഏപ്രിൽ 4 തിങ്കൾ
പാമ്പാടി പെരുന്നാൾ പ്രദക്ഷിണം,
വൈകിട്ട് 6 മുതൽ അനുസ്മരണ പ്രഭാഷണം

2016 ഏപ്രിൽ 5 ചൊവ്വ
പ്രധാന പെരുന്നാൾ

രാവിലെ 5–ന് : വി. കുർബ്ബാന
അഭി. സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ

8.30—ന് വി. കുർബ്ബാന:
പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 3, പുസ്തകം 70, മാർച്ച് 2016

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
ഉയിർപ്പിന്റെ വെളിച്ചം
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 സത്യമായും ഉയിർത്തെഴുന്നേറ്റു
ഈസ്റ്റർ
- ഡോ. യൂഹാനോൻ മാർ തേവോദോറോസ്

10 കാൽവറിയിലെ അതിജീവനം
പ്രഭാഷണം
- ഫാ. ഡോ. എബ്രഹാം ഉമ്മൻ

19 ഈസ്റ്റർ
പ്രഭാഷണം
- ഡോ. പുന്നൂസ് യു. പാണ്ടൂർ

23 വാർദ്ധക്യം: സമഗ്ര ആരോഗ്യം
സമഗ്ര സൗഖ്യം
- ഡോ. വൈ. അന്നമ്മ വർഗീസ്

26 വിശുദ്ധിയുടെ നറുമലർ
പാമ്പാടി തിരുമേനി
- പ്രൊഫ. നൈനാൻ എബ്രഹാം

27 പ്രാർത്ഥനയുടെ ഹരിത ശോഭ
ഓർമ്മ
- ഫാ. ദീപു ഫിലിപ്പ് എള്ളാലയിൽ

30 അക്കൽദാമ
പ്രഭാഷണം
- മെൽവിൻ മാത്യു കുന്ദംകുളം

42 Death of Jesus
Science of Life-6
Dr. Biju Jacob



കാതോലിക്കേറ്റ് രത്ന ദീപം
ഗീവർഗീസ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്തായുടെ 65-ാം ഓർമ്മ
ഏപ്രിൽ 17-ന്
പുത്തൻകാവ് കത്തീഡ്രലിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

വിദ്യാർത്ഥി പ്രസ്ഥാനം ഓറിയന്റേഷൻ ക്യാമ്പ് ഏപ്രിൽ 5-9 (Pre Std X) കോട്ടയം സ്റ്റുഡന്റ്സ് സെന്ററിൽ നടത്തും. Post Std X ക്യാമ്പ് ഏപ്രിൽ 13-16 വരെയും നടത്തും. ക്യാമ്പ് ഫീ-900 രൂപ. മാർച്ച് 27-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.
mgocsmoffice@yahoo.com
0481-2567338

അഖില മലങ്കര മർത്തമറിയം വനിതാ സമാജം വാർഷിക ക്യാമ്പ് ഏപ്രിൽ 27-29 പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടത്തും. രജിസ്ട്രേഷൻ ഫീസ് 1000 രൂപ. ഏപ്രിൽ 15-നു മുമ്പായി പങ്കെടുക്കുന്നവർ കേന്ദ്ര ഓഫീസിൽ പേര് നൽകണം.

നാൽപതാം വെള്ളി (മാർച്ച് 18), ഓശാന (മാർച്ച് 20), പെസഹാ (മാർച്ച് 24), ദുഃഖവെള്ളി/വചനിപ്പ് പെരുന്നാൾ/ നാലാം മാർത്തോമ്മായുടെ 288-ാം ഓർമ്മ (മാർച്ച് 25), ഈസ്റ്റർ (മാർച്ച് 27), സ്വർഗ്ഗാരോഹണം (മെയ് 5) പെന്തിക്കോസ്തി (മെയ് 15)

കോയമ്പത്തൂർ തടാകം ആശ്രമ സ്ഥാപകൻ ബിഷപ്പ് പെക്കൻഹാം വാൽഷിന് സഭാ ബന്ധു എന്ന ബഹുമതി നൽകുവാൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 മാർച്ച് 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്താ

വേദപുസ്തകത്തിന്റെ ആരംഭവും അവസാനവും സങ്കൽപ്പിച്ച് ഉയിർപ്പിന്റെ ആശയത്തെ സമീപിക്കുകയാണെങ്കിൽ ഉൽത്തി മുതൽ വെളിപാട് വരെ ഒരു ഉടമ്പടിയാണ്. ഉൽപത്തിയിൽ കാണുന്ന ആദമിനു കൊടുത്തത്. 'നിന്റെ സന്തതി സർപ്പത്തിന്റെ തല തകർക്കും' എന്ന ഉടമ്പടിയാണ്. മരണത്തെക്കുറിച്ചുള്ള ഭീതിയും ഭയവും മനുഷ്യന്റെ ഉള്ളിൽ നിലനിന്നിരുന്നതിന് അറുതി വരുത്തിയതും ഉയിർപ്പ് സംഭവമാണ്. 'ഹേ മരണമേ, നിന്റെ ജയം എവിടെ, ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?' എന്ന് യെശയ്യാ ദീർഘദർശിയെ ഉദ്ധരിച്ച് പ. പൗലോസ് ശ്ലീഹാ നൽകുന്ന വിജയത്തിന്റെ ആഘോഷമാണ് ഈ ഉടമ്പടി. അവിശ്വാസങ്ങൾക്കിടയിലും നിലനിൽക്കുന്ന ദൈവത്തിന്റെ ഉടമ്പടിയുടെ പൂർത്തീകരണമാണ് ഉയിർപ്പ്. മനുഷ്യന് പൂർണമായി ദൈവത്തോട് വിശ്വസ്തത പുലർത്താൻ സാധിക്കുന്നില്ലെങ്കിലും ദൈവിക വാഗ്ദാനങ്ങൾ നിറവേറത്തക്കവണ്ണം ദൈവം നമ്മോടുകൂടെ വസിച്ച് മരണത്തെ ചവിട്ടി മെതിക്കുന്നു. ദൈവം നൽകിയ ഉടമ്പടിയിൽ വിശ്വസ്തത തെളിയിക്കുന്നു.

ഏദനിൽ ദൈവവും മനുഷ്യനും ഒരുമിച്ച് നടക്കുന്ന കാഴ്ച സുന്ദരമാണ്. മനുഷ്യഹൃദയങ്ങളിലെ ആഗ്രഹമാണ് ദൈവത്തോടൊപ്പം നടക്കുക, ഇരിക്കുക, വസിക്കുക എന്നത്. ആ ഹൃദയവാഞ്ഛയും ഉയിർപ്പിലൂടെ പൂർത്തിയാകുന്നു.

'രക്ഷിയ്ക്കപ്പെടുക' അല്ല, മാനവികതയുടെ ക്രൈസ്തവാടിസ്ഥാനം. ഉയിർപ്പിലൂടെ ദൈവസ്വഭാവത്തിൽ പങ്കാളിയാകാൻ ഒരുക്കപ്പെടുകയാണ്. മനുഷ്യനിൽ ദൈവത്തിന്റെ പ്രതിച്ഛായ വീണ്ടെടുക്കാനുള്ള പ്രക്രിയ ക്രിസ്തുവിലൂടെ സാധ്യമാകുന്നു. ദൈവത്തിന്റെ ഉടമ്പടിയും ഉയിർപ്പിലൂടെയുള്ള പൂർത്തീകരണവും മനുഷ്യവർഗ്ഗം മുഴുവനെയും രൂപാന്തരപ്പെടുത്തുന്നു.

ഗലാത്യലേഖന പ്രകാരം മനുഷ്യകുലത്തിന്റെ പ്രതിനിധിയായി ക്രിസ്തു ദൈവത്തിന്റെ വിശ്വസ്തത തെളിയിക്കുന്നു. ഇതിലൂടെ മനുഷ്യനിലെ ദൈവിക പ്രതിച്ഛായയും വെളിവാകുന്നു. സകലരെയും കൂട്ടിച്ചേർക്കുന്ന ഒരു സാർവ്വത്രിക സംഭവമാണിത്.

'എട്ടാം നാൾ' ഒരു പുതിയ സൃഷ്ടിയുടെ ആരംഭമാണ്. ഉയിർപ്പിന്റെ സന്തോഷം പങ്കിടാനായി സകലരെയും കൂട്ടിച്ചേർക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. ഇടവകതലത്തിൽ മാത്രമായി ഒതുങ്ങാതെ സഭയുടെ ദൗത്യം അപ്രകാരം ക്രമീകരിക്കണം. ഉയിർപ്പിനു ശേഷം നിരവധി സാധ്യതകളുണ്ടായിരുന്നിട്ടും കർത്താവ് ആദ്യം പ്രത്യക്ഷനായത് മഗ്ദലനമറിയത്തിനാണ്. അവഗണിക്കപ്പെടുന്ന സമൂഹത്തിന്റെ പ്രതിനിധിയാണവൾ. കർത്താവിനെപ്പോലെ ഉയിർപ്പിന്റെ അനുഭൂതി മറ്റ് സമൂഹങ്ങളുമായി പങ്കുവയ്ക്കാൻ എത്രമാത്രം സാധിച്ചിട്ടുണ്ട് എന്നത് ഒരു ചോദ്യമാണ്.

എമ്മവൂസിലേക്ക് വഴിതെറ്റിപ്പോയ ശിഷ്യരെ ന്യായപ്രമാണവും പ്രവാചകന്മാരെയും അവർ പറഞ്ഞ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തെയും ചൂണ്ടിക്കാട്ടി കർത്താവ് വഴിതിരിക്കുന്നു. ചരിത്രം പരിശോധിച്ച് സഭ എങ്ങോട്ട് പോകുന്നു എന്ന് കണ്ടെത്തേണ്ട ചുമതല നമുക്കുണ്ട്. ഭാരതീയ പശ്ചാത്തലം മനസിലാക്കി പ്രാദേശിക നേതൃത്വങ്ങൾക്കൊപ്പം ചിലതൊക്കെ ഉണ്ടെന്നു മനസിലാക്കി അത് ഏറ്റെടുക്കാൻ സഭയ്ക്ക് കഴിയണം.

പുതുമയും പുതുജീവനും അനുഭവിക്കുന്ന ഉയിർപ്പിന്റെ സാഹചര്യത്തിൽ ദൈവിക ഉടമ്പടി പ്രകാരം നമ്മിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്തവും, കടപ്പാടും എത്രമാത്രം വിജയിപ്പിക്കുന്നു എന്നതും വിചിന്തനത്തിന് വിധേയമാക്കണം. ആഘോഷത്തിനും സന്തോഷത്തിനുമപ്പുറം ഇത്തരം ചില വിചിന്തനങ്ങൾ കൂടിയുണ്ടാവണം, ഉയിർപ്പിന്റെ അവസരത്തിൽ. ഉയിർപ്പ് ജീവന്റെയും പ്രത്യാശയുടെയും അനുഭവമാകണം.

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരെ,

2016-ലെ **കാതോലിക്കാദിനം** അഥവാ **സഭാദിനം** മാർച്ച് മാസം 13-ാം തീയതി (പരിശുദ്ധ വലിയ നോമ്പിലെ 36-ാം ഞായറാഴ്ച) പരിശുദ്ധ സഭ ആകമാനം യഥോചിതം ആചരിക്കുകയാണല്ലോ. സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന് ദിനംതോറും വളർന്നുവരുവാനും കൂദാശകളിൽ അധിഷ്ഠിതമായ ആരാധനാ ജീവിതം നയിക്കുവാനും നാം പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഓർക്കണം. നമ്മുടെ കുടുംബങ്ങളുടെ വിശുദ്ധീകരണം പരിശുദ്ധ സഭയുടെ ആത്മീയ വളർച്ചയ്ക്ക് ഏറെ ആവശ്യമാണ് എന്നുള്ള ബോദ്ധ്യത്തോടെ തികഞ്ഞ ദൈവാശ്രയത്തോടും, വിനയത്തോടും കൂടി വിശുദ്ധിയിൽ ജീവിക്കുവാൻ നാം നിങ്ങളേവരേയും ആഹ്വാനം ചെയ്യുന്നു. അനുദിന പ്രാർത്ഥനകളും, നോമ്പനുഷ്ഠാനങ്ങളും ജാഗ്രതയോടെ നിർവ്വഹിച്ചുകൊണ്ട് നന്മ പ്രവൃത്തികളിലൂടെ ദൈവീകരായി വളരുവാൻ ഏവരും ഉത്സാഹിക്കണം. പരിശുദ്ധ സഭയുടെ അഭിമാനത്തിനും അതിന്റെ പൈതൃകത്തിനും അനുസൃതമായ നിലയിൽ കാതോലിക്കാദിനം ആചരിക്കുന്നതിന് നിങ്ങൾ ഏവരും പ്രത്യേകം ശ്രദ്ധിക്കണം. പതിവനുസരിച്ചുള്ള എല്ലാ പരിപാടികളും, കേന്ദ്രനിർദ്ദേശപ്രകാരം നമ്മുടെ എല്ലാ പള്ളികളിലും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. അന്നേ ദിവസം രാവിലെ പള്ളികളിൽ കാതോലിക്കേറ്റ് പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണം. വി. കുർബ്ബാനയെ തുടർന്ന് പരിശുദ്ധ സഭയുടെ വിശ്വാസം, പാരമ്പര്യം, സ്വാതന്ത്ര്യം, നമ്മുടെ പൂർവ്വിക പിതാക്കന്മാരുടെ ധീരമായ നിലപാടുകൾ എന്നിവയെപ്പറ്റി വിശ്വാസികളെ പ്രബോധിപ്പിക്കണം. തുടർന്ന് സഭാദിന പ്രതിജ്ഞ എടുക്കണം. കാതോലിക്കാദിനാചരണം അങ്ങേയറ്റം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഇടവക ഭരണസമിതിയുടെ ആലോചനയോടെ വികാരിമാർ നേതൃത്വം നൽകണം.

പ്രിയ മക്കളെ, കാതോലിക്കാദിനത്തോടനുബന്ധിച്ചുള്ള ധനസമാഹരണം ഈ വർഷവും ക്രമീകരിച്ചിട്ടുണ്ട്. പരിശുദ്ധ സഭയുടെ വിവിധ ആവശ്യങ്ങൾക്കുള്ള പ്രധാന വരുമാന സ്രോതസ്സ് ഈ സംരംഭത്തിൽ നിന്നും ലഭിക്കുന്ന തുകയാണ്. പരിശുദ്ധ സഭയുടെ വിവിധ തലങ്ങളിലായി നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, നിർധനരുടെ ഉന്നമനത്തിനും, വൈദികരുടെയും ശുശ്രൂഷകരുടെയും ക്ഷേമത്തിനും, ആത്മീയ സംഘടനകളുടെ പുരോഗതിക്കും മറ്റുമായി നടത്തുന്ന പദ്ധതികൾക്ക് കൂടുതൽ തുക ആവശ്യമായിരിക്കുകയാണ്. 2016-17 വർഷത്തിൽ പത്ത് കോടി രൂപാ എങ്കിലും കാതോലിക്കാദിന പിരിവിലൂടെ ശേഖരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്.

കവറും ഫോൾഡറും എല്ലാ ഭവനങ്ങളിലും എത്തിക്കുകയും നിശ്ചിത തുകയോടുകൂടി യഥാസമയം കവർ തിരികെ വാങ്ങുകയും ചെയ്യണം. പ. സഭയുടെ അഭ്യുദയകാംക്ഷികളിൽനിന്നും, സഭാംഗങ്ങളായ വ്യാപാരി-വ്യവസായികൾ, ഉദ്യോഗസ്ഥർ മുതലായവരിൽനിന്നും സഭയ്ക്കുവേണ്ടി സംഭാവനകൾ സ്വീകരിക്കണം. കാതോലിക്കാദിനനിധി ശേഖരണത്തിൽ ഇടവക വികാരിമാർ പ്രത്യേകം താൽപര്യം പുലർത്തുകയും ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിക്കുകയും ചെയ്യണം. ഈ തുകയോടുകൂടി സഭാദിന കാണിക്കയും, റശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ അടച്ച് സഭയെ സഹായിക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ആവശ്യപ്പെടുന്നു. കാതോലിക്കാ ദിന കവറുകളോടൊപ്പം കേന്ദ്രത്തിൽ നിന്നും നൽകുന്ന ഫോറം വികാരിമാർ പൂരിപ്പിച്ച് നൽകേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തെ ടാർജറ്റും മാനദണ്ഡങ്ങളും തന്നെയാണ് ഈ വർഷവും പ. സഭ നിലനിർത്തിയിരിക്കുന്നത്. ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

ഉയിർപ്പിന്റെ വെളിച്ചം



Christ is Risen
EASTER : A New Exodus

ഉയിർപ്പ്:

യേശു ക്രൂശിൽ മരിച്ചു
കബറടക്കപ്പെട്ടു
ഉയിർത്തെഴുന്നേറ്റു
ഇന്നും ജീവിക്കുന്നു

‘

ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു... യേശു പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു. അവൻ കിടന്നസ്ഥലം വന്നു കാണ്മീൻ (മത്താ. 28:5-6).
യേശു ഉയിർത്തെഴുന്നേറ്റു. അവൻ ഇവിടെയില്ല അവനെ വെച്ച സ്ഥലം ഇതാ (മർക്കോ. 16:6)
യേശു ഇവിടെയില്ല. ഉയിർത്തെഴുന്നേറ്റിരിക്കുന്നു (ലൂക്കോ. 24:6)
ശീലകൾ കിടക്കുന്നതും യേശുവിന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ... വേറിട്ടു ഒരിടത്തു ചുരുട്ടിവെച്ചിരിക്കുന്നതും കണ്ടു (യോഹ. 20:7).
ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കൊരി. 15:14)

* * *

സഹോദരന്മാരേ! ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മശിഹാ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു. (ഉയിർപ്പിന്റെ പ്രഖ്യാപനം)

* * *

സത്യമായിട്ട് യേശു ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു. (ഉയിർപ്പിന്റെ പ്രതിവാക്യം)

ക്രിസ്തീയ വിശ്വാസ പ്രബോധനങ്ങളിൽ യേശുവിന്റെ ഉയിർപ്പിനുള്ള സ്ഥാനം അഗ്രഗണ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടിസ്ഥാനമാണിത്. *യേശു സത്യമായും ഉയിർത്തെഴുന്നേറ്റു* എന്നതാണ് സുവിശേഷങ്ങളിൽ മുഴങ്ങുന്ന അതിശക്തമായ ആഹ്വാനം. ഉയിർപ്പിന്റെ വെളിച്ചമാണ് ഒഴിഞ്ഞ കല്ലറയും യേശുവിന്റെ പ്രത്യക്ഷതയും. ഉയിർപ്പിന്റെ പ്രത്യക്ഷ വിവരണങ്ങളിൽ വെളിച്ചത്തിന്റെ സാന്നിദ്ധ്യം സജീവമാണ്. ഇത് ജീവന്റെയും പ്രത്യാശയുടെയും അടയാളവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമാണ്.

ക്രിസ്തീയ വിശ്വാസ പ്രബോധനങ്ങളിൽ യേശുവിന്റെ ഉയിർപ്പിനുള്ള സ്ഥാനം അഗ്രഗണ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടിസ്ഥാനമാണിത്. പുതിയ ജീവന്റെയും മഹത്ത്വീകരണത്തിന്റെയും അടിസ്ഥാനവും യേശുവിന്റെ ഉയിർപ്പാണ്. ആദിമസഭയുടെ പ്രബോധനങ്ങളിലും പുതിയ നിയമ ലേഖനങ്ങളിലും പ്രതിഫലിക്കുന്നത് യേശു ഉയിർത്തതിന്റെ കാഴ്ചപ്പാടാണ്. യേശുവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ പരസ്പരം ബന്ധിതമാണ്. ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു എന്നും (റോമ 4:25, 8:11, 10:9, 1 കൊരി. 6:14, 2 കൊരി. 4:14, ഗലാ. 1:1, 1 തെസ്സ. 1:10) തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൽ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നുമുള്ളത് (1 കൊരി. 15:4, 1 തെസ്സ 4:14, 1 പത്രോ. 3:18) വിശ്വാസ പ്രബോധനത്തിന്റെ മാർഗ്ഗരേഖയാണ്.

യേശു മരിക്കുകയും മൂന്നാം നാൾ ഉയിർക്കുകയും ചെയ്യുമെന്ന് മുൻകൂട്ടി പ്രവചിച്ചിരുന്നു (മർക്കോ 8:31, 9:31, 10:34). യോനായുടെ അടയാളവും (മത്താ 12:40) യറുശലേമിന്റെ പുനരുത്ഥാനവും (യോഹ. 2:19) വിത്തിൽ നിന്നുള്ള പുതുജീവനും (1 കൊരി 15:35-44) ഉയിർപ്പിന്റെ പ്രതീകങ്ങളാണ്. യേശുവിന്റെ ഉയിർപ്പിന്റെ ദീർഘ വിവരണങ്ങളും തെളിവുകളും സുവിശേഷങ്ങളിലുണ്ട്. ശൂന്യമായ കല്ലറയും (മത്താ 28:1-18, യോഹ. 20:1-10) ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷതയും (മത്താ 28:16-20, ലൂക്കോ 24:13-53, മർക്കോ 16:9-18) അഞ്ഞൂറിൽ അധികം സഹോദരന്മാർക്കു ഒരുമിച്ച് പ്രത്യക്ഷനായി എന്ന പൗലോസിന്റെ വ്യാഖ്യാനവും (1 കൊരി 15:5-6) ഉയിർപ്പിന്റെ നേർക്കാഴ്ചകളാണ്.

ക്രൂശിക്കപ്പെട്ട യേശുവിനെ സംസ്കരിക്കുന്നത് സ്ത്രീകൾ നേരിട്ട് കണ്ടതാണ് (മത്താ. 27:59-61, മർക്കോ15:47, ലൂക്കോ 23:55). യേശു ഉയിർക്കും എന്ന് യഹൂദർ ഭയന്നതിനാൽ കാവൽക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി (മത്താ. 27:62-66). സുഗന്ധ ദ്രവ്യങ്ങളുമായി യേശുവിന്റെ കല്ലറയ്ക്കൽ സ്ത്രീകൾ എത്തുമ്പോൾ (മർക്കോ 16:1, ലൂക്കോ 24:1), കല്ലറയുടെ വാതുക്കൽ വച്ച കല്ല് ‘മാറ്റപ്പെട്ടതായി’ കാണുന്നു. അവർ നോക്കിയപ്പോൾ കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു (മർക്കോ. 16:4) എന്നും കല്ലറയിൽ നിന്ന് കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു എന്നും (ലൂക്കോ 24:2) എഴുതിയിരിക്കുന്നു. എന്നാൽ മത്തായിയുടെ വിവരണ പ്രകാരം സ്ത്രീക

EDITORIAL

ളുടെ സാന്നിദ്ധ്യത്തിലാണ് ദൈവദൂതൻ കല്ല് ഉരുട്ടിനീക്കുന്നത് (മത്ത 28:2). ഉയിർപ്പിന്റെ സമയത്ത് ഭൂകമ്പവും ഉണ്ടായി (മത്താ. 28:2-4). വ്യത്യസ്ത സാഹചര്യങ്ങളിലും വീക്ഷണങ്ങളിലും സുവിശേഷ രചന നടന്നതിനാൽ ഇത്തരം വ്യത്യാസങ്ങൾ സ്വാഭാവികമെങ്കിലും ഉയിർപ്പിന്റെ അടിസ്ഥാനദർശനങ്ങൾക്ക് ഐക്യമുണ്ട്. യേശു ക്രൂശിതനായി, മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നും അതിന്റെ അടയാളമാണ് *ശൂന്യമായ കല്ലറ* എന്നും സുവിശേഷങ്ങൾ സാക്ഷിക്കുന്നു.

ഒഴിഞ്ഞ കല്ലറ ആദ്യമായി കണ്ടെത്തുന്നത് യേശുവിനെ പിൻതുടർന്ന സ്ത്രീകളാണ് (മത്താ 28:1-2, മർക്കോ. 16:4, ലൂക്കോ 24:2). യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള ദൃക്സാക്ഷി വിവരണങ്ങളിൽ മർക്കോസ്, *ബാല്യക്കാരൻ* എന്നും (16:5), ലൂക്കോസ്, *രണ്ട് പുരുഷന്മാർ* എന്നും (24:4) വിവരിക്കുമ്പോൾ യോഹന്നാൻ, *രണ്ട് ദൂതന്മാർ* (20:12) എന്നാണ് രേഖപ്പെടുത്തിയത്. പത്രോസും യോഹന്നാനും ഒഴിഞ്ഞ കല്ലറക്കുള്ളിൽ കടന്ന് കല്ലറ ശൂന്യമാണെന്ന് തിരിച്ചറിയുന്നു (യോഹ. 20:3-8). ശൂന്യമായ കല്ലറയ്ക്ക് എതിരെ വ്യഖ്യാനങ്ങൾ അക്കാലത്ത് പ്രചരിച്ചിരുന്നു. കാവൽക്കാർക്ക് പണം നൽകി പറയിച്ചതായിരുന്നു (മത്താ. 28:11-25) എന്നും കല്ലറയിൽ നിന്നും യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോയി (യോഹ. 20:13, 15) എന്നും സന്ദേഹിക്കുന്നുണ്ട്. എന്നാൽ ശൂന്യമായ കല്ലറയുടെ പ്രാധാന്യം പെന്തിക്കോസ്തിയിൽ പത്രോസ് സങ്കീർത്തനം (16:10-11) ഉദ്ധരിച്ച് സവിസ്തരം വ്യാഖ്യാനിക്കുന്നു (അപ്പോ. പ്രവൃ. 2:26-28).

പുതിയ നിയമ വിവരണങ്ങൾ പ്രകാരം യേശുവിന്റെ പന്ത്രണ്ടു പ്രത്യക്ഷത രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ പ്രധാനം യേശു ആദ്യം സ്ത്രീകൾക്കും (മത്ത 28:9-10) മഗ്ദലമറിയത്തിനും പ്രത്യക്ഷപ്പെട്ടതാണ് (യോഹ. 20:11-18). പത്രോസിനും (ലൂക്കോ 24:34, 1 കൊരി 15:5), യാക്കോബിനും (1 കൊരി 15:7) പൗലോസിനും (1 കൊരി. 15:8, അപ്പോ. 2:1-9, 22:6-16, 26:12-18) എമ്മാവൂസിലേക്കുപോയ രണ്ട് ശിഷ്യന്മാർക്കും (ലൂക്കോ 24:13-31) യേശു പ്രത്യക്ഷനായി. തോമാശ്ലീഹായുടെ അസാന്നിധ്യത്തിലും (യോഹ. 20:19-23), തോമാശ്ലീഹായുടെ സാന്നിധ്യത്തിലും യോഹ. 20:24-29) തിബേരിയോസിന്റെ തീരത്തുവച്ചും (യോഹ. 21:1-14) ഗലീലയിൽ വച്ചും (മത്താ. 28:16-21) യേശു ശിഷ്യർക്ക് പ്രത്യക്ഷനായി. എല്ലാ ശിഷ്യന്മാർക്കും (1 കൊരി. 15:7) അഞ്ഞൂറോളം സഹോദരന്മാർക്കും (1 കൊരി 15:6) യേശു പ്രത്യക്ഷപ്പെട്ടു എന്നാണ് പൗലോസിന്റെ സാക്ഷ്യം.

യേശുവിന്റെ പ്രത്യക്ഷതയുടെ സാംഖിയത അപ്രസക്തമാണ്. ഉയിർത്തെഴുന്നേറ്റ യേശു ഗലീലയിലും യറുശലേമിലും സമീപപ്രദേശങ്ങളിലും നിരവധി പ്രാവശ്യം പലർക്കും പ്രത്യക്ഷമായി എന്നും സുവിശേഷ വിവരണങ്ങളിൽ നിന്നും (ലൂക്കോ. 24:34,36) വ്യക്തമാണ്. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ മൊഴികളും പ്രവർത്തനങ്ങളും സുവിശേഷങ്ങളിൽ ഉണ്ട്. ആദിമസഭയിലെ ഉയിർപ്പിന്റെ ഏറ്റവും പ്രാചീന രേഖയാണ് പൗലോസിന്റെ സാക്ഷ്യം (1 കൊരി. 15:3-8, 14-15). മരിച്ചവരിൽ നിന്ന് ഉയിർക്കുക എന്നതിന്റെ അർത്ഥം അന്വേഷിച്ച ശിഷ്യർക്ക് (മർക്കോ 9:9-10) ലഭിക്കുന്ന അർത്ഥപൂർണ്ണമായ കാഴ്ചയാണ് യേശുവിന്റെ ഉയിർപ്പ്.

യേശുവിനെ 'കർത്താവ്' എന്ന് വിശേഷിപ്പിക്കുന്നത് ഉയിർപ്പിന്റെ അടിസ്ഥാനത്തിലാണ് (റോമ. 10:9, 14:9, എഫേ. 1:17, ഫിലി. 2:11). ദൈവം അഥവാ യഹോവ എന്നർത്ഥമുള്ള *അദോനായ്* എന്ന എബ്രായ പദത്തിന്റെ ഗ്രീക്ക് പരിഭാഷയാണ് കർത്താവ് എന്നർത്ഥമുള്ള *കുറിയോസ്*. യേശു കർത്താവും ദൈവവും എന്നത് ആദിമ സഭയുടെ വിശ്വാസ പ്രഖ്യാപനമാണ് (അപ്പോ. 7:59-60, 1 കൊരി. 16:22). പൗലോസിന്റെ ലേഖനങ്ങളുടെ കേന്ദ്രസ്ഥാനവും 'കർത്താവായ യേശുവാണ്'. സുവിശേഷങ്ങളിൽ യേശുവിന് 'കർത്താവ്' എന്ന സാക്ഷ്യം നൽകുന്നത് തോമാ ശ്ലീഹായാണ്. 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നാണ് (യോഹ 20:28) വിശ്വാസ പ്രഖ്യാപനം. ഉയിർത്തെഴുന്നേറ്റ ദൈവമായ കർത്താവിൽ ഞാൻ വിശ്വസിക്കുന്നു എന്നർത്ഥം. ഇത് ക്രിസ്തുവിശ്വാസത്തിന്റെ അടിത്തറയാണ്.

ആദിമ സഭ ആരാധന നടത്തിയത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ചയാണ് (1 കൊരി. 16:2, അപ്പോ. 20:7, വെളി. 1:10). യേശുവിന്റെ മരണശേഷമുള്ള മൂന്നാം നാളാണിത് (1 കൊരി. 15:4). ഉയിർപ്പിന്റെയും ജീവന്റെയും ദിവസം *മൂന്നാം നാൾ* എന്ന് ഹോശായ പ്രവചിച്ചിട്ടുണ്ട് (6:2). ശൂന്യമായ കല്ലറയെയും (മത്താ. 28:1-8, മർക്കോ. 16:1-8, ലൂക്കോ. 24:1-12, യോഹ. 20:1-10) ഉയിർത്തെഴുന്നേറ്റ യേശുവിനെയും ശിഷ്യർ ആദ്യം നേരിൽ കണ്ടതും *മൂന്നാംനാൾ* ആണ്. ക്രിസ്തു സാന്നിദ്ധ്യത്തിന്റെ വഴിത്തിരിവാണിത്. യേശുവിന്റെ പ്രത്യക്ഷതയെക്കുറിച്ച് സുവിശേഷങ്ങളിലും അപ്പോസ്തോല പ്രവൃത്തികളിൽ ലൂക്കോസും (9:3-9, 22:3-21, 26:1-23) പൗലോസ് ശ്ലീഹായും ദീർഘമായി സാക്ഷിക്കുന്നു (1 കൊരി. 15:4-9, 9:1, 2 കൊരി. 4:4-6, ഗല. 1:12-16, ഫിലി. 3:8-12). ഉയിർക്കപ്പെട്ട ക്രിസ്തു ശരീരത്തിൽ ഭൗതിക പരിമിതികൾ ഇല്ലായെന്നും പൗലോസ് പ്രഖ്യാപിക്കുന്നു (1 കൊരി. 15:20,44-49). ഉയിർപ്പ് നന്മയിലേക്കുള്ള പുറപ്പാടാണ്. കുരിശു വഹിച്ച് സകല തിന്മകളിൽ നിന്നും ഇരുളിൽ നിന്നും വിമോചനം നേടുന്നതാണ് ഉയിർപ്പിന്റെ വെളിച്ചം.

“ കുരിശും സഹനവും ഉയിർപ്പും ക്രിസ്തീയ ജീവിതത്തിൽ പ്രകാശം പകരുന്ന അനുഭവമാണ്. അസഹിഷ്ണുത സൃഷ്ടിക്കുന്നിടത്ത് ശാന്തിയും സ്നേഹവും നീതിയും പങ്കിടുന്ന ഉയിർപ്പിന്റെ മഹത്വം ജീവിതത്തിൽ വെളിച്ചം പകരണം. ”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

EASTER

ഉയിർപ്പു പെരുന്നാളിന്റെ ശുശ്രൂഷയിൽ വിശ്വാസികൾ ഏറ്റുപറയുന്ന പ്രഖ്യാപനമാണ് "അവൻ സത്യമായി ഉയിർത്തെഴുന്നേറ്റു എന്നു പറയുന്നത്" അവൻ സത്യമയി ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിക്കുന്നുന്നു. ഈ പ്രഖ്യാപന വിശ്വാസം ജീവിതത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നുണ്ടോ എന്നതാണ് പ്രധാന പ്രശ്നം. മദർ തെരേസ ഒരിക്കൽ പറഞ്ഞു: "എന്റെ മുമ്പിലും എന്റെ പിമ്പിലും എന്റെ വലത്തും എന്റെ ഇടത്തും യേശു നിൽക്കുന്നതുകൊണ്ട് തിന്മയായ കാര്യങ്ങൾ പറയുവാനും പ്രവർത്തിപ്പാനും എനിക്കു സാധിക്കയില്ല." ക്രിസ്തീയ ജീവിതം ഉയിർത്തെഴുന്നേറ്റ് ഇന്നും നമ്മോടുകൂടെയായിരിക്കുന്ന ക്രിസ്തു സാന്നിദ്ധ്യത്തെ തിരിച്ചറിയുന്ന ജീവിതമാകണം. അപ്പോഴേ ജീവിതം സാക്ഷ്യപൂർണ്ണമാകൂ. അവൻ നമ്മിലും നാം അവനിലുമാകുന്ന ജീവിതം.

ഇവിടെ ഉയരുന്ന ചോദ്യം ക്രിസ്തു വാസ്തവമായും ഉയിർത്തെഴുന്നേറ്റോ എന്നതാണ്. മരണത്തെ ജയിച്ച് യേശു ഉയിർത്തെഴുന്നേറ്റു എന്നത് ചരിത്രത്തിലെ ഏകവും അദ്വിതീയവുമായ സംഭവമാണ്. ഒഴിഞ്ഞ കല്ലറ (മത്താ. 28:6, മർക്കോ. 16:6, ലൂക്കോ. 24:6) ഉയിർപ്പിനെക്കുറിച്ചുള്ള കർത്താവിന്റെ മുൻകൂട്ടിയുള്ള അറിയിപ്പ് (മത്താ. 16:21, ലൂക്കോ. 24:7), മഗ്ദലന മറിയയ്ക്ക് ആദ്യം പ്രത്യക്ഷമായത് (യോഹ. 20:16), ശിഷ്യസമൂഹത്തിന് പല പ്രാവശ്യം പ്രത്യക്ഷമായത് (ലൂക്കോ. 24:39, യോന. 20:19-20 ഉം 26-29, യോഹ. 21:1-4), മറ്റ് അനേകർക്ക് പ്രത്യക്ഷമായത് (മർക്കോ. 16:12, യോഹ. 20:16) കൂടാതെ അപ്പോസ്തോലരുടെ വിശ്വസനീയമായ അനുഭവ സാക്ഷ്യം യേശുവിന്റെ ക്രൂശീകരണത്തിനു ശേഷം ഭയത്തോടും ആകുലതയോടും കഴിഞ്ഞ ശിഷ്യഗണം ഉയിർപ്പിനുശേഷം കർത്താവിനെ പല തവണ ദർശിച്ചു ശക്തരായപ്പോൾ അവർക്കുണ്ടായ അസാധാരണ ധൈര്യവും പീഢനങ്ങൾ ഏല്ക്കാനും രക്തസാക്ഷികളാകാനുമുള്ള ശക്തമായ സന്നദ്ധത, ക്രിസ്തീയ സഭയുടെ അനുസ്യൂതമായ വളർച്ചയും നിലനില്പും, ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായ സഹദേന്മാർ, ക്രിസ്തു ദർശനം ലഭിച്ച പരിശുദ്ധന്മാരായവർ ഇവയെല്ലാം തന്നെ ക്രിസ്തുവിന്റെ ഉയിർപ്പിനെ ഉറപ്പിക്കുന്ന അനിഷേധ്യമായ ചരിത്ര സത്യങ്ങളാണ്.

ഈ ചരിത്ര സത്യമായ ഉയിർപ്പ് എന്ത് അർത്ഥമാക്കുന്നു എന്നുകൂടി നോക്കാം.

യേശു ക്രിസ്തു ദൈവപുത്രനാകുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ്. പൗലോസ് ശ്ലീഹാ പറയുന്നു, "ജഡം ധരിച്ച് ദാവീദിന്റെ സന്തതയിൽ നിന്ന് ജനിക്കുകയും മരിച്ച് ഉയിർത്തെഴുന്നേൽക്കുകയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (റോമ. 1:5). തന്റെ ഈ ലോക ജീവിതത്തിലെല്ലാം താൻ ദൈവപുത്രനാണെന്ന് ആധികാരികതയോടെ അവകാശപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് മതനേതാക്കൾ യേശുവിനെ കൊല്ലുവാൻ തുനിഞ്ഞത്. (യോഹ. 8:31-59). ക്രൂശിതനായി ക്രിസ്തുവിനെ നിരീക്ഷിച്ചിരുന്ന ശതാധിപൻ അർത്ഥപൂർണ്ണമായി പ്രഖ്യാപിച്ചു". "ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു സത്യം (യോഹ. 15:39) 'ആദ്യഫലമായി' (1 കൊരി.

അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു

■ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ

> നാം കൽപ്പിക്കുന്ന പരിധികൾക്കൊക്കെ അപ്പുറമാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പും ക്രിസ്തു സ്വാതന്ത്ര്യവും നിലനിൽക്കുന്നത്.

15:23) ക്രിസ്തു ഉയിർത്തെഴുന്നേൽക്കുകയാൽ ക്രിസ്തു മൂലം തനിക്കുള്ള സകലരും ഉയിർത്തെഴുന്നേൽക്കുമെന്ന വലിയ പ്രത്യാശ നമുക്കുണ്ട്.

ക്രിസ്തുവിന്റെ ഉയിർപ്പ് പാപത്തിന്റെ വിടുതൽ നമുക്ക് ഉറപ്പു നൽകുന്നു. "ക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു" (1 കൊരി. 15:17) അപ്പോ. 2:38, 22:16 കാണുക) എന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നു. പാപം ക്ഷമിക്കാനുള്ള ക്രിസ്തുവിന്റെ ശക്തിയുടെ തെളിവാണ് ഉയിർപ്പ്. മനുഷ്യകുലത്തിന്റെ മുഴുവനും പാപപരിഹാരത്തിനായി നിർദോഷ യാഗകുഞ്ഞാടായ ക്രിസ്തു മരിക്കണമെന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു. അതിനാലാണ് യോഹന്നാൻ മാംദാന ക്രിസ്തുവിനെ ചൂണ്ടിക്കാട്ടി പറഞ്ഞത്. "ഇതാ, ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29; 1 കൊരി. 5:7, എബ്ര. 9:11-14, 1 പത്രോ. 1:18-20, 2:21-25).

ഭൗതീകമരണം മനുഷ്യ അസ്തിത്വത്തിന്റെ ഇല്ലായ്മയല്ല എന്നു ക്രിസ്തുവിന്റെ ഉയിർപ്പ് ഉറപ്പു നൽകുന്നു. മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുകയല്ല. ആത്മീക ശരീരം തുടർന്നും സജീവമായി നിലനിന്ന് പൂർണ്ണതയിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. "പ്രാകൃത ശരീരം വിതയ്ക്കപ്പെടുന്നു. ആത്മീകശരീരം ഉയിർക്കുന്നു.... നാം മണ്ണ് കൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും (1 കൊരി. 15:44,49). "മരിച്ചവരുടെ പുനരുത്ഥാനമില്ലെങ്കിൽ ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല" (1 കൊരി. 15:13). മരണത്തോടുകൂടി സർവ്വതും സമാപ്തമാകയില്ല എന്ന വലിയ സന്ദേശമാണ് കർത്താവിന്റെ ഉയിർപ്പ് നമുക്ക് ഉറപ്പു നൽകുന്നത്.

കർത്താവിന്റെ ഉയിർപ്പ് സകല തിന്മകൾക്കും മരണത്തിനും സാത്താനുമെതിരെയുള്ള ആത്യന്തിക വിജയത്തിന്റെ ഉറപ്പ് നൽകുന്നു. മനുഷ്യൻ പാപത്തിനും സാത്താനും മരണത്തിനും അടിമയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ ഈ അടിമത്വത്തിൽ നിന്നും നമുക്ക് രക്ഷാവാതിൽ തുറന്നുതന്നു. "ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ" എന്നു ഭയരഹിതമായി ധൈര്യത്തോടെ ചോദിക്കാനുള്ള ശക്തി ലഭിച്ചിരുന്നു. മരണാതീതമായ മഹത്വീകരണത്തിനു ക്രിസ്തു വിശ്വാസി ഉയർത്തപ്പെട്ടിരിക്കുന്നു. വിശുദ്ധന്മാർ കർത്താവിന്റെ ഉയിർപ്പിൽ ജീവന്റെ പ്രതീകങ്ങളായിരുന്നു. നാം ജീവിക്കുന്നുവെങ്കിലും മരിക്കുന്നുവെങ്കിലും ഉയിർത്തെഴുന്നേറ്റ് ഇന്നും നമ്മോടൊപ്പമുള്ള യേശുവിനായി ജീവിച്ച് അവനെ പ്രസാദിപ്പിച്ച് ഉയിർപ്പിൻ ജീവന്റെ സാക്ഷ്യപത്രങ്ങളായി ലോകത്ത് ശോഭിക്കാൻ കഴിയുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുമ്പോഴാണ് "അവൻ സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന പ്രഖ്യാപനം അർത്ഥപൂർണ്ണമാകുന്നത്.

ക്രിസ്തുവിനെ നാം നമ്മുടെ ആസക്തികളിലും ജഢങ്ങളിലും തളച്ചിടാനാണ് ശ്രമിക്കുന്നത് നമ്മുടെ ധനത്തിന്റെയും ഭൗതീക നേട്ടങ്ങളുടെയും കാവൽക്കാരനായാണ് കാണുന്നത് എന്നിട്ട് അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന് എങ്ങനെ പറയാൻ കഴിയുന്നു എന്ന് ആലോചിക്കണം. നാം കൽപ്പിക്കുന്ന പരിധികൾ ക്കൊക്കെ അപ്പുറമാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പും ക്രിസ്തു സ്വാതന്ത്ര്യവും നിലനിൽക്കുന്നത്. ക്രിസ്തു ഉപേക്ഷിച്ച ഭൗതിക ലോകത്തിന്റെ ആടയാഭരണങ്ങൾ ഇന്നും ക്രിസ്തുവിന് ചാർത്തിക്കൊടുക്കുന്നതിലാണ് നാം മിടുക്ക് കാണിക്കുന്നത് അങ്ങനെ ചെയ്തെങ്കിൽ മാത്രമേ നമുക്ക് നമ്മുടെ ഭൗതീക ജീവിതത്തിൽ അങ്ങനെയുള്ള ആടയാഭരണങ്ങൾ അണിഞ്ഞ് മനസാക്ഷിക്കുത്തില്ലാതെ ജീവിക്കാൻ കഴിയൂ. ക്രിസ്തു ഉയിർത്തെഴുന്നേറ്റത് ഭൗതീകമായ സർവ്വബന്ധങ്ങളെയും ഭേദിച്ച് കൊണ്ടാണ് നാം ഈ ബന്ധനങ്ങളിലെല്ലാം കുടുങ്ങിക്കിടന്ന് കൊണ്ടാണ് അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന് പ്രഖ്യാപിച്ച് കൊണ്ടിരിക്കുന്നത്. ഈ ഉയിർപ്പ് പെരുന്നാളിൽ നമ്മുടെ മനസാക്ഷിയെക്കൂടെ പവിത്രീകരിച്ച് കൊണ്ട് വേണം നാം ഈ പ്രഖ്യാപനത്തിലേക്ക് കടന്ന് പോകാൻ. അവൻ ഉയിർത്തെഴുന്നേറ്റു എന്ന് പ്രഖ്യാപിക്കുമ്പോൾ നാം പാപങ്ങളിൽ, ആസക്തികളിൽ, ജഢീകതകളിൽ ഒക്കെ അഥവാ അവനിലൂടെ ലോകത്തിൽ മരിക്കപ്പെടുകയും അവനിലൂടെ നമ്മുടെ ആത്മാവും നമ്മുടെ ജീവിതവും നിരന്തരം വിശുദ്ധീകരിക്കപ്പെട്ട് ഉയിർക്കപ്പെടണം. അവൻ ഉയിർത്തെഴുന്നറ്റു എന്ന തിരിച്ചറിവും നാം നിരന്തരം ഉയിർക്കപ്പെടണം എന്ന തിരിച്ചറിവും സമന്വയിച്ച് വേണം ഈ പ്രഖ്യാപനം നടത്താൻ അല്ലാതെ അധര വ്യായാമമാകരുത്. ■

ഉത്തമ സ്ഥാനാർത്ഥികളെ കണ്ടെത്തണം

കോട്ടയം:- പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമന ഹാളിൽ നടക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച പ്രമേയം

"ജനാധിപത്യ മൂല്യങ്ങളെ ആദരിച്ചുകൊണ്ടും മതേതരത്വം, സാമൂഹ്യനീതി, സഹിഷ്ണുത എന്നിവ മുറുകെ പിടിച്ചുകൊണ്ടും അഴിമതിരഹിതവും അക്രമരഹിതവുമായ സമൂഹസൃഷ്ടിക്കായി പ്രവർത്തിക്കാൻ സന്നദ്ധരായ സ്ഥാനാർത്ഥികളാണ് അടുത്തു വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിക്കേണ്ടത് എന്നാണ് മലങ്കര ഓർത്തഡോക്സ് സഭ ആഗ്രഹിക്കുന്നത്. ഇത്തരം സ്ഥാനാർത്ഥികളെ കണ്ടെത്താനും തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കാനും കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കുമെന്നാണ് സഭ പ്രതീക്ഷിക്കുന്നത്. കേരളത്തിലെ പ്രബുദ്ധതയുള്ള സമ്മതിദായകർ ഈ വഴിക്ക് ബുദ്ധിപൂർവ്വം ചിന്തിച്ച് പ്രവർത്തിക്കുമെന്ന് സഭയ്ക്ക് ഉറപ്പുണ്ട്."

ദുഃഖ വെള്ളിയാഴ്ച പ്രഭാഷണം

കാൽവറിയിലെ അതിജീവന മന്ത്രം

ഫാ. ഡോ. എബ്രഹാം ഉമ്മൻ

മുഖവുര

മനുഷ്യസമൂഹം എക്കാലവും നേരിടുന്ന സമസ്യയാണ് ജീവതത്തിൽ കഷ്ടപ്പാടുകൾ എല്ലാ മനുഷ്യരും ലോകത്തിലേക്ക് പിറന്ന് വീഴുന്നത് ഒരു മാതാവിന്റെ സഹനത്തോടു കൂടിയാണ്. ജീവിതം തുടരുമ്പോൾ ചെറുതും വലുതുമായ അനവധി കഷ്ടപ്പാടുകളിലൂടെ മനുഷ്യൻ കടന്നുപോകുന്നു. വിശുദ്ധ വേദപുസ്തകത്തിൽ നാം വായിക്കുന്നതുപോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിക്കുന്നു. ഈ കഷ്ടതകളുടെ അന്ത്യം, ഈ സമസ്യയുടെ ഉത്തരം നാം കാണുന്നത് കാൽവരിയിലെ ക്രൂശിലാണ്. എന്നാൽ പലരും വിചാരിക്കുന്നതുപോലെ ക്രൂശിതനായ കർത്താവ് തന്റെ മരണത്തിലൂടെ കഷ്ടത ഭൂമുഖത്ത് നിന്ന് തുടച്ച് നീക്കുക ആയിരുന്നില്ല. മറിച്ച് കഷ്ടതയെ അതിജീവിക്കുവാനുള്ള മാർഗ്ഗം നമുക്ക് കാട്ടിത്തരുകയായിരുന്നു. തന്റെ കൂടെയുള്ള സഹവാസം ആണ്, തന്റെ സാന്നിദ്ധ്യമാണ് കഷ്ടതയാകുന്ന നരകത്തെ പറുദീസയാക്കി മാറ്റുന്നത്. ഈ അനുഭവം കാൽവരിയിൽ തന്നെ നാം കാണുന്നു. വലതുഭാഗത്തെ കള്ളനിലൂടെ കാൽവരിയിലെ പരിപാവനമായ മണ്ണിൽ ചവിട്ടി നിൽക്കുമ്പോൾ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് നടുവിലത്തെ ക്രൂശിലാണ്, നമ്മുടെ രക്ഷകന്റെ ക്രൂശിൽ. എന്നാൽ ഇരുവശത്തേയും ക്രൂശുകൾ കൂടി ശ്രദ്ധിക്കേണ്ടതാണ്. ഈ രണ്ടു കള്ളന്മാരുടേയും മനോഭാവങ്ങൾ കഷ്ടതയോടുള്ള നമ്മുടെ രണ്ട് മനോഭാവങ്ങളെയാണ് സൂചിപ്പിക്കുന്നത്.

വേദഭാഗവിശകലനം

(മത്തായി 27:38-44, മർക്കോസ് 15:27-32, ലൂക്കോസ് 23:33-34, യോഹന്നാൻ 19-32)

നാലു സുവിശേഷങ്ങളിലും കർത്താവിന്റെ വലതുവശത്തായി ക്രൂശിക്കപ്പെട്ട രണ്ടു വ്യക്തികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ വി.ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമാണ് ഇവർ തമ്മിലുള്ള സംവാദം പൂർണ്ണരൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. (ലൂക്കോസ് 23, 33-43) മറ്റു സുവിശേഷങ്ങളിൽ കാൽവരിയിലുണ്ടായിരുന്ന യഹൂദ നേതാക്കന്മാരും പുരുഷാരവുമാണ് യേശുവിന്റെ നേരെ പരിഹാസം തൊടുത്തുവിടുന്നത്. അത് സഹക്രൂശിതരും ഏറ്റു പറയുന്നതേയുള്ളൂ. അതുപോലെ ആദ്യത്തെ രണ്ടു സുവിശേഷകന്മാർ മാത്രമാണ് ഇവരെക്കുറിച്ച് "കള്ളന്മാർ" എന്നു പറയുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇവരെ "ദുഷ്പ്രവർത്തിക്കാർ" (Evil doers or criminal) എന്നാണ് പരാമർശിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ "വേറെ രണ്ട് ആളുകൾ" എന്നേ കാണുന്നുള്ളൂ. പാരമ്പര്യമായി നാം വിശ്വസിച്ചുപോരുന്നത് ഇടതുഭാഗത്തെ കള്ളനാണ് കർത്താവിനെ പരിഹസിച്ചത് എന്നും വലതുഭാഗത്തെ കള്ളനാണ് കർത്താവിനോട് പ്രാർത്ഥിച്ചതും അവനാണ് കർത്താവ് പറുദീസ വാഗ്ദാനം ചെയ്തതും എന്നാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ പോലും



ഗുരുരത്നം



കോട്ടയം:- പ്രശസ്ത പുതിയ നിയമ പണ്ഡിതനും പ്രഭാഷകനും എഴുത്തുകാരനുമായ ഫാ.ഡോ. റ്റി. ജെ. ജോഷ്വായ്ക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ഗുരുരത്നം ബഹുമതി.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയ പ്രകാരം പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഫെബ്രുവരി 27-ന് പഴയ സെമിനാരിയിൽ വച്ച് ഗുരുരത്നം ബഹുമതി നൽകി ആദരിച്ചു.

60 വർഷത്തോളം വൈദിക സെമിനാരി പ്രൊഫസർ 14 വർഷം സൺഡേസ്ക്കൂൾ ഡയറക്ടർ ജനറൽ 5 വർഷം യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറി രണ്ടു പ്രാവശ്യം വീതം സഭാ മാനേജിംഗ് കമ്മിറ്റി അംഗം, വർക്കിംഗ് കമ്മറ്റി അംഗം ബിഷപ്സ് തെരഞ്ഞെടുപ്പ് സ്ക്രീനിംഗ് കമ്മറ്റി അംഗം, പ. കാതോലിക്കാ ബാവായുടെ ആലോചനാ സമിതി അംഗം

എന്നീ നിലകളിൽ പ്രവർത്തിച്ചു.

25 വർഷമായി മലയാള മനോരമയിൽ മുടങ്ങാതെ ഇന്നത്തെ ചിന്താവിഷയം എഴുതുന്നു.

റേഡിയോ ടെലിവിഷൻ ചാനലുകളിൽ ബൈബിൾ പ്രഭാഷണം നടത്തുന്ന ഫാ. ഡോ. റ്റി. ജെ. ജോഷ്വ ഇംഗ്ലീഷിലും മലയാളത്തിലുമായി 60–ൽ പരം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോന്നി തേക്കിനേത്ത് ജോണിന്റെയും റേച്ചലിന്റെയും മൂന്നാമത്തെ മകനായി 1929–ൽ ജനിച്ചു. കോട്ടയം സി.എം.എസ്. കോളജ് ആലുവാ യു. സി. കോളജ്, കൽക്കട്ട ബിഷപ്സ് കോളജ് ന്യൂയോർക്കിലെ യൂണിയൻ സെമിനാരി എന്നിവിടങ്ങളിൽ പഠിച്ച് ബി.എ., ബി.ഡി., എസ്.ടി.എം ബിരുദങ്ങൾ കരസ്ഥമാക്കി. സെറാമ്പൂർ സർവ്വകലാശാലയിൽ നിന്നും ഡോക്ട്രേറ്റ് ലഭിച്ചു.

ഓർത്തഡോക്സ് സെമിനാരിയിൽ വൈസ് പ്രിൻസിപ്പാളും ആക്ടിങ് പ്രിൻസിപ്പാളും ആയിരുന്നു.

ഫാ. ഡോ. ടി. ജെ. ജോഷ്വായെ മലങ്കരസഭാ ഗുരുരത്നം എന്ന ബഹുമതി നൽകി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുമോദിക്കുന്നു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, സഖറിയാസ് മാർ അന്തോണിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ സമീപം.

കാതോലിക്കേറ്റ് അവാർഡ് ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുള്ള ഫാ. ഡോ. റ്റി. ജെ. ജോഷ്വാ ഗുരുക്കന്മാരുടെ ഗുരുവെന്നും അറിയപ്പെടുന്നു. *സഹധർമ്മിണി:* പരേതയായ ഡോ. മറിയാമ്മ ജോഷ്വ. *മക്കൾ:* ഡോ. റോയി ജോഷ്വ, ഡോ. രേണു ജോളി.

ഈ രണ്ടുപേരെയും ഇതുപോലെ ഇടത്തും വലത്തും എന്ന് പരാമർശിക്കുന്നില്ല.

രണ്ടു കള്ളന്മാരും വാസ്തവത്തിൽ മോഷ്ടാക്കൾ മാത്രമായിരുന്നുവെന്ന് നാം കരുതേണ്ട ആവശ്യമില്ല. വി. ലൂക്കോസ് പറയുന്നതുപോലെ അവർ സമൂഹത്തിന് എതിരായി പ്രവർത്തിച്ചിരുന്ന പല കുറ്റകൃത്യങ്ങളിലും ഏർപ്പെട്ടിരുന്ന കുറ്റവാളികൾ ആയിരിക്കണം. കാരണം അതുപോലെയുള്ള ഒരാളെയാണ് പിലാത്തോസ് യേശുവിന് പകരം വിട്ടത് - ബറബ്ബാസ്. അക്കാലത്ത് റോമൻ ആധിപത്യത്തിനെതിരായി പരസ്യമായും രഹസ്യമായും പ്രവർത്തിച്ചിരുന്ന യഹൂദ സംഘങ്ങൾ ഉണ്ടായിരുന്നു. യേശുക്രിസ്തുവും ശിഷ്യന്മാരും അതുപോലെയുള്ള ഒരു സംഘമായി ചിലർ ചിന്തിച്ചുകാണും. കർത്താവിനെ ക്രൂശിക്കുവാനായി യഹൂദന്മാർക്ക് പീലാത്തോസിന്റെ മുൻപാകെ ചൂണ്ടിക്കാണിക്കുവാൻ തക്കതായ കുറ്റങ്ങൾ ഒന്നുമില്ലാതിരുന്നപ്പോൾ അവർ അവലംബിച്ചത് ഇതുപോലെയുള്ള ഒരു രാഷ്ട്രീയ കുറ്റമായിരുന്നു. അതായത് റോമൻ കൈസറിനെതിരായി താൻ പ്രവർത്തിച്ചുവെന്നും ജനത്തെ കലഹിപ്പിക്കുന്നുവെന്നും താൻ മശിഹാ എന്ന *യഹൂദന്മാരുടെ രാജാവ്* ആണെന്നും അവർ ആരോപിച്ചു. ഇതു കേട്ടപ്പോൾ പീലാത്തോസിന് യേശുവിനെ ക്രൂശിപ്പാൻ വിധിക്കയല്ലാതെ വേറെ മാർഗ്ഗം ഇല്ലായിരുന്നു. യേശു നിർദ്ദോഷിയാണെന്ന് വ്യക്തമായ ബോധ്യം ഉണ്ടായിട്ടും യഹൂദന്മാരെ പേടിച്ച് അവരുടെ ഇഷ്ടം അനുസരിച്ച് യേശുവിനെ ക്രൂശിപ്പാനായി വിട്ടുകൊടുത്തു. യേശുവിൽ കുറ്റം പിലാത്തോസ് എഴുതിവെച്ചതും ഇതായിരുന്നു.

സന്ദേശം

1. കഷ്ടതയോടുള്ള നിഷേധാത്മക സമീപനം അഥവാ ഇടത്തുഭാഗത്തെ കള്ളന്റെ മനോഭാവം

നമ്മുടെ പലരുടേയും വാക്താവായിട്ടാണ് നമുക്ക് ഇടത്തുഭാഗത്തെ കള്ളനെ കാണാൻ കഴിയുന്നത്. സുവിശേഷകന്മാർ യെശയ്യാ പ്രവചനത്തിന്റെ പൂർത്തീകരണമായിട്ടാണ് കുറ്റവാളികളോടുകൂടെയുള്ള യേശുവിന്റെ മരണത്തെ കണ്ടത്. യെശയ്യാവ് 53:12. ഇടത്തുഭാഗത്തെ കള്ളൻ യേശുവിനെ പരിഹസിച്ചുകൊണ്ട് പറയുന്നത് "നീ യഥാർത്ഥത്തിൽ മിശിഹാ ആണെങ്കിൽ സ്വയം രക്ഷിക്കുക, ഞങ്ങളെയും രക്ഷിക്കുക" എന്നാണല്ലോ. എങ്ങനെയെങ്കിലും ആ കഷ്ടപ്പാടുകളിൽ നിന്നും ആസന്നമായ മരണത്തിൽ നിന്നും രക്ഷപെട്ട് അവന്റെ പഴയ ജീവിതത്തിലേക്കു തിരിച്ചുപോകാനുള്ള വ്യഗ്രതയാണ് അവന്റെ ഉള്ളിൽ. അതിനുള്ള ഉപാധിയായിട്ടാണ് അവൻ യേശുവിനെ കാണുന്നത്. ഈ കഷ്ടപ്പാടുകളിൽ നിന്ന് രക്ഷപെട്ട് ഭൂമിയിൽ തന്നെ പറുദീസ അനുഭവിക്കുവാനാണ് അവന്റെ ആഗ്രഹം. കഷ്ടപ്പാടുകൾ വരുമ്പോൾ നമ്മിൽ പലരും ഇതുപോലെയുള്ള ഒരു മനോഭാവം സ്വീകരിക്കുന്നവരാണ്. തങ്ങൾ അർഹിക്കാത്ത ഒരു ശിക്ഷയാണ് തങ്ങൾക്ക് ലഭിച്ചതെന്നും ഏതു മാർഗ്ഗം ഉപയോഗിച്ചും, അതു പ്രാർത്ഥനയാകാം, ചികിത്സയാകാം, മന്ത്രവാദമാകാം. ഈ വൈതരണിയിൽ നിന്നും രക്ഷപെട്ട് തങ്ങളുടെ ജീവിതം ആസ്വദിക്കണമെന്നും ഉള്ള ആഗ്രഹം മാത്രം. ഈ അവസരത്തിൽ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ലെങ്കിൽ അവനെ ഉപേക്ഷിക്കുവാനും അവനോട് ദേഷ്യപ്പെടുവാനും മറ്റുള്ളവരെ തങ്ങളുടെ അവസ്ഥക്കു പഴിചാരുവാനും ഒക്കെയും ശ്രമിക്കും. ഒരു പക്ഷേ നമ്മുടെ ചുറ്റുമുള്ള ആളുകൾ നമ്മെക്കുറിച്ചു പറയുന്ന അഭിപ്രായങ്ങൾ നാമും യാതൊരു ആലോചനയും കൂടാതെ ഏറ്റുപറയുകയും ചെയ്യും. സുവിശേഷകന്മാരും ഇത് സൂചിപ്പിക്കുന്നുണ്ട്. യഹൂദ മതപ്രമാണികളും പുരുഷാരവും ക്രൂശിതനെ പരിഹസിച്ചുവെന്നും ശകാരിച്ചുവെന്നും അവനോടുകൂടെ ക്രൂശിക്കപ്പെട്ടവരും അതേറ്റു പറഞ്ഞുവെന്നും സുവിശേഷങ്ങളിൽ നാം വായിക്കുന്നു. കഷ്ടപ്പാടുകളോടുള്ള നിഷേധാത്മകമായ സമീപനമാണിത്.

2. കഷ്ടപ്പാടുകളോടുള്ള ക്രിയാത്മകമായ സമീപനം അഥവാ വലത്തുഭാഗത്തെ കള്ളന്റെ മനോഭാവം

വലത്തുഭാഗത്തെ കള്ളൻ തന്റെ ക്രൂശിനെ ഒരു ശാപമായിട്ടോ ദുരന്തപര്യവസായിയായ നാടകമായോ കാണു

> **ക്രൂശാരോഹണ സമയത്തും അതിനുശേഷവും യേശുവിനോട് ചേർന്നുനിൽക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് വലത്തുഭാഗത്തെ കള്ളന് പറുദീസയുടെ അനുഭവം ലഭിക്കുന്നത്.**

ന്നില്ല. അവന്റെ വാക്കുകളിൽ നിന്ന് മൂന്ന് കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. ഒന്ന്, ക്രൂശിനെ അവൻ സ്വീകരിക്കുന്നു. രണ്ട്, മാനസാന്തരത്തിലേക്കും ശുദ്ധീകരണത്തിലേക്കും അവൻ നയിക്കപ്പെടുന്നു. മൂന്ന്, ക്രിസ്തുവിനോടുള്ള പ്രാർത്ഥനയിലൂടെ ക്രൂശിനെ അതിജീവിക്കുന്നു (Accepted, Repented, Transcended). ഇടതുഭാഗത്തെ കള്ളൻ യേശുവിനോട് പരിഹാസരൂപത്തിൽ "നീ ക്രിസ്തുവല്ലയോ? നിന്നെ തന്നെയും ഞങ്ങളെയും മരണത്തിൽ നിന്നും രക്ഷിക്കുക". എന്നു പറഞ്ഞ് അവനെ ദുഷിച്ചു. അപ്പോൾ വലത്തുഭാഗത്തെ കള്ളൻ അവനെ ശാസിച്ചുകൊണ്ട് പറഞ്ഞു. "സമശിക്ഷാവിധിയാൽ തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ട് ശിക്ഷ അനുഭവിക്കുന്നു. നാം പ്രവർത്തിച്ചതിന് യോഗ്യമായതല്ലയോ കിട്ടുന്നത്. ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല".

സ്വീകരിച്ചു (Accepted)

കഷ്ടപ്പാടുകളെ സ്വയം സ്വീകരിക്കുന്നതാണ് വലത്തുഭാഗത്തെ കള്ളൻ ചെയ്യുന്നത്. എങ്ങനെയെങ്കിലും അതിൽ നിന്ന് ഒഴിഞ്ഞുപോകാനല്ല, രക്ഷപെടാനല്ല (escape) അവൻ ശ്രമിക്കുന്നത്. കർത്താവിന്റെ ക്രൂശിനെ ധ്യാനിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് കർത്താവിന്റെ വഴി ഇതായിരുന്നുവെന്നാണ്. തന്നോട് പറ്റിച്ചേരുന്നവർ തന്നെപ്പോലെ കഷ്ടതയെ സ്വയം സ്വീകരിക്കുന്നവർ ആയിരിക്കണം. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്, "തന്റെ ക്രൂശുമെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല" (മത്തായി 10:38). ജീവിതത്തിലെ കഷ്ടപ്പാടുകളിൽ നിന്ന് ഓടി ഒളിക്കുവാനോ അവയോട് മറുതലിക്കുവാനോ അല്ല, അവയെ സ്വയം വരിക്കുവാനാണ് കർത്താവ് പഠിപ്പിക്കുന്നത്. ക്രൂശിതനായ യേശുവിനോട് ഒട്ടി നിൽക്കുന്ന നമുക്ക് മനസ്സിലാകുന്ന സത്യം നമ്മുടെ കർത്താവിനെപ്പോലെ ക്രൂശിനെ സ്വയം സ്വീകരിക്കുന്നതാണ് അതിനെ അതിജീവിക്കുവാനുള്ള വഴി എന്നതാണ്. മനശാസ്ത്രജ്ഞനായ Scott Peck പറയുന്നതുപോലെ ജീവിതം ദുഷ്കരമാണെന്നത് നാം സ്വീകരിക്കുമ്പോഴാണ് അത് എളുപ്പമായിത്തീരുന്നത്.

അനുതപിച്ചു (Repented)

വലത്തുഭാഗത്തെ കള്ളൻ ചെയ്ത മറ്റൊരു കാര്യം കഷ്ടാനുഭവത്തെ മാനസാന്തരത്തിന്റെ അനുഭവം ആക്കിത്തീർത്തു എന്നതാണ്. താൻ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ തനിക്ക് അർഹതപ്പെട്ടതാണ് എന്ന് സമ്മതിക്കുന്നതിലൂടെ ഒരു എളിമയുടെ, അനുതാപത്തിന്റെ പാതയിലൂടെ അവൻ പോകുകയാണ്. ജീവിതത്തിന്റെ കഷ്ടപ്പാടുകൾ നമ്മുടെ പഴയ കാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടത്തിനും ജീവിത ശുദ്ധീകരണത്തിനും (Catharsis) ഇടയാക്കേണ്ടതാണ്. പുരാതന ഗ്രീക്ക് ദുരന്ത (Tragedy) നാടകങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്ന് മനുഷ്യരുടെ അധമ വികാരങ്ങളെ തുറന്ന്കാട്ടി അവയിൽ നിന്ന് മുക്തി നേടുക എന്നുള്ളതായിരുന്നു. നമ്മുടെ ജീവിതത്തിലെ ക്രൂശുകൾ ശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്കു നയിക്കേണ്ടതാണ്.

അതിജീവിച്ചു (Transcended)

വലത്തു ഭാഗത്തെ കള്ളൻ ചെയ്തത് തന്റെ കൂട്ടുകാരനെപ്പോലെ ക്രൂശിൽ നിന്ന് രക്ഷപെടാൻ ശ്രമിക്കുകയല്ല മറിച്ച് യേശുവിനോടുകൂടെ ക്രൂശിക്കപ്പെടുന്ന സമയങ്ങൾ പറുദീസയുടെ അനുഭവമാക്കി മാറ്റുവാൻ ശ്രമിക്കുകയായിരുന്നു. ഇന്ത്യയിലെ വിശുദ്ധന്മാരിൽ ഒരാളായ സാധു സുന്ദർസിങ് പറയുന്നത് യേശുവിനോടുകൂടെ കഷ്ടപ്പെടുന്ന അവസരങ്ങൾ തനിക്ക് നരകയാതനയായിട്ടല്ല പറുദീസയുടെ സന്തോഷാനുഭവങ്ങളായിട്ടാണ് തോന്നിയിട്ടുള്ളത് എന്നാണ്. യേശുവിന്റെ സാന്നിദ്ധ്യം നമ്മുടെ ജീവത്തിൽ കൂടുതലായി അനുഭവപ്പെടുന്നത് തന്നെപ്പോലെ നാം കഷ്ടപ്പെടുമ്പോഴാണ്. അതുകൊണ്ട് കഷ്ടപ്പാടുകളെ ശാപമായിട്ടല്ല സന്തോഷങ്ങളുടെ നാന്ദിയായിട്ട് നമുക്ക് കാണണം. യേശുവിനോടുള്ള പ്രാർത്ഥനയിലാണ് ഇത് സാധിക്കുന്നത്. ക്രൂശാരോഹണ സമയത്തും അതിനുശേഷവും യേശുവിനോട് ചേർന്നുനിൽക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് വലത്തുഭാഗത്തെ കള്ളന് ഈ പറുദീസയുടെ അനുഭവം ലഭിക്കുന്നത്. ഇത് കേവലം അവന്റെ ഉള്ളിലെ തോന്നൽ മാത്രമല്ല. തന്റെ നാഥന്റെ അധരങ്ങളിൽ നിന്ന് അവനുകിട്ടിയ ആശ്വാസ വചനങ്ങളാണ് ഈ യാഥാർത്ഥ്യം വെളുപ്പെടുത്തുന്നത്. നമ്മുടെ തീവ്രമായ വേദനകളുടെ ഇടയിലും നമ്മെ കഷ്ടപ്പാടുകളിൽ നിന്നുയർത്തി പറുദീസയുടെ സന്തോഷത്തിലേക്കു നയിക്കുന്ന വാക്കുകൾ നമുക്കും ശ്രവിക്കുവാൻ സാധിക്കും. ■

വിപാസ്സന
Emotional Support Centre
(A joint initiative of Ministry of Human Empowerment & MGOCSM)
Malankara Orthodox Church
മാനസിക പിരിമുറുക്കം • തൊഴിൽ സമ്മർദ്ദം
കുടുംബ പ്രശ്നങ്ങൾ • പരീക്ഷാ ഭയം
ആത്മഹത്യാ പ്രവണത • അകാരണ ഭയം
മദ്യ–മയക്കുമരുന്ന് ആഭിമുഖ്യം
ഇത്തരത്തിലുള്ള വൈകാരിക പ്രതിസന്ധികൾ നേരിടുന്നതിൽ താങ്കൾ പ്രയാസപ്പെടുന്നുണ്ടോ? ഞങ്ങൾ സഹായത്തിനുണ്ട്; വിളിക്കുക !
ഹെൽപ് ലൈൻ: 0481-2584533, 7025067695
സൗജന്യ കൗൺസിലിംഗ് സേവനത്തിന് ബന്ധപ്പെടുക.
Vipassana
Emotional Support Centre, MGOCSM Student Centre,
CMS College Junction, Kottayam - 686 001.
vipassana.mohe@gmail.com
Best compliments from:
VeeKay Vees
KOCHI: 0484 - 2302030
THIRUVALLA: 0469 - 2645630
KAYAMKULAM: 0479 - 2443050
TRIVANDRUM: 0471 - 2430230

വിജയികൾ

സൺഡേ സ്കൂൾ നോർത്ത് സോൺ സീനിയർ വിഭാഗം സംഗീത മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ അനില റെജി. കണ്ടനാട് ഭദ്രാസനത്തിൽ മണ്ണക്കുന്ന് സെ. മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥിയും ചന്ദ്രവേലിൽ പി.വി. റെജിമോന്റെയും ബീന റെജിയുടെയും പുത്രി.

സൺഡേ സ്കൂൾ നോർത്ത് സോൺ സീനിയർ വിഭാഗം പ്രസംഗ മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ എഞ്ചലിൻ ആൻഡ്രൂസ്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽ വലമ്പൂർ സെ. മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി. പ്ലാക്കയിൽ ഫാ. ബിജു ആൻഡ്രൂസിന്റെയും വീണാ വർഗീസിന്റെയും മകൾ.

സൺഡേ സ്കൂൾ സെൻട്രൽ സോൺ സീനിയർ വിഭാഗം മത്സര പരീക്ഷയിൽ അഖില മലങ്കരാടിസ്ഥാനത്തിൽ 9-ാം ക്ലാസ്സിൽ A+ നേടിയ കുമാരി ഫ്ളവിയാ തോമസ്. കുറിച്ചി സെ. മേരീസ് & സെ. ജോൺസ് ഇടവകയിൽ തയ്യിൽ ഡോ. റ്റി. സി. തോമസിന്റെയും പ്രിയാ തോമസിന്റെയും മകൾ.

സൺഡേ സ്കൂൾ സെൻട്രൽ സോൺ ജൂണിയർ വിഭാഗം പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഡോണാ മേഴ്സി കുര്യൻ. നരിയമ്പാറ സെ. മേരീസ് ഇടവകയിൽ കൊച്ചേരിൽ ജേക്കബ് കുര്യന്റെയും ഷീബാ ജേക്കബിന്റെയും മകൾ.

ഭവന ധന സഹായ വിതരണം: മലങ്കര ഓർത്തഡോക്സ് സഭ ഭവന ധന സഹായ വിതരണം ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഡോ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, പഴയ സെമിനാരി മാനേജർ സഖറിയാ റമ്പാൻ, കൺവീനർ അഡ്വ. ബിജു ഉമ്മൻ, ഏബ്രഹാം മാത്യു വീരപ്പള്ളി, ജോൺസൺ സി. ഡാനിയേൽ, വി. മാത്തുണ്ണി, കോശി ഉമ്മൻ, റ്റി. ജോൺ മത്തായി എന്നിവർ പ്രസംഗിച്ചു. നാനാ ജാതി മതസ്ഥരായ 75 പേർക്ക് ഭവനധനസഹായ വിതരണം ചെയ്തു.

പാവനസ്മൃതി: പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചരമ കനക ജൂബിലിയോടനുബന്ധിച്ച് തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിൽ നടത്തിയ പാവന സ്മൃതി സമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഗീവർഗീസ് ഇലവങ്കാട്ട് റമ്പാൻ, കോർ എപ്പിസ്ക്കോപ്പാമാരായ റവ. തോമസ് ടി. വർഗീസ്, റവ. അലക്സാണ്ടർ വൈദ്യൻ, ഫാ. പി. ജെ. ജോസ്, ഫാ. മാത്യു ഏബ്രഹാം, ഡോ. അലക്സാണ്ടർ ജേക്കബ്, ഫാ. മാത്യു കെ. ജോൺ (പാമ്പാടി ദയറാ മാനേജർ), ബാബു പാറയിൽ, ജോൺ മുണ്ടക്കയം എന്നിവർ സമീപം.

ചരമ ദ്വിശതാബ്ദി: പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ചരമ ദ്വിശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കുന്നംകുളത്ത് നടന്ന ദേശീയ സിമ്പോസിയം അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

ചരമ കനക ജൂബിലി

വിശുദ്ധനായ താപസ തേജസ്സ്

■ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

നിങ്ങളോടൊപ്പം ജീവിക്കാനും മരിക്കാനുമായിട്ടാണ് നാം വന്നിരിക്കുന്നത്. ആരും നിർബന്ധിച്ചിട്ടല്ല വന്നത്. നിങ്ങൾ മുട്ടിപ്പായി ദൈവത്തോട് അപേക്ഷിക്കുകയും മൂന്നു ദിവസത്തെ ഉപവാസത്തിലും നോമ്പിലും കഴിയുകയും വേണം. ദൈവം ഈ മഹാവ്യാധിയെ നിങ്ങളിൽ നിന്ന് നീക്കം ചെയ്യും.'

പാമ്പാടി പൊത്തൻപുറം ദയറായിലെ താപസവര്യനായ 'പാമ്പാടി തിരുമേനി' എന്നറിയപ്പെട്ട കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി (1885–1965) 1935–ൽ കുന്നംകുളത്തു പടർന്നു പിടിച്ച പ്ലേഗ് രോഗ ബാധിതരായവരെ ശുശ്രൂഷിക്കുവാൻ എത്തിയ അവസരത്തിൽ പഴയ പള്ളിയിൽ നടത്തിയ പ്രഭാഷണത്തിലെ വരികളാണിവ.



പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പള്ളികൾക്ക് അയച്ച കല്പന വഴിയാണ് പ്ലേഗ് രോഗ ബാധ ജനം അറിയുന്നത്. കുന്നംകുളം നിവാസികൾക്കായി മൂന്നു ദിവസം ഉപവസിച്ച് പ്രാർത്ഥിക്കണമെന്നതായിരുന്നു പ. ബാവായുടെ നിർദ്ദേശം. രോഗബാധ വർദ്ധിക്കുന്നത് അറിഞ്ഞ ഉടനെ പ്ലേഗ് രോഗ ബാധിതരെ സന്ദർശിക്കുവാനായി പാമ്പാടി തിരുമേനി കുന്നംകുളത്തിന് തിരിച്ചു. തൃശൂർ റെയിൽവേസ്റ്റേഷനിൽ എത്തിയ തിരുമേനിയെ എം. എ. ചാക്കോ, ചുങ്കത്ത് ഇയ്യാ, പാറമേൽ ചുമ്മാർ എന്നിവർ സ്വീകരിച്ചതായി ഗോമതി പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്ലേഗ് രോഗ ബാധ

1935 കുംഭം 1–ന് കുന്നാകുളം പഴയപള്ളിയിൽ നിന്നും മീനടം തറയത്തു വർഗീസിന് അയച്ച കത്തിൽ പാമ്പാടി തിരുമേനി എഴുതി:

'ഞങ്ങൾ അവിടെനിന്നും പുറപ്പെട്ട് കോട്ടയം പഴയസിമ്മനാരി, എറണാകുളം, തൃശൂർ എന്നീ സ്ഥലങ്ങൾ വഴിയായി ഇന്നലെ രണ്ടു മണിയോടുകൂടി ഇവിടെ എത്തി. ദൈവകൃപയാൽ അവിടെ കേട്ടിരുന്നതുപോലെയുള്ള ബഹളങ്ങൾ ഇവിടങ്ങളിൽ കേൾപ്പാനില്ലെന്നുള്ളത് വളരെ ആശ്വാസമായി തോന്നുന്നു. ദീനം തീരെ ഇല്ലെന്നു പറയാൻ പാടില്ലാത്തവിധം രണ്ടോ, നാലോ സുഖക്കേടുകാർ ചിലയിടങ്ങളിൽ ഉള്ളതായി തോന്നുന്നു.'

'സ്വർഗ്ഗം, നരകം, മരണം, ന്യായവിധി' എന്നിവയെക്കുറിച്ച് നിരന്തരം പ്രബോധിപ്പിക്കുന്ന പാമ്പാടി തിരുമേനിക്ക് മരണത്തെ ഭയമില്ലായിരുന്നു; പ്ലേഗ് രോഗബാധയേയും. ദൈവത്തോടുള്ള നിരന്തരമായ പ്രാർത്ഥനയും ഉപവാസവും മൂലം ഏതു മഹാവ്യാധിയേയും അകറ്റുവാൻ കഴിയുമെന്ന ദൃഢനിശ്ചയവും വിശ്വാസവുമാണ് പാമ്പാടി തിരുമേനിയെ കുന്നാകുളത്ത് എത്തിച്ചത്. വളരെ ഉൽപ്പതിഷ്ണുത്വം പുലർത്തിയ കർമ്മധീരനായ യോഗിവര്യനായിരുന്നു പാമ്പാടി തിരുമേനി. മനനത്തിലും ധ്യാനത്തിലും ഏകാന്തതയിലും ജാഗ്രത പുലർത്തിയെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ധീരമായ നിലപാട് എടുക്കുന്നതിൽ വൈദഗ്ദ്ധ്യം പുലർത്തിയിരുന്നു.

'പരുമല തിരുമേനി കഴിഞ്ഞാൽ ഇത്രയും പരിശുദ്ധൻ മലങ്കരയിൽ ഇല്ല്' എന്നാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, പാമ്പാടി തിരുമേനിയെക്കുറിച്ച് വിശേഷിപ്പിച്ചിരിക്കുന്നത്. പരിശുദ്ധ പരുമല തിരുമേനിയുടെ വടിയും മുടിയും സ്ലീബായും ഗ്രീഗോറിയോസ് എന്ന സ്ഥാനനാമവും നൽകിയാണ് പാമ്പാടി തിരുമേനിയെ വാഴിച്ചതെന്ന വാമൊഴി പാരമ്പര്യം പ്രശസ്തമാണ്.

പ്രകാശിക്കുന്ന മാണിക്യം

പ്രാർത്ഥനാശീലനായ പാമ്പാടി തിരുമേനി ക്രിസ്തുസാന്നിധ്യത്തിന്റെ പ്രതീകമായിരുന്നുവെന്നാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ നിരീക്ഷണം. മലങ്കരസഭയിൽ അത്യുജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്ന മാണിക്യമായിരുന്നു പാമ്പാടി തിരുമേനി എന്ന് കെ. എം. ചെറി

യാനും (മനോരമ) ധന്യനും സൗമ്യനും ഉദാരമതിയുമായിരുന്നു പാമ്പാടി തിരുമേനി എന്ന് ചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ടും പറയുന്നു. വ്രതവിശുദ്ധിയിൽ ജീവിതത്തെ പ്രോജ്വലിപ്പിച്ച താപസശ്രേഷ്ഠനായി ആധുനിക സമൂഹം തിരിച്ചറിഞ്ഞ മഹാഗുരുവാണ് പാമ്പാടി തിരുമേനി.

മഹത്തായ വിശേഷണങ്ങൾ നൽകുമ്പോൾ പാമ്പാടി തിരുമേനി പറയുന്നു: 'ബഹുമതിക്കും പ്രശംസയ്ക്കും ഒന്നിനും നാം അർഹനല്ല. വ്യക്തിപരമായി മെത്രാപ്പോലീത്താ സ്ഥാനത്തിന് ഞാൻ യോഗ്യനല്ല. പാമ്പാടി പേഴമറ്റത്തു പിറന്ന ഒരു പാവപ്പെട്ടവനാണ്. ഒരു കുപ്പായം വാങ്ങിക്കുവാൻ പോലും നിവൃത്തിയില്ലാത്ത ഒരു പാവപ്പെട്ടവൻ. ... ബലഹീനനും മഹാപാപിയുമായ നമുക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.'

1929 ഫെബ്രുവരി 16-ന് മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട ശേഷം പാമ്പാടി പൊത്തൻപുറം ദയറായിൽ എത്തിയപ്പോൾ നടത്തിയ പ്രസംഗത്തിലാണ് 'മെത്രാപ്പോലീത്താ സ്ഥാനത്തിന് ഞാൻ യോഗ്യനല്ല' എന്ന് പ്രസ്താവിച്ചത്. ഇത് വെറും പാഴ്വാക്കല്ല. പതിനാലാം വയസ്സിൽ കോറൂയോ സ്ഥാനത്തും ഇരുപത്തൊന്നാം വയസ്സിൽ കശീശ്ശായും റമ്പാനുമായ അദ്ദേഹത്തെ 1911 സെപ്റ്റംബർ 7-ന് 26-ാം വയസ്സിൽ മെത്രാൻ സ്ഥാനത്തേക്ക് കോട്ടയം എം.ഡി. യിൽ ചേർന്ന മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരുന്നു. എന്നാൽ അധികാരവും സ്ഥാനമാനങ്ങളും തിരസ്ക്കരിച്ച് പാമ്പാടി പൊത്തൻപുറം കുന്നിൽ 12 ഏക്കർ സ്ഥലം കണ്ടെത്തി കുടിൽ കെട്ടി ഏകാന്ത ധ്യാനത്തിനും മൗനത്തിനുമായി ജീവിതം വേർതിരിച്ചു. പ. വട്ടശ്ശേരിൽ തിരുമേനി ഈ കുടിലിന് 1090 മേടം 13-ന് 'താബോർ ദയറാ' എന്ന് നാമകരണം ചെയ്തു.

വ്യക്തിപരമായി മെത്രാപ്പോലീത്താ സ്ഥാനത്തിന് ഞാൻ യോഗ്യനല്ല എന്ന നിലപാടിലാണ് സ്വയം അധികാരസ്ഥാനത്തുനിന്നും അദ്ദേഹം പിന്മാറിയത്. 26-ാം വയസ്സിൽ ലഭ്യമായ മെത്രാൻ സ്ഥാനം തിരസ്ക്കരിച്ച് 14 വർഷം വ്രതശോഭയിൽ കരുത്താർജ്ജിച്ചു. 1925 ഏപ്രിൽ 30-ന് നിരണത്തുവച്ച് വീണ്ടും മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും 1929 ഫെബ്രുവരി 16-ന് 44-ാം വയസ്സിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവരോധിക്കപ്പെടുകയും ചെയ്തു. 35 വർഷം (1929-1965) കോട്ടയം മെത്രാസനത്തിന്റെ മെത്രാപ്പോലീത്തായായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു.

'ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തെരഞ്ഞെടുത്തു' (1 കൊരി. 1:27) എന്ന പൗലോസ് ശ്ലീഹായുടെ സാക്ഷ്യമാണ് അധികാരത്തെ പൂർണ്ണമനസ്സോടെ തിരസ്ക്കരിച്ച പാമ്പാടി തിരുമേനിയിലും പ്രകാശം പരത്തുന്നത്.

പരിശുദ്ധ ജീവിതമുള്ള പാമ്പാടി തിരുമേനിയെപ്പോലുള്ള മെത്രാപ്പോലീത്തന്മാർ നമുക്കുണ്ടായെങ്കിലേ സഭ ശരിയായിട്ടു പോവുകയുള്ളു എന്നാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ കാഴ്ചപ്പാട്. ത്യാഗവും സഹനവും സ്നേഹവും പകർന്ന് ക്രിസ്തുസാന്നിധ്യവും വിശുദ്ധിയുടെ അടയാളവുമായി പാമ്പാടി തിരുമേനി പൊതുസമൂഹത്തിൽ വെളിച്ചം പകർന്നു. വിശുദ്ധി പകർന്ന താപസ തേജസ്സായി ജാതിമതഭേദമെന്യേ ജനഹൃദയങ്ങളിൽ സ്പന്ദിക്കുന്നു.

സഭാ കേസ്: ധർമ്മ സമരം

സഭയുടെ വിശ്വാസം, പാരമ്പര്യം, അനുഷ്ഠാനം, ചരിത്രം എന്നിവയിൽ അതീവ തീക്ഷ്ണത പുലർത്തിയ പാമ്പാടി തിരുമേനി സഭയിലെ കേസുകളെക്കുറിച്ച് 1941 (1117) തുലാം 5-ന് നടത്തിയ പ്രസ്താവന അതിവിശിഷ്ടമാണ്:

'സഭാകേസ് കേവലം ഒരു വ്യവഹാരമല്ല. മലങ്കരസഭയുടെ ഉൽക്കർഷത്തിന് അത്യന്താപേക്ഷിതമായ സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കും വേണ്ടിയുള്ള ഒരു ധർമ്മസമരമത്രേ. ... പ. ബാവായ്ക്ക് പിന്തുണ നൽകേണ്ടത് അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങൾ ഏവരുടേയും കർത്തവ്യകർമ്മമാകുന്നു.'

മലങ്കരസഭയുടെ ഉൽക്കർഷത്തിനുള്ള ധർമ്മസമരമായി സഭാവ്യവഹാരങ്ങളെ പാമ്പാടി തിരുമേനി കണ്ടിരുന്നു. 1952 ഫെബ്രുവരി 20-ന് എഴുതിയ കല്പനയിൽ ഇന്ത്യയിലെ ഏക ദേശീയ സഭ എന്ന നിലയിൽ സഭയ്ക്ക് വലിയ പദവി ഉണ്ടെന്ന് വ്യാഖ്യാനിക്കുന്നു. പാമ്പാടി തിരുമേനി എഴുതുന്നു:

'ജന്മസിദ്ധമായി വി. മാർത്തോമ്മാ ശ്ലീഹായുടെ സഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതിനായി അനേക സഭകൾ അനേക തരത്തിൽ ക്രൂരമായി പെരുമാറി എന്നത് വി. സഭയുടെ 20 നൂറ്റാണ്ടിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യയിലെ ഏക ദേശീയ സഭ എന്നനിലയിൽ സഭയ്ക്ക് വലിയ പദവി ഉണ്ട്. പരിപൂർണ്ണമായ വികസന സാദ്ധ്യതയുള്ള ഇന്ത്യയിലെ ഏക ദേശീയ സഭ എന്നനിലയിൽ ഇന്ത്യയിൽ സുവിശേഷഘോഷണം ശക്തമായി നടത്തേണ്ട ചുമതല നമുക്കുണ്ട്.'

പ്രകൃതിയോടും ദൈവത്തോടും ഏകാന്തമായി സംവേദിച്ച പാമ്പാടി തിരുമേനിക്ക് സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും സുവിശേഷീകരണ പ്രവർത്തനങ്ങളെക്കുറിച്ചും തനതായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു.

സഭയുടെ അഭിമാനം പുലർത്തേണ്ടത് പ്രധാനമായും വൈദികരാണ്. അവർ ന്യായരഹിതമായി പ്രവർത്തിച്ചാൽ സഭ അധഃപതിക്കും. അതിനാൽ കഴിവതും മാതൃകാപരമായി ജീവിക്കണം എന്നാണ് പാമ്പാടി തിരുമേനി നൽകുന്ന നിർദ്ദേശം. വലിയനോമ്പ് കാലത്ത് വൈദികർക്കായി ധ്യാനയോഗങ്ങൾ നടത്തിയിരുന്നു. സഭയിലും ഇടവകയുടെ ഉള്ളിലുമുള്ള വിവിധതരം വഴക്കുകൾ പാമ്പാടി തിരുമേനിയെ സങ്കടപ്പെടുത്തിയിട്ടുണ്ട് - 'കലശലായി ക്ലേശിപ്പിച്ചിട്ടുണ്ട്.'

പാമ്പാടി തിരുമേനി പറയുന്നു: 'സഭ വിട്ടുപോകുവാനല്ല, ഏതുതരത്തിലും സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനാണ് നാം ശ്രമിക്കേണ്ടത്. ഇരുഭാഗത്തുനിന്നും അല്പസ്വല്പം വിട്ടുവീഴ്ചകൾ ചെയ്ത് ഏതുതരത്തിലെങ്കിലും തമ്മിൽ യോജിക്കണമെന്നാണ് നമ്മുടെ അഭിപ്രായം.'

ദശാംശപ്പിരിവ്

ഉത്തമ ഭരണകർത്താവായി സഭയുടെ വിശ്വാസ സത്യത്തിനായി ധീരമായി നിലയുറപ്പിക്കുകയും എന്നാൽ അവശ്യഘട്ടങ്ങളിൽ സാന്ത്വനസ്പർശം പകരുന്ന ആർദ്രഭാവം പാമ്പാടി തിരുമേനിയിൽ നിറഞ്ഞു നിന്നിരുന്നു. ഭരണകാര്യങ്ങളിൽ കർക്കശഭാവം പ്രകടമാകുന്നുണ്ട്. 1940/1115 മിഥുനം 8-ന് എഴുതിയ കല്പനയിൽ 'മാസാന്ത്യ റിപ്പോർട്ട് മാസംതോറും അഞ്ചിനകം അയച്ചുകൊടുക്കണം' എന്ന് വ്യക്തമാക്കുന്നു. ഇടവകതല പ്രവർത്തനങ്ങളുടെ സംക്ഷിപ്തമാണ് മാസാന്ത്യറിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നത്. നമ്മുടെ ഇടവകകളിൽ കാലോചിതമായ പുരോഗമന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് മുഴുവൻ സമയവും ജോലി ചെയ്യുന്ന ഭദ്രാസന

സെക്രട്ടറിമാർ ഉണ്ടായിരിക്കണമെന്ന സഭാമാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം പാമ്പാടി തിരുമേനി 1950-ൽ നടപ്പിലാക്കി.

ഇടവക കേന്ദ്രീകരിച്ച് 'ദശാംശപ്പിരിവ്' യാഥാർത്ഥ്യമാക്കിയിരുന്നു. 1951 നവംബർ 21-ന് എഴുതിയ കല്പനയിൽ 'ഇടവകയിൽ നിന്നും ഭണ്ഡാരം, വഞ്ചിക, തളിക, പള്ളിക്കുള്ള വിവാഹവീതം, പാട്ടം, പള്ളിപുരയിടാദായം എന്നിവയുടെ മാത്രം ദശാംശം തന്നാൽ മതി' എന്നും നിർദ്ദേശിക്കുന്നു. ഇടവകയിലെ ദശാംശപ്പിരിവിന് കോട്ടയം മെത്രാസനത്തിൽ 65 വർഷത്തെ പാരമ്പര്യം വെളിപ്പെടുന്നു.

1952 ഫെബ്രുവരി 20-നുള്ള കല്പനയിൽ ഒരു ഇടവകയുടെ സജീവ ലക്ഷണം എന്താണെന്ന് വ്യക്തമാക്കുന്നു:

'ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നമ്മുടെ സകല ഇടവകകളിലും നടപ്പിൽ വരുത്തണം. ഒരു ഇടവകയുടെ സജീവമായ ലക്ഷണം അനാഥരെ ക്രിസ്തീയവിധത്തിൽ സഹായിക്കുക എന്നുള്ളതാണ്. അനാഥരേയും രോഗികളേയും ശുശ്രൂഷിക്കേണ്ടത് ഇടവകയുടെ ചുമതലയായി ഏറ്റെടുക്കണം.'

1952 ഫെബ്രുവരി 20-ലെ കല്പനയിൽ 1951-ലെ വരവ് ചെലവ് കണക്ക് ഭദ്രാസനത്തിൽ അയച്ചുകൊടുക്കണമെന്ന് പറയുന്നുണ്ട്. 1954 മുതൽ എല്ലാ പള്ളികളിലും ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കി ഭരണം നടത്തുന്ന സംവിധാനം നിലവിൽ വന്നതായി കല്പനകളിൽ നിന്നു വ്യക്തമാകുന്നു.

സാമൂഹിക പ്രതിബദ്ധത

ആരാധനാ ജീവിതത്തോടൊപ്പം സാമൂഹിക പ്രതിബദ്ധത പുലർത്തുന്ന സജീവ ഇടവകകളായി തീരണം എന്ന കാഴ്ചപ്പാടായിരുന്നു പാമ്പാടി തിരുമേനിയുടേത്. പെരുന്നാളുകളുടെ തലേരാത്രിയിലെ പ്രോഗ്രാം എട്ടു മണിക്ക് മുമ്പായി തീരത്തക്കവണ്ണം മുൻകൂട്ടി നിശ്ചയിക്കണമെന്നും പെരുന്നാൾ ദിവസം ജനങ്ങൾ പള്ളിആരാധനയിൽ സംബന്ധിക്കുകയും വി. കുർബാന കൂട്ടമായി അനുഭവിക്കുകയും ചെയ്യണമെന്നും പറയുന്നു. പെരുന്നാളിന് രാത്രി മുഴുവൻ ബഹളവും ഭക്തിവിരുദ്ധമായ പ്രോഗ്രാമും ഉണ്ടാക്കരുതെന്ന് ശക്തമായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്നു. ദൈവത്തോടും സമൂഹത്തോടും പ്രകൃതിയോടും മനുഷ്യർ പുലർത്തേണ്ട ഉത്തരവാദിത്വം കഠിനഭാഷയിൽ പാമ്പാടി തിരുമേനി അവതരിപ്പിച്ചിട്ടുണ്ട്.

മലയാള മനോരമ വജ്രജൂബിലിക്ക് 1950-ൽ എഴുതിയ ആശംസയിൽ മാധ്യമ കാഴ്ചപ്പാട് സംക്ഷേപിക്കുന്നുണ്ട്. 'പത്രധർമ്മവും അന്തസ്സും നിഷ്പക്ഷതയും പരിപാലിക്കുന്നതിൽ മനോരമ എന്നാളും അതീവശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.'

ഡയറി എഴുത്തിനോട് പാമ്പാടി തിരുമേനി പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നു. കൃത്യമായി ഡയറി എഴുതുന്നതിൽ കണിശക്കാരനായിരുന്നു പാമ്പാടി തിരുമേനി എന്ന് പി. സി. യോഹന്നാൻ റമ്പാൻ വെളിപ്പെടുത്തുന്നു:

'ശാരീരികമായി ക്ഷീണിച്ചപ്പോൾ മറ്റുള്ളവരെകൊണ്ട് ഡയറി എഴുതിക്കുമായിരുന്നു. സുറിയാനി കൈപ്പട മനോഹരമാണ്. അച്ചടിയാണെന്നേ തോന്നൂ. തൂവൽ, മഷിയിൽ മുക്കി എഴുതുകയാണ് പതിവ്.'

ഡയറിക്കുറിപ്പിൽ 1912 മിഥുനം 30-ന് എഴുതി: 'സ്വന്തം കൈപ്പടയിൽ എഴുതിയ നമസ്കാരപുസ്തകം ബയന്റു ചെയ്തു കിട്ടി. വളരെ പ്രയത്നിച്ചുണ്ടാക്കിയ ഈ പുസ്തകം കണ്ടിട്ടും കണ്ടിട്ടും കൊതി അടങ്ങുന്നില്ല.'

പാമ്പാടി തിരുമേനി ജീവിതസായാഹ്നത്തിൽ എഴുതി - 1964 ഡിസംബർ

A User-Friendly Church Operations and Accounting Suite

HA MANAHEL

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities. All the certificates, member based reports and financial reports available. Financial statement as per the Malankara Orthodox Diocese will be generated automatically. No internet facility is required to operate.

Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Profit & Loss/Income & Expenditure ■ Receipts & Payments ■ Financial Statements ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, Confirmation, Premarital Counseling ■ Certificates ■ Cemetry Allotment ...

Phone 09446431460 / 09447046957 / 09495673797
E-mail hamanahel@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

A few installed Orthodox churches:
Niranom Orthodox Church, Mallappally Kaipatta Orthodox Church, Panayampala Orthodox Church, Kaviyoor Sleeba Orthodox Church, Kunkiripetty Cathedral, ... (106 installations)

20: 'എല്ലാം എന്റെ ശക്തി, എന്റെ ബുദ്ധി എന്ന് നാം ഒരിക്കലും ഒന്നിലും അഹങ്കരിക്കരുത്. ആ മനോഭാവം ഉണ്ടാകുമ്പോഴാണ് ഭിന്നിപ്പും വഴക്കും ശത്രുതയും ഉടലെടുക്കുന്നത്.' ഇതേ ആശയം പാമ്പാടി തിരുമേനി 1958 ഏപ്രിൽ ലക്കം 'മലങ്കരസഭ'യിൽ എഴുതി: 'പ്രിയരേ ഇന്നു പലരും തന്നിഷ്ടക്കാരാണ്. തന്നിഷ്ടംകൊണ്ട് പല പള്ളികളിലും വഴക്കുകൾ ഉണ്ടാകുന്നു.

താപസ ജീവിതം

മനുഷ്യസ്വഭാവത്തിൽ സഹജമാകുന്ന സ്വാർത്ഥത, അഹങ്കാരം, അനീതി, ഗർവ്വ്, തന്നിഷ്ടം തുടങ്ങിയ ജഡത്തിന്റെ പ്രവൃത്തികളെ പാമ്പാടി തിരുമേനിക്ക് വെറുപ്പായിരുന്നു. 1930 കുംഭം 21-ന് എഴുതിയ കല്പനയിൽ 'നമ്മുടെ കർത്താവിനോടുള്ള കളങ്കമില്ലാത്ത സ്നേഹം നമ്മിൽ ഉളവാകുമ്പോൾ നോമ്പും പ്രാർത്ഥനയും ദാനധർമ്മവും നമുക്ക് നിഷ്പ്രയാസമായി തീരുമെന്ന്' നിർദ്ദേശിക്കുന്നു. പൗരസ്ത്യവും ഭാരതീയവുമായ താപസജീവിതം പകർന്ന പാമ്പാടി തിരുമേനിയുടെ ജീവിതം ലാളിത്യവും വിശുദ്ധിയും നിറയുന്ന പ്രാർത്ഥനാജീവിതമായിരുന്നു.

1964 ഡിസംബർ 20-ന് എഴുതിയ വരികൾ പാമ്പാടി തിരുമേനിയുടെ ജീവിതസന്ദേശമായി സംഗ്രഹിക്കാം:

'ദൈവമക്കളായി, സർവ്വതും ദൈവത്തിൽ സമർപ്പിച്ച് പരസ്പര സ്നേഹത്തിലും സൗഹാർദ്ദതയിലും നാം ഒന്നായിരിപ്പീൻ.'

ദൈവകരുണയിൽ ആശ്രയിച്ച് ആത്മീയ ഉത്ഘർഷത്തിന് ഒത്തൊരുമിച്ച് ധ്യാനത്തിലും മൗനത്തിലും പ്രാർത്ഥനയിലും ജീവിക്കണം എന്നത് പാമ്പാടി തിരുമേനിയുടെ പ്രധാന പ്രബോധനമായിരുന്നു. എന്നാൽ പാമ്പാടി തിരുമേനി നടപ്പാക്കിയ സാമൂഹിക പ്രതിബദ്ധതയുടെയും ഭരണസംവിധാനത്തിന്റെയും നേർക്കാഴ്ചകൾ ചരിത്രത്തിൽ തമസ്ക്കരിക്കപ്പെട്ടു.

ഉപസംഹാരം

സഭയിലും പൊതു സമൂഹത്തിലും പാമ്പാടി തിരുമേനി പകരുന്നത് വിശുദ്ധിയുടെ താപസ ചൈതന്യമാണ്. ലാളിത്യവും പ്രാർത്ഥനയും നിസ്തന്തരം നിലനിർത്തിയപ്പോഴും ഉയർത്തിപ്പിടിച്ച സാമൂഹിക ദർശനം വേദനിക്കുന്ന മനുഷ്യ സമൂഹത്തോടുള്ള ആർദ്ര ഭാവമായിരുന്നു. ഇത് വിശാലമായ മനുഷ്യ-ദൈവ ദർശനത്തിന്റെ അടയാളമാണ്. ■

INAMS കോൺഫ്രൻസ്

മാവേലിക്കര: ജൂണിയർ INAMS കോൺഫ്രൻസ് ഏപ്രിൽ മാസത്തിൽ നാലു കേന്ദ്രങ്ങളിൽ നടത്തും.

വേദപുസ്തകം, സഭാ ചരിത്രം, മനശാസ്ത്രം, വ്യക്തിത്വ വികസനം, പ്രസംഗ കല തുടങ്ങിയ വിഷയങ്ങളിൽ പ്രഗൽഭരായവർ ക്ലാസ്സ് നയിക്കും.

ക്യാമ്പ് നടത്തുന്ന സ്ഥലവും തീയതിയും: കോട്ടയം തിരുവാതുക്കൽ സെന്റ് പോൾസ് ബാലഗ്രാം (ഏപ്രിൽ 11-15), മാവേലിക്കര സെന്റ് പോൾ മിഷൻ സെന്റർ (13-17) പുതുപ്പാടി സെന്റ് പോൾസ് ബാലഭവൻ (19-23), തിരുവനന്തപുരം ഹോളി ട്രിനിറ്റി ബാലഭവൻ (21-24).

7 മുതൽ12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. അവധിക്കാല വെക്കേഷൻ ബൈബിൾ ക്ലാസ് ഏപ്രിൽ 18 മുതൽ മെയ് 1 വരെ മാവേലിക്കര സെന്റ് പോൾസ് മിഷൻ സെന്ററിൽ നടത്തും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പ്രൊഫ. ഡി. മാത്യൂസ് - 9249799181 (തിരുവനന്തപുരം), പ്രൊഫ. കെ.സി. മാണി - 9447042409 തോമസ് പോൾ - 9447257080 (മാവേലിക്കര), പ്രൊഫ. പി. കെ. കുര്യൻ - 9447174131 (കോട്ടയം), പി.എസ്. ജോൺ - 9447837058 (പുതുപ്പാടി)

For Favours Received




ഒരു വിശ്വാസി, വളഞ്ഞവട്ടം

നിയമിതനായി



സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിതനായ ഡോ. പോൾ മണലിൽ. മാധ്യമ പ്രവർത്തകനും ചരിത്ര ഗവേഷകനുമാണ്. 30 ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഒന്നാം റാങ്ക്

എം.ജി. സർവ്വകലാശാലയിൽ നിന്നും എം.എസ്.സി. അപ്ലൈഡ് മൈക്രോ ബയോളജിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ജിതൻ അബു കുറിയാക്കോസ്. പാലാ സെന്റ് തോമസ് കോളേജ് വിദ്യാർത്ഥി. ചാലക്കുഴി കുറിയാക്കോസ് സി. ഏബ്രഹാമിന്റെ മകൻ.

കേരള സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ ക്ലാരിനെറ്റ്/ബ്യൂഗിൾ മത്സരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കിയ ജോയൽ മാത്യു. പന്തളം കുടശ്ശനാട് തെങ്ങുവിളയിൽ ഫാ. ജോസ് തോമസിന്റെയും സുസി ജോസിന്റെയും മകൻ.

മുളമൂട്ടിൽ ദിവ്യ ശ്രീ. സി. ഒ. ജോഷ്വാ കത്തനാരുടെ ചരമ സുവർണ്ണ ജൂബിലി



(ജനനം: 1914 ഫെബ്രുവരി 6, മരണം: 1966-ജനുവരി 6)

ഓമല്ലൂർ: പകലോമറ്റം വടക്കേടത്ത് മുളമൂട്ടിൽ ദിവ്യശ്രീ. ജോഷ്വാ കത്തനാരുടെ ചരമ സുവർണ്ണജൂബിലി 2016 ജനുവരി 6-ന് ഓമല്ലൂർ സെ. തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തി.

അനുസ്മരണ സമ്മേളനത്തിൽ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ റവ. ഔഗേൻ റമ്പാൻ, വികാരി ഫാ. എബി എബ്രഹാം, ഫാ. ലെസ്ലി പി. ചെറിയാൻ, കെ. സി. യോഹന്നാൻ, തുമ്പമൺ ഭദ്രാസന സൺഡേസ്ക്കൂൾ ഡയറക്ടർ റ്റി. ഈ. ജോർജ്കുട്ടി ഓമല്ലൂർ, ട്രസ്റ്റി കെ. വി. ജേക്കബ് (മുൻ മാനേജിംഗ് കമ്മറ്റി അംഗം), ജോസ് കുര്യൻ പുളിയേരിൽ (കൊല്ലാട്), ജോർജ് ഫിലിപ്പ് വടക്കേടം എന്നിവർ പ്രസംഗിച്ചു.

പരേതനായ ജോഷ്വ കത്തനാരുടെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ പുത്രൻ യൗനാൻ മുളമൂട്ടിൽ കോർ എപ്പിസ്ക്കോപ്പാ (മുംബൈ) വി. സഭയിൽ പല സന്ദർഭങ്ങളിലായി ഉപയോഗിക്കുന്ന നിത്യ പ്രാർത്ഥനകളും, നോമ്പിലെ കുടുംബാരാധന പ്രാർത്ഥനകളും, മദ്ധ്യസ്ഥ പ്രാർത്ഥനകളും മറ്റ് അനുബന്ധ പ്രാർത്ഥനകളും ചേർത്ത് ക്രോഡീകരിച്ച *പ്രാർത്ഥനാ മഞ്ജരി* എന്ന പുസ്തകം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. പ. പാമ്പാടി തിരുമേനിയുടെ സെക്രട്ടറിയും ശിഷ്യനുമായി 8 വർഷത്തോളം സേവനം അനുഷ്ഠിച്ച (1932-40) വന്ദ്യ. ജോഷ്വ അച്ചന്റെ നവപൂജാർപ്പണം (1940-മാർച്ച് 17-ന്) നടത്തിയ സന്ദർഭത്തിൽ ഗുരുവായ പാമ്പാടി തിരുമേനി ശിഷ്യനു നൽകിയ തന്റെ പുറം കുപ്പായവും, തടി സ്ലീബായും, ഓമല്ലൂർ വലിയ പള്ളിയുടെ മ്യൂസിയത്തിൽ സൂക്ഷിക്കുന്നതിനായി വന്ദ്യ യൗനാൻ കോർ എപ്പിസ്ക്കോപ്പാ വികാരിക്കു കൈമാറി. ഓമല്ലൂർ ഇടവകയിൽ നിന്നും വൈദിക സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി ഒരു എൻഡോവ്മെന്റ് ഫണ്ടും വന്ദ്യ. സി. ഒ. ജോഷ്വാ കത്തനാരുടെ പേരിൽ സമർപ്പിച്ചു.



മുംബൈയിൽ കഴിഞ്ഞ 40 വർഷം മികച്ച ക്രിസ്ത്യൻ മിനിസ്ട്രി ആൻഡ് ഗോസ്പൽ പ്രവർത്തനത്തിന് തെരഞ്ഞെടുക്കപ്പെട്ട മലങ്കര ഓർത്തഡോക്സ് സഭയുടെ ബോംബെ ഭദ്രാസനത്തിലെ-സീനിയർ വൈദികനായ വെരി.റവ. യൗനാൻ മുളമൂട്ടിൽ കോർ എപ്പിസ്ക്കോപ്പാ ഉദയപൂർ മഹാരാജാവ് ശ്രീ. ജി. അരവിന്ദ് സിംഗ് മേഖറിൽ നിന്നും അവാർഡു വാങ്ങി.

കാഷ്മീർ - കേരള സോഷ്യൽ ഫൗണ്ടേഷന്റെ അഞ്ചാമത് ന്യൂ ഈയർ സെലിബറേഷൻ അവാർഡ് ദാന ചടങ്ങിൽ ഉദയപ്പൂർ മഹാരാജാവ് ശ്രീ. ജി അരവിന്ദ് സിംഗ് മേഖർ, ജമ്മു-കാഷ്മീർ മുൻ മുഖ്യമന്ത്രി ഡോ. ഫറൂക് അബ്ദുള്ള, ട്രാവൻകൂർ പ്രിൻസ് ശ്രീ. ആദിത്യവർമ്മ, സൂപ്പർ ഫിലിംസ്റ്റാർ വിവേക ഒബ്രോയ്, ശ്രീ. എൻ. കെ. പ്രേംചന്ദ്രൻ എം.പി. (കേരള) ഡി. ജി.പി. അല്സാണ്ടർ ജേക്കബ് ഐ.പി.എസ്., രാജസ്ഥാൻ ഗവ. അംബാസിഡർ ശ്രീ. വിനോദ് അജ്മേരാ IAS, കാലിക്കറ്റ് അസ്സി. കളക്ടർ ശ്രീ. പ്രശാന്ത് നായർ IAS, K&K സോഷ്യൽ ഫൗണ്ടേഷൻ പ്രസിഡന്റ് പ്രിൻസ് വൈദ്യൻ (മുംബൈ), സീനിയർ പോലീസ് ഇൻസ്പെക്ടർ ശ്രീമതി സുജാതാ പാട്ടീൽ എന്നിവർ പങ്കെടുത്തു.

Kashmir to Kerala Social Foundation മുംബെയിൽ സംഘടിപ്പിച്ച അവാർഡുദാന ചടങ്ങിൽ - മലങ്കര ഓർത്തഡോക്സ് സഭ ബോംബെ ഭദ്രാസനത്തിലെ സീനിയർ വൈദികൻ വെരി. റവ. യൗനാൻ മുളമൂട്ടിൽ കോർ-എപ്പിസ്ക്കോപ്പാ, ഉദയപ്പൂർ മഹാരാജാവ് ശ്രീ. ജി. അരവിന്ദ് സിംഗ് മേഖറിൽ നിന്നും അവാർഡു വാങ്ങുന്നു. ജമ്മുകാഷ്മീർ മുൻ മുഖ്യമന്ത്രി ഡോ. ഫറൂക്ക് അബ്ദുള്ള, എൻ.കെ. പ്രേംചന്ദ്രൻ എം.പി. (കേരള) ട്രാവൻകൂർ പ്രിൻസ് ആദിത്യ വർമ്മ, കെ. ആൻഡ് കെ. പ്രസിഡന്റ് ശ്രീ പ്രിൻസ് വൈദ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

Advt.

SERMON



ഈസ്റ്റർ

■ ഡോ. പുന്നൂസ് യു. പാണൂർ

കാർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ വചനങ്ങൾ നമ്മുടെ പഠനത്തിനും ധ്യാനത്തിനും വിഷയമാകാറുണ്ട്. അതുപോലെ തന്നെ ഉത്ഥാനം ചെയ്ത ക്രിസ്തു തന്റെ ശിഷ്യന്മാരോടു അരുളിച്ചെയ്ത വചനങ്ങളും വളരെ പ്രാധാന്യമുള്ളതും ചിന്തനീയവുമാകുന്നു. അവയിൽ ചില വചനങ്ങളെക്കുറിച്ചു ചിന്തിക്കാം:-

1. ഭയപ്പെടേണ്ട, നിങ്ങൾക്കു സമാധാനം

(മത്താ. 28:10, ലൂക്കോ. 24:36, യോഹ. 20:19,26)

ഭയം നിറഞ്ഞ ശിഷ്യന്മാരെ ക്രിസ്തു ആശ്വസിപ്പിച്ചതു "ഭയപ്പെടേണ്ട" എന്നു പറഞ്ഞ് (മത്താ. 208:10). ഭയമില്ലാതെ ജീവിക്കാവുന്ന മാനസീകാവസ്ഥയിലേക്കു കർത്താവു നമ്മെയും ക്ഷണിക്കുന്നു.

യേശു ക്രിസ്തു ലോകത്തിലേക്കു വന്നതു സമാധാനം നൽകുന്നതിനാണ്. തന്റെ ജനനത്തിങ്കൽ ദൂതന്മാർ പാടി: 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം' (ലൂക്കോ. 2:14). ക്രിസ്തു പഠിപ്പിച്ചു: "സമാധാനം ഉണ്ടാകുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും" (മത്താ. 5:9). അതേ സമാധാനം ഇന്നും ക്രിസ്തു ലോകത്തിനു ആശംസിക്കുന്നു.

2. സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ

(മർക്കോ. 16:15) സകല ജാതികളെയും ശിഷ്യരാക്കി കൊൾവീൻ (മത്താ. 28:19,20)

ചരിത്ര പുരുഷനായ ക്രിസ്തു തന്നെയാണു ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്ന സത്യം നാം ലോകത്തോടു സാക്ഷിക്കുന്നു. ദൈവേഷ്ടത്തിനനുസരിച്ചു ജീവിക്കുന്ന ഒരു സമൂഹമാണു ക്രിസ്തു ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നവർ അവന്റെ ഇഷ്ടമനുസരിച്ച് ജീവിക്കയും തന്നെ ലോകത്തിനു മുമ്പാകെ സാക്ഷിക്കയും ചെയ്യേണ്ടതാണ്. ഇന്നു ലോക ജനസംഖ്യയുടെ 30% ഉം ഇൻഡ്യയിൽ വെറും 3% ഉം കേരളത്തിൽ 20% ഉം മാത്രമേ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചിട്ടുള്ളു എന്ന സത്യം നാം മറന്നു പോകരുത്.

3. "അയ്യോ ബുദ്ധിഹീനരേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ പ്രവേശിക്കേണ്ടതല്ലയോ? (ലൂക്കോ. 24:25,26)

യേശുക്രിസ്തു കഷ്ടം അനുഭവിച്ചിട്ടു മരിക്കയും ഉയിർക്കയും ചെയ്യേണമെന്നതു ദൈവഹിതമായിരുന്നു. പ്രവാചകന്മാർ മുൻകൂട്ടി പ്രവചിച്ചിരുന്നതിന്റെ പൂർത്തീകരണമായിരുന്നു. (ആവ. 18:15, സങ്കീ. 22:1-21, യെശ. 53:1-12) യേശു മരിച്ചതു മഹത്വം പ്രാപിക്കേണ്ടതിനായിരുന്നു. യേശുവിന്റെ മഹത്വമാണ് ക്രൈസ്തവന്റെ മഹത്വം.

4. "നിങ്ങൾ കലങ്ങുന്നതു എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്?

(ലൂക്കോ. 24:38)

യേശുക്രിസ്തു ഉയിർത്തു എന്ന വാർത്ത പല ശിഷ്യന്മാരും വിശ്വസിച്ചില്ല. അവരെ യേശു ശാസിച്ചു ഇന്നു കർത്താവിന്റെ ഉയിർപ്പിൽ വിശ്വാസിക്കാത്തവർ ഉണ്ട്. അവരോടു കർത്താവു ചോദിക്കുന്ന ചോദ്യങ്ങളാകുന്നു ഇവ. യേശുക്രിസ്തുവാലുള്ള പൂർണ്ണവിശ്വാസമാകുന്നു ആവശ്യം. ക്രിസ്തു നമ്മോടുകൂടെയുള്ളതിനാൽ യാതൊരു വിധ ഭയാശങ്കകൾക്കോ അധൈര്യത്തിനോ കാര്യമില്ല.

5. "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക"

(യോഹ. 20:27)

ക്രിസ്തുവിലുള്ള പൂർണ്ണമായ വിശ്വാസവും സമർപ്പണവുമാണ് താൻ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. അവിശ്വാസത്തിനു എങ്ങും സ്ഥാനമില്ല.

ക്രിസ്തുവിന്റെ ഉയിർപ്പിലും താൻ ജീവിച്ചിരിക്കുന്നു എന്നതിലും പൂർണ്ണമായ വിശ്വാസമാണു നമുക്കാവശ്യം. തോമസ് അപ്പോസ്തലൻ ആവശ്യപ്പെട്ടതുപോലെ എല്ലാ കാര്യത്തിലും തെളിവു ആവശ്യമില്ല. "കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ" (യോഹ. 20:29) എന്നാണു കർത്താവു പറഞ്ഞിരിക്കുന്നത്.

6. "പടകിന്റെ വലത്തു വശത്തു വലവീശുവീൻ; എന്നാൽ നിങ്ങൾക്കു കിട്ടും" (യോഹ. 21:6)

അദ്ധ്വാനിച്ചു ഫലമില്ലാതെ കഴിയുന്നവർക്കു ആശ്വാസം നൽകുവാൻ ക്രിസ്തുവിനു സാധിക്കും. ജീവിതവും ദർശനവും അർത്ഥരഹിതമായിതോന്നുന്നവർക്കു പുതിയ ദർശനവും വഴികളും കാണിച്ചു കൊടുക്കുവാൻ ക്രിസ്തുവിനു കഴിയുന്നു. താല്ക്കാലികമായ പരാജയങ്ങളിൽ മടുത്തു പോകാതെ പുതിയ വഴികൾ തേടുവാനും വിജയത്തിലെത്തുവാനും സാധിക്കും എന്നാണു ക്രിസ്തുവിന്റെ വചനം കാണിച്ചു തരുന്നത്.

7. "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ"? (യോഹ. 21:15)

നാം ആരെയാണു സ്നേഹിക്കുന്നത്? നമുക്കുവേണ്ടി ജീവൻ നല്കിയ യേശു ക്രിസ്തുവിനു നമ്മുടെ ജീവിതത്തിലുള്ള സ്ഥാനമെന്താണ്. ഉത്ഥിതനായ ക്രിസ്തുവിനെ അനുഗമിക്കുന്നവർ സ്നേഹിക്കുന്നവനായിരിക്കണം. സ്നേഹമാണു ക്രിസ്തീയതയുടെ അടിസ്ഥാനം. സ്നേഹത്താൽ നിറയുമ്പോൾ ത്യജിപ്പാനും, ക്ഷമിപ്പാനും, അനുസരിപ്പാനും, സഹിപ്പാനും നമുക്കു കഴിയും. ദൈവത്തെ സ്നേഹിക്കുന്നവൻ സ്വസഹോദരങ്ങളെയും സ്നേഹിക്കും.

8. "എന്നെ അനുഗമിക്ക" (യോഹ. 21:19)

യേശുവിനെ പിൻചെല്ലുവാൻ താൻ ഇന്നും നമ്മെ ക്ഷണിക്കുന്നു. കർത്താവു പറയുന്നു: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" ക്രിസ്തുവാകുന്ന സത്യ വഴിയിൽ കൂടി നാം നടന്നു ജീവനു അവകാശികളായിത്തീരണം. അതിനു യേശുവിന്റെ ക്രൂശെടുത്തു നാം അവന്റെ പിന്നാലെ ചെല്ലണം.

9. "പിതാവു എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21)

ക്രിസ്തു ലോകത്തിലേക്കു വന്നതു പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാനാണ്. താൻ വന്നത് "തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുക" (മത്താ. 1:21) എന്ന ഉദ്ദേശത്തോടെയാണു "യേശു" എന്ന പേർ തനിക്കു ഇട്ടതു തന്നെ ആ ലക്ഷ്യം നിറവേറ്റുന്നതിനാണ്. ക്രിസ്തു തന്റെ ശിഷ്യന്മാരെ അയച്ചതും ആ ലക്ഷ്യത്തോടെയാണ്. സ്വയം പാപരഹിതരായി ജീവിക്കുന്നതോടൊപ്പം ലോകത്തെ പാപത്തിന്റെ പിടിയിൽ നിന്നും മോചിപ്പിക്കുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടെയും ലക്ഷ്യം.

10. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് (മത്താ. 28:20)

ക്രിസ്തുവിന്റെ വചനം നമ്മെ ധൈര്യപ്പെടുത്തുന്നാണ്. നാം ഒരിക്കലും ഒറ്റക്കല്ല. എല്ലാ സമയത്തും എല്ലാ സാഹചര്യങ്ങളിലും ദൈവം നമുക്കു തുണയായിട്ടുണ്ട്. ആ അറിവു നമുക്കു ധൈര്യവും പ്രത്യാശയും നൽകുന്നു. ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

ഉത്ഥിനായ ക്രിസ്തുവിന്റെ വചനങ്ങൾ നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കലും ജീവിക്കുവാൻ ആവശ്യമായ ആത്മ ധൈര്യവും പ്രത്യാശയും പ്രദാനം ചെയ്യുകയും ശരിയായ ക്രിസ്തീയ പാതയിൽ ചരിക്കുവാൻ പ്രചോദനം നൽകുകയും ചെയ്യുന്നതാണ്. ■

AWARD

Miss. Sneha Rachel Mathew has been awarded Stern Business School's (New York University, USA) prestigious, merit scholarship and selected as Robert Salomon Faculty Scholar for MBA programme, 2016 -2018 of the University. She is the daughter of Dr. P. J. Mathew and Jolly Mathew, Thekkan Parumala St. Gregorios, Orthodox Church, Peroorkada, Thiruvanantha puram.

ഉപദർശനം

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെപ്പറ്റി ലഘുവായ വിവരങ്ങളെ സുവിശേഷങ്ങളിലുള്ളൂ. അവ നൽകുന്നത് വി. മർക്കോസും ലൂക്കോസുമാണ്. മർക്കോസ് സാക്ഷ്യപ്പെടുത്തുന്നു: "ഇങ്ങനെ കർത്താവയ യേശു അവരോട് അരുളിച്ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു" (മർക്കോസ് 16:19). ലൂക്കോസിന്റെ രേഖപ്പെടുത്തൽ ഇങ്ങനെയാണ്: "അനന്തരം അവൻ അവരെ ബഥാന്യയോളം കൂട്ടിക്കൊണ്ടുപോയി. കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കുമ്പോൾ അവൻ അവരെ വിട്ടു പിരിഞ്ഞു (സ്വർഗ്ഗാരോഹണം ചെയ്തു) (ലൂക്കോ. 24:50,51). അപ്പൊസ്തോല പ്രവൃത്തികളിൽ അദ്ദേഹം എഴുതുന്നു. "അവൻ കഷ്ടം അനുഭവിച്ച ശേഷം നാല്പതു നാളോളം അവർക്ക് പ്രത്യക്ഷനായി... ഇതുപറഞ്ഞ ശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു, ഒരു മേഘം അവരെ മൂടീട്ട് അവൻ അവരുടെ കാഴ്ചെക്കു മറഞ്ഞു... നിങ്ങളെ വിട്ട് സ്വർഗ്ഗാരോ ഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതു പോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു." (അപ്പൊ. പ്രവൃ. 1:2-11).

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷം നാല്പതോളം ദിവസങ്ങൾക്കു ശേഷമാണ് സ്വർഗ്ഗാരോഹണം ഉണ്ടായതെന്ന് ലൂക്കോസ് സമർത്ഥിക്കുന്നു. ഈ പാരമ്പര്യമാണ് സഭ നിലനിർത്തുന്നത്. സഭയിൽ 40 എന്ന സംഖ്യക്ക് ഏറെ പ്രാധാന്യമുണ്ട്. വി. വേദപുസ്തകത്തിൽ 40 ന്റെ പ്രാധാന്യം ശ്രദ്ധേയമാണ്. യേശു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ 40 ദിവസം ഉപവസിച്ചു. നിയമങ്ങൾ ആലേഖനം ചെയ്ത കല്പലകകൾ ഏറ്റുവാങ്ങുവാൻ മോശ നാല്പതു ദിവസം സീനായി മലയിൽ കഴിച്ചുകൂട്ടി. ഏലിയാ പ്രവാചകൻ 40 ദിവസത്തെ നോമ്പാചരണം നടത്തുകയുണ്ടായി. കനാൻ ദേശം അധീനമാക്കുന്നതിനു മുമ്പ് യിസ്രായേൽ മക്കൾ മരുഭൂമിയിൽ 40 വർഷക്കാലം താമസിച്ചു എന്നാണ് യഹൂദന്മാരുടെ പാരമ്പര്യം.

യേശു സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലം കൃത്യമായി പറഞ്ഞിട്ടില്ലെങ്കിലും പാരമ്പര്യ വിശ്വാസം, ഒലിവുമലയിൽ വച്ചാണെന്നാണ്. ഒരു വെൺകല്ലിന്റെ പുറത്ത് നിന്നാണ് സ്വർഗ്ഗാരോ

സ്വർഗ്ഗാരോഹണം

റവ. ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ

ഹണം ചെയ്തത്. ഇന്ന് അവിടെയാണ് സ്വർഗ്ഗാരോഹണപ്പള്ളി സ്ഥിതി ചെയ്യുന്നത്; ആ കല്ലിനെ ഉള്ളിലാക്കി, ചുറ്റിലും വൃത്താകൃതിയിൽ എട്ടുപട്ടമായി പണിത പള്ളി. ഇവിടം ആദ്യം മുസ്ലീകളുടെ കൈവശമായിരുന്നു. കുരിശുയുദ്ധക്കാലത്ത് വീണ്ടും ക്രിസ്തീയ പള്ളിയാക്കി. വിശുദ്ധനാട് സന്ദർശന വേളയിൽ എല്ലാവരും ഇവിടം സന്ദർശിക്കാറുണ്ട്. പള്ളിക്കു ചുറ്റിലുമുള്ള മതിലിനോട് ചേർന്ന് അനേകം കൽ ത്രോണോസുകൾ കാണാം. സ്വർഗ്ഗാരോഹണപ്പെരുന്നാൾ ദിവസം ഓരോ സഭക്കാർ അവരവരുടെ ത്രോണോസുകളിൽ വി. കുർബാന അർപ്പിക്കുന്നു. തൊട്ടടുത്ത് ഒരു വലിയ മുസ്ലീം പള്ളിയുണ്ട്. സ്വർഗ്ഗാരോഹണപ്പള്ളിയുടെയും മുസ്ലീം ദേവാലയത്തിന്റേയും പുറംമതിൽ ഒന്നു തന്നെയാണ്. സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലം ഒരു മുസ്ലീം കുടുംബത്തിന്റെ കൈവശമാണത്രെ. എങ്കിലും സ്വർഗ്ഗാരോഹണപ്പെരുന്നാളിൽ വി. കുർബ്ബാന അർപ്പിക്കാൻ അവർ ക്രിസ്ത്യാനികളെ അനുവദിക്കുന്നു. സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ നിന്ന കല്ലിൽ, യേശുവിന്റേതെന്ന് കരുതപ്പെടുന്ന കാൽപ്പാദത്തിന്റെ അവ്യക്ത രൂപവും കാണാം.

മഹത്വീകരണം പ്രാപിച്ച യേശുക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. യേശുക്രിസ്തുവിന്റെ മഹത്വീകരണം മനുഷ്യനായ യേശുവിന്റെ മഹത്വീകരണം കൂടിയാണ്; നാമോരോരുത്തരും അതിൽ പങ്കാളികളാണ് എന്നാണല്ലൊ ഇത് സ്പഷ്ടമാക്കുന്നത്.

പഴയ നിയമകാലത്ത് ബലിയർപ്പണത്തിനുശേഷം പുരോഹിതൻ കൈകളുയർത്തി ജനത്തെ ആശീർവദിച്ചിരുന്നു. യേശു കൈകളുയർത്തി ജനത്തെ ആശിർവദിച്ചു. താൻ മെശയാനിക് പുരോഹിതനാണെന്ന് അങ്ങനെ യേശു വെളിപ്പെടുത്തി.

ഡോക്ട്രേറ്റ്

ഒ.എസ്.എസ്.എ.ഇ. എക്സിക്യൂട്ടീവ് ഓഫീസർ പണിക്കരുവീട്ടിൽ പ്രൊഫ. ചെറിയാൻ തോമസിന് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിസ്ത്യൻ മിനിസ്റ്ററിയിൽ ഡോക്ട്രേറ്റ് ലഭിച്ചു. *ഓർത്തഡോക്സ് ആരാധനയുടെ മഹത്വം സാധാരണക്കാരിൽ എത്തിക്കുവാനുള്ള ഒരു സൺഡേ സ്ക്കൂൾ കരിക്കുലം* എന്നതായിരുന്നു ഗവേഷണ വിഷയം.

കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ എം.എസ്.സി.യും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഫിലും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി.യും നേടിയിട്ടുണ്ട്. എം.ഒ.സി. കോളേജ്, ബസേലിയോസ് പബ്ലിക് സ്ക്കൂൾ, ആർദ്ര ചാരിറ്റബിൾ സൊസൈറ്റി എന്നിവയുടെ ഗവേണിംഗ് ബോർഡ് മെമ്പറായും നട്ടാശ്ശേരി സെ. തോമസ് പള്ളി ട്രസ്റ്റിയായും പ്രവർത്തിക്കുന്നു. സഹധർമ്മണി: പ്രൊഫ. ഡോ. സൂസൻ വർഗീസ്. മക്കൾ: പ്രൊഫ. ഡോ. ഏഞ്ചൽ സൂസൻ ചെറിയാൻ, ഡോ. ക്രിസ്റ്റി തോമസ് ചെറിയാൻ, ഡോ. മെറിയം വർഗീസ്, ബെൻ വർഗീസ് ചെറിയാൻ.

തിരുവല്ല കാരയ്ക്കൽ സെന്റ് ജോർജ് പള്ളി ശതോത്തര സുവർണ്ണ ജൂബിലി ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു. ഫാ. അലക്സാണ്ടർ ഏബ്രഹാം, മാത്യു ടി. തോമസ് എം.എൽ.എ., ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ജസ്റ്റിസ് ജെ.ബി. കോശി, മുൻ സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ആന്റോ ആന്റണി എം.പി., ജേക്കബ് തോമസ്, വികാരി ഫാ. കുരുവിള മാത്യു എന്നിവർ സമീപം.

ST. GEORGE ORTHODOX CATHEDRAL, ABU DHABI

P.O. Box -883, Abu Dhabi, United Arab Emirates, Tel: 00971 2 4464564, 00971 2 4464565

ST. GEORGE HOMES

A GOLDEN JUBILEE HOUSING PROJECT OF ST. GEORGE ORTHODOX CATHEDRAL – PHASE III

അബുദാബി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ സുവർണ്ണ ജൂബിലി ഭവന പദ്ധതിയായ **"ST. GEORGE HOMES"** ലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

വീടൊന്നിന് 5 ലക്ഷംരൂപാ ചിലവിട്ട് ഏകദേശം 500 Sq. Ft. വിസ്തൃതിയുള്ള ഭവനങ്ങൾ, നിർധനരും, ഭവനരഹിതരുമായ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി നിർമ്മിച്ചു നൽകുന്ന PHASE-III പദ്ധതിയിലേക്ക് പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ അപേക്ഷകൾ, 2016, April 30 ാം തീയതിക്കു മുൻപായി കിട്ടത്തക്കവിധം The Vicar, St. George Orthodox Cathedral, P.O. Box – 883, Abu Dhabi, United Arab Emirates. എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

അപേക്ഷകൾ സംബന്ധിച്ച വിശദവിവരങ്ങൾ:

1. സാമ്പത്തിക സ്ഥിതിയും പരിഗണനാർഹമായ മററ് യോഗ്യതകളും വെളിപ്പെടുത്തുന്ന വിശദമായ അപേക്ഷ.

2. അപേക്ഷകന്റെ പേരിൽ ഭവന നിർമ്മിതിക്കാവശ്യമായ ഭൂമി/വസ്തു ഉണ്ടെന്ന് ബോധ്യപ്പെടുത്തുന്നതിനായി ആധാരത്തിന്റെ കോപ്പി.

3. നിലവിലുള്ള താമസസ്ഥലം/വീടിന്റെ ഫോട്ടോ.

4. ഇടവകവികാരിയുടെ ശുപാർശയും, അപേക്ഷ തിരഞ്ഞെടുക്കപ്പെട്ടാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകി 2016 ഡിസംബർ മാസം 20ാം തീയതിക്കുള്ളിൽ പൂർത്തിയാക്കാമെന്ന ഉറപ്പും, ഉൾപ്പെടുന്ന സമ്മതപത്രം.

NB:

- മേൽപ്രസ്താവിച്ച 1 മുതൽ 3 വരെയുള്ള രേഖകൾ ഇടവക വികാരി നേരിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന അർഹരായ അപേക്ഷകരേയും, ഇടവക വികാരിയേയും തിരഞ്ഞെടുക്കപ്പെട്ട വിവരം രേഖാമൂലം അറിയിക്കുന്നതാണ്.
- മററുള്ള കത്തിടപാടുകൾ, ശുപർശകൾ, ടെലഫോൺ വഴിയുള്ള അന്വേഷണങ്ങൾ, തുടങ്ങിയവ അനുവദനീയമല്ല.
- 2016, April 30 ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

വാർദ്ധക്യം : സമഗ്ര ആരോഗ്യം

■ ഡോ. വൈ. അന്നമ്മ വർഗീസ്
കോട്ടയം

ലോകാരോഗ്യ സംഘടന (WHO)യുടെ നിർവചന പ്രകാരം 65 വയസ്സും അതിനു മുകളിലും പ്രായമുള്ളവരാണ് മുതിർന്ന പൗരന്മാർ (senior citizens). 2010-ൽ ലോകജനസംഖ്യയിൽ 53 കോടിയുണ്ടായിരുന്ന മുതിർന്ന പൗരന്മാർ 2050 ആകുമ്പോൾ 150 കോടിയായി വർദ്ധിക്കുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇൻഡ്യയിലാകട്ടെ 2010-ൽ ആറു കോടിയായിരുന്ന ഇവർ 2050 ആകുമ്പോഴേക്കും ഏതാണ്ട് നാലിരട്ടിയായി വർദ്ധിച്ച് 23 കോടിയാകുമെന്നാണ് അനുമാനം. ഇതിനു കാരണം വൈദ്യശാസ്ത്രത്തിന്റെ മികവു മൂലം ഉയർന്നു വരുന്ന ആയുർദൈർഘ്യവും കുറഞ്ഞു വരുന്ന ജനനനിരക്കുമാണ്.

വികസിത രാജ്യങ്ങളിലേതിനു സമാനമായ ആയുർദൈർഘ്യമുള്ള കേരളത്തിൽ പെൻഷൻ പ്രായം കഴിഞ്ഞവർ ജനസംഖ്യയുടെ 15 ശതമാനത്തോളം വരുമെന്നാണ് കണക്ക്. ആഗോള തലത്തിൽ മുതിർന്ന പൗരന്മാരുടെ ജീവിത സായാഹ്നം കഴിയുന്നത്ര സുഗമമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നത് 21-ാം നൂറ്റാണ്ടിലെ വെല്ലുവിളിയാണ്.

ജീവിത സായാഹ്നത്തിൽ സാധാരണയായ ശാരീരികം, മാനസികം, സാമൂഹികം, സാമ്പത്തികം തുടങ്ങിയ പല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടി വരുമ്പോഴാണ് വാർദ്ധക്യം ദുരിതപൂർണ്ണമാകുന്നത്. മക്കളുടെ അവഗണനയിലും, അശ്രദ്ധയിലും, തിരക്കേറിയ ജീവിത സാഹചര്യങ്ങളിലും വീർപ്പുമുട്ടിക്കഴിയുന്ന ധാരാളം വയോജനങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. സ്നേഹവും കരുതലും നിഷേധിക്കപ്പെടുമ്പോൾ പല ശാരീരിക-മാനസിക പ്രശ്നങ്ങളും പ്രത്യക്ഷപ്പെടാറുണ്ട്.

വയോജന ക്ഷേമവിഷയത്തിൽ കുടുംബാംഗങ്ങളെയും വൃദ്ധജനങ്ങളെയും ബോധവൽക്കരിക്കേണ്ടതുണ്ട്. മാതാപിതാക്കൾക്ക് കഴിയുന്നത്ര സ്നേഹവും ശ്രദ്ധയും പരിചരണവും നൽകുവാൻ കുടുംബാംഗങ്ങളും മക്കൾക്ക് കൂടുതലായ ബുദ്ധിമുട്ടുകൾ വരുത്തിവയ്ക്കാതെ ശ്രദ്ധിക്കുന്നതിന് വയോജനങ്ങളും ശ്രമിക്കണം.

ജീവിത സായാഹ്നത്തിലേക്കുള്ള തയാറെടുപ്പുകൾ

വാർദ്ധക്യകാലം ഒരു വസന്തമാക്കുവാൻവേണ്ടി യൗവ്വനത്തിലും മദ്ധ്യവയസിലും മുതൽ തന്നെ ശാരീരികം മാനസികം, ബൗദ്ധികം, ആദ്ധ്യാത്മികം എന്നീ കാര്യങ്ങളിൽ തയ്യാറെടുപ്പ് ആവശ്യമാണ്. ജീവിതാനുഭവങ്ങളുടെ വിളവെടുപ്പാണ് വാർദ്ധക്യം എന്നു മനസ്സിലാക്കി വിശാലമായ കാഴ്ചപ്പാടോടുകൂടി ഇതിനെ സമീപിക്കാൻ സാധിച്ചാൽ ജീവിതസായാഹ്നം സാർത്ഥകമായിതീരും.

* ആദ്യമായി ജനനത്തിനും മരണത്തിനുമിടയിലുള്ള ഒരു അനിവാര്യമായ അവസ്ഥയാണ് വാർദ്ധക്യം എന്നു തിരിച്ചറിഞ്ഞാൽ ജീവിത സായാഹ്നത്തെ സന്തോഷത്തോടെ വരവേൽക്കാൻ കഴിയും.

* വാർദ്ധക്യത്തെ പരാമർശിച്ച് ചില മരുന്നു കമ്പനികൾ, മാധ്യമങ്ങൾ തുട

> **സന്തോഷമായിരുന്നുകൊണ്ട് ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദിക്കുവാൻ ശ്രമിക്കണം. കാരണം ഈ ചെറിയ ജീവിതം അശുഭചിന്തകളാൽ നഷ്ടപ്പെടുത്തുവാനുള്ളതല്ല.**

ങ്ങിയവയുടെ വിഷാദാത്മകമായ കാഴ്ചപ്പാടുകൾ ശ്രദ്ധിക്കാതിരിക്കാം.

* പുകവലി, മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങി എന്തെങ്കിലും ദുശ്ശീലമുണ്ടെങ്കിൽ ക്രമേണ കുറച്ചുകൊണ്ടു വരണം.

* ശാരീരികാരോഗ്യം നലനിർത്തുന്നതിനായി ഒരു സമീകൃതാഹാരക്രമം ചിട്ടപ്പെടുത്തണം. പതിവുള്ള ആരോഗ്യ പരിശോധനകൾ നടത്തുകയും ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ കൃത്യമായും ക്രമമായും കഴിക്കുകയും വേണം. നിശ്ചിത സമയത്തു കുളി, പ്രാർത്ഥന, ഭക്ഷണം, ഉറക്കം തുടങ്ങിയ പതിവുകളും നിഷ്ഠകളും ശീലിക്കണം.

* പ്രായത്തിനു ചേരുന്ന നടത്തം, യോഗാ തുടങ്ങിയ വ്യായാമങ്ങൾ ചെയ്യുന്നത് ശാരീരിക-മാനസികാരോഗ്യം നിലനിർത്താൻ സഹായകമാണ്.

* ശാരീരികാരോഗ്യം പോലെ തന്നെ പ്രധാനപ്പെട്ടതാണ് മാനസികാരോഗ്യവും.

* ഏതു കാര്യത്തിനോടും ഒരു നല്ല മനോഭാവം പുലർത്തിയാൽ മനസ്സ് കൂടുതൽ ആരോഗ്യകരമാകും. നമ്മുടെ മനോഭാവം ചെറുപ്പം മുതലേ പോസിറ്റീവ് ആക്കാൻ സാധിച്ചാൽ വാർദ്ധക്യകാലം ഒരു വരദാനമായി തീരും.

* അതുപോലെ കുടുംബ ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്താൻ ശ്രദ്ധിക്കണം. ഉള്ളിലുള്ള സ്നേഹവും വാത്സ്യല്യവും കരുതലും തുറന്നു പ്രകടിപ്പിക്കാൻ സാധിക്കണം.

* ജീവിതസായാഹ്നത്തിലുണ്ടാകാവുന്ന ഏകാന്തത ഇഷ്ടപ്പെടാനും ആസ്വദിക്കാനും ശീലിക്കണം. "നല്ല വാർദ്ധക്യത്തിന്റെ രഹസ്യം ഏകാന്തതയുമായുള്ള ഒരു പൊരുത്തപ്പെടലാണ്" എന്ന് "ഏകാന്തതയുടെ 100 വർഷങ്ങൾ" എന്ന പ്രസിദ്ധ നോവലിൽ ഗബ്രിയേൽ ഗാർഷെ മാർഖേസിന്റ കഥാപാത്രം പറയുന്നത് വളരെ അർത്ഥവത്താണ്.

* മക്കൾ പറക്കമുറ്റുമ്പോൾ പറന്നു പോകേണ്ടവരാണ് എന്നു മനസ്സിലായാക്കിയാൽ "കിളിയൊഴിഞ്ഞ കൂടിന്റെ അവസ്ഥ" (empty nest syndrome) ഉണ്ടാകാതെയിരിക്കും.

* സൗഹൃദങ്ങൾ നിലനിർത്താനായി നേരിൽ കാണുകയോ, ഫോണിൽ സംസാരിക്കുകയോ, കത്തെഴുതുകയോ ചെയ്യുന്നത് ഏകാന്തത കുറച്ച് മാനസികാരോഗ്യം വർദ്ധിപ്പിക്കും.

* പുതിയ തലമുറയിലുള്ളവരുടെ തെരക്കുകൾ മനസ്സിലാക്കി, നല്ലവാക്കുകൾ പറയുവാനും, പരിചരിക്കുന്നവരോടും മറ്റും സ്നേഹമായി പെരുമാറുവാനും കഴിഞ്ഞാൽ ജീവിതസായാഹ്നം കൂടുതൽ സന്തോഷകരമാകും.

* വാർദ്ധക്യം കഴിയുന്നത്ര ക്രിയാത്മകമാക്കാൻ ശ്രമിക്കണം. ഔദ്യോഗികമായി വിരമിച്ചാലും പൊതുജനസേവനം തുടരുന്ന ഒരുസംസ്ക്കാരം നമ്മുടെ സമൂഹത്തിൽ വളരേണ്ടിയിരിക്കുന്നു: ഇത് വ്യക്തിക്കും സമൂഹത്തിനും ഗുണം ചെയ്യും.

* 55/58/60 വയസ്സിൽ റിട്ടയർ ചെയ്യുന്നവരുടെ കഴിവും സേവന തല്പരതയും പ്രയോജനപ്പെടുത്തുവാൻ ഉള്ള അവസരം സമൂഹത്തിൽ ഉണ്ടാകണം.

* മുതിർന്ന പൗരന്മാർ സാധിക്കുന്നിടത്തോളം ചലനാത്മകമായിരിക്കാൻ ശ്രദ്ധിക്കണം. അലസമായിരിക്കാതെ ഇഷ്ടമുള്ള പാട്ട്, കമ്പ്യൂട്ടർ, പാചകം, തയ്യൽ തുടങ്ങിയവയിൽ നൈപുണ്യം നേടിയാൽ വലിയ സംതൃപ്തി ലഭിക്കും.

* പുതിയ സാങ്കേതിക വിദ്യകൾ, ഭാഷകൾ തുടങ്ങിയവ പഠിക്കുന്നത് തലച്ചോറിലെ കോശങ്ങളെ ഉത്തേജിപ്പിച്ച് ഡിമൻഷ്യാ രോഗത്തെ, മേധാക്ഷയം തടയാൻ സഹായിക്കും. അതുപോലെ കുട്ടികളും യുവാക്കളുമായുള്ള സൗഹൃദം മനസ്സു ചെറുപ്പമായിരിക്കാൻ സഹായിക്കും.

* ആദ്ധ്യാത്മികതയിൽ അടിസ്ഥാനമിട്ട ഒരു ജീവിതതത്വശാസ്ത്രം ജീവിത സായാഹ്നത്തിനു മുൻപു തന്നെ രൂപപ്പെടുത്തി എടുക്കേണ്ടതാണ്.

ബ്രഹ്മചര്യവും ഗാർഹസ്ഥ്യവും കഴിഞ്ഞ് വാനപ്രസ്ഥവും പിന്നീട് സന്യാസവും എന്ന ഭാരതീയ തത്വശാസ്ത്രം വളരെ അർത്ഥവത്താണ്. ഈ ദശയിൽ പലതിനെയും തെല്ലകലത്തിൽ കാണാൻ ശ്രമിക്കണം. ജീവിതത്തിൽ സജീവമായിരുന്നുകൊണ്ട് ജീവിതത്തോട് ഒരു നിഷ്കാമമായ മനോഭാവം വളർത്തേണ്ട കാലഘട്ടമാണിത്. ആരോഗ്യം അനുവദിക്കുന്നിടത്തോളം ദേവാലയത്തിൽ പോയി ആരാധനയിൽ പങ്കെടുക്കുകയും വേദപുസ്തക വായനയിൽ സമയം ചെലവഴിക്കുകയും ചെയ്യണം. ലൂക്കോസിന്റെ സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടുന്ന നീതിമാനായ ശിമയോനും, വളരെ വയസ്സുചെന്ന ഹന്നാ പ്രവാചകിയും എങ്ങനെ അനുഗ്രഹപൂർണ്ണവും പ്രത്യാശാഭരിതവുമായി ജീവിത സായാഹ്നം ചെലവിടാം എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്

സന്തോഷമായിരുന്നുകൊണ്ട് ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദിക്കുവാൻ ശ്രമിക്കണം. കാരണം ഈ ചെറിയ ജീവിതം അശുഭചിന്തകളാൽ നഷ്ടപ്പെടുത്തുവാനുള്ളതല്ല. ചിരിക്കാൻ സാധിക്കുമ്പോഴെല്ലാം ചിരിക്കുക. ക്ഷമ പറയാനുള്ള അവസരം ഉണ്ടായാൽ ക്ഷമ പറയണം. നമുക്ക് മാറ്റുവാൻ പറ്റാത്ത കാര്യങ്ങൾ വെറുതെ വിടണം... ഓരോ ദിവസവും രാവിലെ ഉണരുമ്പോൾ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് എഴുന്നേൽക്കുക. എന്റെ പേശികൾക്ക് വേദനയുണ്ടെങ്കിലും അവ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ രാത്രി നന്നായി ഉറങ്ങിയില്ലെങ്കിലും രാവിലെ ഉണരാൻ സാധിച്ചു. 100 ശതമാനം തികഞ്ഞതല്ലെങ്കിലും എന്റെ ജീവിതം നല്ലതാണ്. ഇങ്ങനെ സ്തോത്രത്തോടെ ആരംഭിക്കുന്ന ദിവസം അർത്ഥപൂർണ്ണമായിരിക്കും.

ലൗകിക കാര്യങ്ങളും ക്രമപ്പെടുത്തണം. സാമ്പത്തിക ശേഷിയുള്ളവർ മദ്ധ്യവയസു കഴിയുമ്പോൾ തന്നെ സാമ്പത്തിക കാര്യങ്ങളും സ്വന്തം ജീവിത സായാഹ്നത്തിലേക്കുള്ള

HOLY SYNOD 2016



കോട്ടയം:- മലങ്കര ഓർത്തഡോക്സ് സഭയുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സമ്മേളനം സമാപിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു.

സഭാ ചിത്രകാരൻ ബേബി ചെങ്ങന്നൂരിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ നിന്നും സ്പിരിച്ച്വാലിറ്റിയിൽ ഡോക്ടറേറ്റ് നേടിയ ഡോ. യാക്കോബ് മാർ ഐറേനിയോസിനെ യോഗം അഭിനന്ദിച്ചു.

കോയമ്പത്തൂർ തടാകം ആശ്രമ സ്ഥാപകൻ കാലം ചെയ്ത ബിഷപ്പ് പെക്കൻ ഹാം വാൽഷിനെ *സഭാ ബന്ധു* എന്ന ബഹുമതി നാമം നൽകി ആദരിക്കാൻ തീരുമാനിച്ചു. ഫാ. ഡോ. ടി. ജെ. ജോഷ്വായ്ക്ക് *മലങ്കര സഭാ ഗുരുരത്നം* എന്ന ബഹുമതി സ്ഥാന നാമം നൽകി ആദരിക്കും. ഡോ. സഖറിയ മാർ അപ്രേം, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നിവർ ധ്യാനം നയിച്ചു. സഭാ മാനവശാക്തീകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്ര സൗഖ്യ പദ്ധതിയെക്കുറിച്ച് പ്രസിഡന്റ് ഡോ. തോമസ് മാർ അത്തനാസിയോസ് വിശദീകരിച്ചു.

ഫാ. എം.സി. കുര്യാക്കോസ് (പരുമല സെമിനാരി), ഫാ. എം.സി. പൗലോസ് (സെന്റ് ഗ്രീഗോറിയൻ കാൻസർ കെയർ സെന്റർ), ഫാ. ഡോ. ഒ. തോമസ് (കോട്ടയം വൈദിക സെമിനാരി), ഫാ. ഡോ. ബിജേഷ് ഫിലിപ്പ് (നാഗ്പൂർ സെമിനാരി) ഫാ. ഏബ്രഹാം തോമസ് (എക്യൂമെനിക്കൽ റിലേഷൻസ് കമ്മിറ്റി) എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ■

നിർദ്ദേശങ്ങളും അടുത്ത ബന്ധുക്കളുമായി തുറന്നു ചർച്ച ചെയ്ത് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നത് ഭാവിയിൽ ഉണ്ടാകാവുന്ന പല ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ സഹായകരമാണ്.

വയോജനങ്ങൾ 'വയോശക്തി'-പ്രായത്തിന്റെ ശക്തി സംഭരിച്ചവർ ആണെന്നു മനസ്സിലാക്കി അവരുടെ പക്വത, അറിവ്, ഉൾക്കാഴ്ച, വിഭവശേഷി, ശുശ്രൂഷാ മനോഭാവം തുടങ്ങിയ സമ്പത്ത് സഭയിലും സമൂഹത്തിലും പ്രയോജനപ്പെടുത്തുന്ന ഒരു രീതി നടപ്പാക്കണം. ഇത് വ്യക്തികളിലും സമൂഹത്തിലും വലിയ പരിവർത്തനം ഉണ്ടാക്കാൻ സഹായിക്കും. ധാരാളം സാദ്ധ്യതകളുള്ള, വൃദ്ധിയുണ്ടാക്കുന്ന അവസ്ഥയാണ് വാർദ്ധക്യം. സൽഗുണസമ്പൂർണ്ണത സ്നേഹം, കരുണ, ക്ഷമ, വിശ്വസ്തത തുടങ്ങിയ ഗുണങ്ങൾ വർദ്ധിച്ചു വരുമ്പോൾ ഒരാൾ തേജസ്സുള്ള വൃദ്ധനാകുന്നു. അപ്പോഴാണ് നരച്ച തല ശോഭയുള്ള കിരീടമാകുന്നത്.

മാർഗോട്ട് വെനറി ഇസബേർട്ട് എന്ന എഴുത്തുകാരിയുടെ വാക്കുകൾ വാർദ്ധക്യ കാലം സർത്ഥകമാക്കുവാൻ സഹായിക്കും.

1. ദൈവമേ, അവസരം കിട്ടുമ്പോഴെല്ലാം ഏതു വിഷയത്തെപ്പറ്റിയും സംസാരിച്ചുകൊണ്ടിരിക്കുന്ന സ്വഭാവത്തിൽ നിന്നും എന്നെ വിടുവിക്കണമേ.

2. ഒരു വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ ആവശ്യമില്ലാത്ത വിശദാംശങ്ങൾ പറഞ്ഞുകൊണ്ടിരിക്കാതെ പ്രധാന ആശയത്തിലേക്കു വേഗം പറന്നെത്തുവാൻ എനിക്കു ചിറകുകൾ നൽകേണമേ.

3. എന്റെ സ്വന്തം വേദനകളും പ്രയാസങ്ങളും പറഞ്ഞു കൊണ്ടിരിക്കുന്നതിൽ നിന്നും എന്നെ രക്ഷിക്കേണമേ. അതേ സമയം മറ്റുള്ളവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ശ്രദ്ധയോട് കേട്ട് അവർക്ക് ആശ്വാസം പകരുവാൻ എനിക്കു ക്ഷമതരണമേ.

4. ശാന്ത സ്വഭാവത്തോടെ മറ്റുള്ളവരോട് പെരുമാറാൻ എന്നെ സഹായിക്കേണമേ.

5. എനിക്ക് തെറ്റുപറ്റാം എന്ന പാഠം എന്നെ പഠിപ്പിക്കേണമേ.

6. ഓർമശക്തി കുറയമ്പോൾ അതു സമ്മതിക്കുന്നതിനുള്ള എളിമയ്ക്കായി പ്രാർത്ഥിക്കുന്നു.

7. മറ്റുള്ളവരുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കേണ്ട ഉത്തരവാദിത്തം എനിക്കാണ് എന്ന അബദ്ധധാരണയിൽ നിന്നും എന്നെ വിടുവിക്കേണമേ.

8. മറ്റുള്ളവരുടെ നന്മകളും കഴിവുകളും മനസ്സിലാക്കുമ്പോൾ അവരെ ആത്മാർത്ഥമായി അഭിനന്ദിക്കാനുള്ള മഹാ മനസ്കത എനിക്കു നൽകേണമേ. ആമ്മീൻ. ■

കനകജൂബിലി

വിശുദ്ധിയുടെ നറുമലർ

■ പ്രൊഫ. നൈനാൻ എബ്രഹാം
(മുൻ വൈസ് ചാൻസലർ, കാൺപൂർ യൂണിവേഴ്സിറ്റി)





പാമ്പാടി കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് തിരുമേനി മെത്രാൻ സ്ഥാനം ഏൽക്കുന്നതിന്റെ മുൻപായി തന്റെ ശിഷ്യഗണങ്ങളുമായി നിൽക്കുന്ന ചിത്രം (1929) പാമ്പാടി തിരുമേനി പാമ്പാടി പള്ളിയിൽ നിന്നും പൊത്തൻപുറം കുന്നിലേക്ക് തന്റെ പ്രാർത്ഥന കേന്ദ്രം മാറ്റിയ നാൾ മുതൽ, തന്നെ ശുശ്രൂഷിക്കുകയും, ദയറായിൽ താമസിച്ച് സുറിയാനി പഠിക്കുകയും കുർബ്ബാനയിൽ സംബന്ധിക്കുകയും, ദേവാലയ നിർമ്മാണത്തിൽ പങ്കു കൊള്ളുകയും ചെയ്ത ശിഷ്യ ഗണങ്ങളാണിവർ.

ജീവിതവിശുദ്ധിയുടെ കേന്ദ്രബിന്ദു ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ദൈവേഷ്ടം അനുസരിക്കുക എന്നുള്ളതാണ്. ദൈവത്തിന്റെ സൽഗുണ സമ്പൂർണത കുറെയെങ്കിലും ഉള്ളവരെയാണു നാം പരിശുദ്ധന്മാരായി കരുതുക. ഈ കാഴ്ചപ്പാടിലൂടെ വിലയിരുത്തുമ്പോൾ, ദൈവേഷ്ടം മാത്രം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്ന ഒരാളായിരുന്നു പാമ്പാടി തിരുമേനി. സ്ഥാനമോഹം അദ്ദേഹത്തിന് തീരെ ഇല്ലായിരുന്നു. പുന്നൂസ് റമ്പാനോടും (പിന്നീട് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) ഗീവർഗീസ് റമ്പാനോടും (പിന്നീട് ബഥനിയിലെ മാർ ഈവാനിയോസ്) ഒപ്പം 1911-ൽ മെത്രാൻസ്ഥാനത്തേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതാണ്. എന്നാൽ 1929-ൽ മാത്രമാണ് അദ്ദേഹം മെത്രാനായി അഭിഷിക്തനായത്. മേൽപട്ടസ്ഥാനത്തേക്കു യോഗ്യനായി മറ്റുള്ളവർ കരുതിയെങ്കിലും അതു ദൈവേഷ്ടമാണെന്നു ബോധ്യം വന്നതിനുശേഷം മാത്രമേ അദ്ദേഹം ആ സ്ഥാനം സ്വീകരിക്കാമെന്നു സമ്മതിച്ചുള്ളു എന്നു പറഞ്ഞുകേട്ടിട്ടുണ്ട്.

മേൽപട്ടസ്ഥാനത്തോടു തിരുമേനിയുടെ സമീപനവും ഇപ്പോൾ ചില ആളുകളുടേതായി കേൾക്കപ്പെടുന്ന സമീപനവും തമ്മിലുള്ള അന്തരം ചിന്ത്യമാണ്. കാൻവാസിങ്ങും വോട്ടുപിടിത്തവും സാധാരണമാണെന്നും അങ്ങനെയുള്ള മത്സരത്തിൽ പങ്കെടുക്കാൻ മനസ്സില്ലായ്കയാൽ അർഹതയുള്ളവരും അനുയോജ്യരുമായ ചിലരെങ്കിലും പുറകോട്ടു മാറിനിൽക്കുകയാണെന്നും കേൾക്കുന്നുണ്ട്.

പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയും ഉപവാസവും നിറഞ്ഞ ജീവിതത്തെപ്പറ്റി പറയേണ്ടതില്ല. അപായസാധ്യത കണക്കാക്കാതെ പ്ലേഗ് ബാധിതമായ കുന്നംകുളത്തു പോയി താമസിച്ച് പ്രാർത്ഥനകളും ശുശ്രൂഷകളും നടത്തിയത് പൊതുവെ അറിയാവുന്നതാണ്. സാധാരണക്കാരോടുപോലുമുള്ള സ്നേഹമസൃണമായ അദ്ദേഹത്തിന്റെ അതിഥിസൽക്കാര സ്വഭാവത്തെപ്പറ്റി പലർക്കും അറിവില്ലായിരിക്കാം. വിവിധ ആവശ്യങ്ങളുമായി സമീപിച്ചിരുന്ന എല്ലാവരെയും അദ്ദേഹം സ്നേഹത്തോടെ സ്വീകരിച്ചു. സാമ്പത്തികസഹായം വേണ്ടവർക്കു കഴിവതു നൽകി. പ്രാർത്ഥനാ സഹായം വേണ്ടവർക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സമാധാനവും സന്തോഷവും ലഭിച്ച പലരും ദൂരസ്ഥലങ്ങളിൽ നിന്നു കൃതജ്ഞത അറിയിക്കാൻ പൊത്തൻ പുറത്ത് എത്തുമായിരുന്നു.

തിരുമേനിയെ കാണുന്നതിനും വാക്കുകൾ കേൾക്കുന്നതിനും അദ്ദേഹത്തോടു സംസാരിക്കുന്നതിനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. തിരുമേനി നിലയ്ക്കൽ കൺവൻഷനു വരുമ്പോഴാണ് അദ്ദേഹത്തെ ആദ്യമായി കാണുന്നത്. കൺവൻഷന്റെ സമാപന ദിവസത്തെ തിരുമേനിയുടെ ആശീർവാദവും അനുഗ്രഹവചനങ്ങളും ഒരിക്കലും മറക്കത്തക്കതല്ല. കൂടിയിരുന്ന എല്ലാ ആളുകളെയും അവരുടെ കുടുംബങ്ങളെയും അവരുടെ വീടുകളെയും സംരംഭങ്ങളെയും ദൈവം അനുഗ്രഹിക്കുന്നതിനും രോഗങ്ങളിൽ നിന്നും കഷ്ടപ്പാടിൽനിന്നും അവരെയും നാടിനെയും കാത്തുകൊള്ളുന്നതിനും വേണ്ടിയുള്ള ഭക്തിനിർഭരമായ അനുഗ്രഹവചനങ്ങൾ ഇപ്പോഴും ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു.

പിന്നീട് തിരുമേനിയുമായി വ്യക്തിപരമായി പരിചയപ്പെടുന്നതിനും ജീവിതത്തിന്റെ പല പ്രധാന ഘട്ടങ്ങളിലും തിരുമേനിയെ കണ്ട് അനുഗ്രഹങ്ങൾ വാങ്ങിക്കുന്നതിനും സാധിച്ചിട്ടുണ്ട്. തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ വീണ്ടും അഭയം പ്രാപിക്കുന്നു. ■

പ്രാർത്ഥനയുടെ ഹരിത ശോഭ

■ ഫാ. ദീപു ഫിലിപ്പ്, എള്ളാലയിൽ

ലൗകികതയെ ത്യജിച്ച് ദൈവത്തെ സ്നേഹിച്ച്, ദൈവത്തിന് അനുരൂപമായി ജീവിച്ച പിതാവാണ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനി (1940-2013). യഥാർത്ഥ ആത്മീയത എന്തെന്ന് തിരിച്ചറിയുകയും ജീവിതത്തിൽ അത് കൃത്യമായി പ്രാവർത്തികമാക്കുകയും ചെയ്തു. ജീവിച്ചപ്പോൾ ഭൗതികനല്ലാതെ ജീവിക്കാൻ ഈ പിതാവിന് സാധിച്ചതും ഈ ബോധ്യം ഉണ്ടായിരുന്നതുകൊണ്ടാണ്. ഓർത്തഡോക്സ് സഭയിൽ *വേദശാസ്ത്രം* എന്നത് കേവലം പഠനവിഷയമല്ലെന്നും *ജീവിതത്തിൽ എന്നും പാലിക്കേണ്ട ചര്യയാണെന്നും* സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം കാണിച്ചു തന്നു. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി സ്വന്ത ജീവിതത്തിലൂടെ പ്രബോധിപ്പിച്ച പ്രധാന മൂല്യങ്ങളിലൂടെ...

നിരന്തരമായ പ്രാർത്ഥനയുടെ ശക്തി

ജീവിതം എന്താണ് പഠിപ്പിച്ചത് എന്ന ചോദ്യത്തിന് ഈവാനിയോസ് തിരുമേനി നൽകിയത് ഒരു ചെറിയ ഉത്തരമാണ്. *പ്രാർത്ഥിക്കാൻ പഠിപ്പിച്ചു.* ഇത് തിരുമേനിയുടെ ജീവിത സന്ദേശം തന്നെയാണ്. ഇടവിടാതെ പ്രാർത്ഥിക്കുക എന്നത് അത്ഭുതമായി തോന്നാവുന്ന ആധുനിക കാലത്ത്- ഇടവിടാതെ പ്രാർത്ഥിച്ച തിരുമേനി ഒരു അത്ഭുതമാണ്. യാമപ്രാർത്ഥനകൾ കൃത്യമായി നടത്തിയിരുന്നു. ഉറക്കത്തിന്റെ ക്ഷീണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന രണ്ട് യാമങ്ങളാണ് പാതിരാത്രിയും ഒമ്പതാം മണിയും. എന്നാൽ ഈ രണ്ട് യാമങ്ങളെയും ഗൗരവമായി ഉൾക്കൊണ്ട് പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുമായിരുന്നു. പിശാച് ഏറ്റവും കൂടുതൽ നമ്മെ അലസരാക്കുവാൻ പ്രേരിപ്പിക്കുന്ന സമയങ്ങളാണിത് എന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. പുസ്തകങ്ങളിൽ എഴുതപ്പെട്ട പ്രാർത്ഥനകൾക്ക് ശേഷം രഹസ്യ പ്രാർത്ഥനകൾ കൃത്യമായി നടത്തിയിരുന്നു. തൂയോബോ ശുശ്രൂഷയ്ക്ക് ദീർഘ സമയം എടുത്തിരുന്നു. പ്രാർത്ഥന ആവശ്യപ്പെട്ടിരുന്ന ആളുകളുടെ പേരുകൾ എഴുതി വച്ച് ഓർക്കുമായിരുന്നു. പ്രാർത്ഥനാ സമയങ്ങളിലും കൂദാശ അർപ്പിക്കുമ്പോഴും അതിനോട് പൂർണ്ണമായി ഇഴുകി ചേർന്നർപ്പിക്കുന്ന രീതി പിന്തുടർന്നു. അംശവസ്ത്രം ധരിച്ച് ചെയ്യേണ്ട കൂദാശകൾ അപ്രകാരം തന്നെ ചെയ്യുമായിരുന്നു. വി. കുർബാന സ്വയം അനുഭവിച്ച് പൂർത്തിയാക്കി കഴിഞ്ഞേ, തിരുമേനി കാപ്പ മാറിയിരുന്നുള്ളു. കാപട്യം അൽപ്പം പോലും തിരുമേനിയുടെ ജീവിതത്തിൽ ഇല്ലായിരുന്നു. ആരെയെങ്കിലും കാണിക്കുവാൻ എന്തെങ്കിലും ചെയ്യുന്ന സ്വഭാവവും ഉണ്ടായിരുന്നില്ല. ഉപവാസത്തിന്റെ ശക്തി വളരെ വലുതാണ് എന്ന് തിരുമേനിക്ക് അറിയാമായിരുന്നു. ഒരു പിടി വീതം മരുന്ന് ഓരോ നേരവും കഴിക്കാനുണ്ടായിരുന്നു. എങ്കിലും നോമ്പ് ദിവസങ്ങളിലും ബുധൻ, വെള്ളി ദിവസങ്ങളിലും ഉച്ചഭക്ഷണത്തോടൊപ്പമായിരുന്നു പ്രഭാതത്തിൽ കഴിക്കേണ്ട മരുന്നുകൾ കഴിച്ചിരുന്നത്. കുമ്പിട്ട് പ്രാർത്ഥിക്കുക എന്നത് തിരുമേനിയുടെ ഉത്സാഹമായിരുന്നു. വേദപുസ്തക വായന കൃത്യമായി നടത്തിയിരുന്നു. പ്രാർത്ഥന 'സ്പീഡ്' കൂട്ടി ചൊല്ലുവാൻ അനുവദിച്ചിരുന്നില്ല. ആധുനിക ലോകത്തിൽ ഒരു പ്രതിസംസ്ക്കാരത്തിന്റെ ഭാവം സമ്മാനിക്കുവാൻ ഈവാനിയോസ് തിരുമേനിക്ക് കഴിഞ്ഞത് നിരന്തരമായ പ്രാർത്ഥനയുടെ ബലത്തിലാണ്. ക്യാൻസർ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിലും വി. കുർബാന ചൊല്ലുവാനുള്ള ശക്തി തരണമേ എന്നു മാത്രമായിരുന്നു തിരുമേനിയുടെ പ്രാർത്ഥന.



വിശുദ്ധന്മാരുമായുള്ള സംബന്ധം

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ ഈവാനിയോസ് തിരുമേനി ശരണപ്പെട്ടിരുന്നു. വി. കന്യകമറിയാം, വി. ഗീവർഗ്ഗീസ് സഹദാ, മാർ കുറിയാക്കോസ്-യൂലിത്തി, മാർ സ്തേഫാനോസ് സഹദാ, മാർ ബസേലിയോസ്, പ. പരുമല തിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. പാമ്പാടി തിരുമേനി എന്നിവരുടെ പ്രത്യേക മദ്ധ്യസ്ഥത യാചിച്ചിരുന്നു. ഇവരുടെ പെരുനാളുകളിൽ വി. കുർബാന അർപ്പിച്ചിരുന്നു. എല്ലാ ചൊവ്വാഴ്ചയും പരുമലയിൽ വി. കുർബ്ബാന അർപ്പിക്കുവാൻ ശ്രദ്ധിച്ചിരുന്നു. അതേ സമയം തന്നെ ഇവരുടെ പെരുന്നാളുകളുടെ പേരിൽ നടക്കുന്ന ചില കീഴ്വഴക്കങ്ങളെയും അനാചാരങ്ങളെയും ശക്തമായി വിമർശിച്ചിരുന്നു. സഭയിലും സമൂഹത്തിലും നടന്ന ആർഭാടങ്ങളോടും പൊങ്ങച്ചങ്ങളോടും പ്രതികരിച്ചിരുന്നു.

ദാനധർമ്മത്തിന്റെ ശ്രേഷ്ഠത

ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുത് എന്ന വേദമർമ്മം ദാന

ധർമ്മാദികളിൽ തിരുമേനി പുലർത്തിയിരുന്നു. സഹായം ചോദിച്ചു വരുന്ന ആരും നിരാശരായി മടങ്ങിയിട്ടില്ല. ക്യാൻസർ ബാധിച്ച് സഹായത്തിന് വരുന്നവരോട് അനുകമ്പ കൂടുതലായിരുന്നു. ഞാലിയാകുഴി ദയറാ ചാപ്പലിന്റെ പണി പൂർത്തീകരിക്കുവാൻ ലോൺ എടുത്ത തുകയിൽ നിന്ന് വരെ ആളുകളെ സഹായിക്കുന്നത് കണ്ടിട്ടുണ്ട്. പണം അടച്ചുപൂട്ടി വയ്ക്കുന്ന രീതി ഇല്ലായിരുന്നു. പണം എണ്ണി നോക്കുവാൻ തിരുമേനിക്ക് അറിയില്ലായിരുന്നു എന്നത് പരസ്യമായ രഹസ്യമാണ്. കോട്ടയം ഭദ്രാസനത്തിലെ വൈദികരുടെ പ്രയാസങ്ങൾ കൃത്യമായി മനസ്സിലാക്കുകയും നല്ല ശതമാനം വൈദികർക്കും ആവശ്യ സന്ദർഭങ്ങളിൽ സാമ്പത്തികമായി സഹായം നൽകുകയും ചെയ്തിരുന്നു. സാമ്പത്തിക സഹായത്തിന് വരുന്നവർ ഉൾപ്പെടെ ഏവർക്കും ഭക്ഷണം കൊടുത്ത് വിടണം എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു. ദാനധർമ്മത്തിന്റെ ഈ ശ്രേഷ്ഠത പാമ്പാടി തിരുമേനിയിൽ ലഭിച്ച മാതൃകയാണ്.

ലാളിത്യത്തിന്റെ വിശുദ്ധി

ഈവാനിയോസ് തിരുമേനി നയിച്ചത് വളരെ ലളിതമായ ജീവിതമാണ്. താമസിച്ച ഒറ്റ മുറി ഒരു 'മെത്രാപ്പോലീത്താ'യ്ക്ക് താമസിക്കാൻ പറ്റിയത് അല്ലായിരുന്നു. വില കൂടിയ വസ്തുക്കളോടും, ആഡംബര വസ്തുക്കളോടും യാതൊരു കമ്പവും ഇല്ലായിരുന്നു. എല്ലാവരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിക്കുന്നതായിരുന്നു ശീലം. സ്റ്റീൽ കൊണ്ടുള്ളതും നൂൽ കൊണ്ടുള്ളതുമായ മാലകൾ മാത്രമേ ധരിച്ചിരുന്നുള്ളൂ. കൃത്രിമ പരിമളം സൃഷ്ടിക്കുന്ന വസ്തുക്കളോട് വെറുപ്പായിരുന്നു. മാന്യമായ വസ്ത്രധാരണ രീതിയാവണം ദേവാലയത്തിൽ വരുന്നവർക്ക് വേണ്ടത് എന്ന് പ്രസംഗിക്കുമായിരുന്നു. ഭക്ഷം കഴിച്ച പാത്രങ്ങൾ കഴുകുവാൻ ആശ്രമാംഗങ്ങൾക്ക് 'ടേൺ' ഇടുന്ന രീതിയാണ് ദയറായിലുള്ളത്. അപ്രകാരം ആദ്യ കാലങ്ങളിൽ തിരുമേനിയ്ക്കും ടേൺ ഇടുകയും എല്ലാവരുടേയും പാത്രങ്ങൾ തിരുമേനി തന്നെ കഴുകുകയും ചെയ്തിട്ടുണ്ട്.

പരിസ്ഥിതിയുടെ ഹരിതശോഭ

മലങ്കരസഭയിൽ ഇത്ര അധികം പൂക്കളെയും ചെടികളേയും സ്നേഹിച്ച മറ്റൊരു തിരുമേനി ഉണ്ടോ എന്നത് സംശയമാണ്. ചെടികൾ നടുന്നതും അത് പൂവിടുമ്പോൾ സന്തോഷിക്കുന്നതും പലപ്പോഴും കണ്ടിട്ടുണ്ട്. ജനത്തിന് മാനസികസ്ഥിരത ഉണ്ടാകുന്നത് പൂക്കൾ വിരിഞ്ഞു നിൽക്കുന്നത് കാണുന്നതുകൊണ്ടാണെന്ന് പലപ്പോഴും പറയുമായിരുന്നു. ആർഷ ഭാരത പാരമ്പര്യത്തിൽ ഗുരുവും ശിഷ്യരും, മൃഗങ്ങളും, പക്ഷികളും, പൂവും, പുല്ലും, വൃക്ഷങ്ങളും ഒന്നിച്ച് കഴിയുന്നത് കേട്ടിട്ടുണ്ട്. ഞാലിയാകുഴി ദയറായിൽ ഇന്നു കാണുന്ന കാഴ്ച പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ദൃഢബന്ധമാണ്. തട്ടിൻപുറം കുന്ന് ചീങ്കൽപ്പാറ നിറഞ്ഞ ഒരു കുന്നായിരുന്നു എന്ന് ഇന്ന് ആരെങ്കിലും സമ്മതിച്ചു തരുമോ എന്ന് സംശയമാണ്. ഫലവൃക്ഷങ്ങളും, പൂക്കളും മൃഗങ്ങളും പക്ഷികളുമൊക്കെ ഒന്നിച്ചു കഴിയുന്ന മലങ്കരസഭയുടെ ഏദൻ തോട്ടമാണ് ഞാലിയാകുഴി ദയറാ. *പരിസ്ഥിതിയെ പറ്റി കൂടുതൽ പ്രസംഗിക്കേണ്ട കാര്യമില്ല രണ്ട് നല്ല ചെടി വച്ചു പിടിപ്പിച്ചാൽ മതി* എന്നതായിരുന്നു അദ്ദേഹത്തിന്റെ മതം.

ഗാന്ധിജിയെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റൈൻ പറഞ്ഞ ഒരു വാക്യം ഉദ്ധരിച്ച് അവസാനിപ്പിക്കാം. "ഇങ്ങനെ ഒരു മനുഷ്യൻ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കാൻ പ്രയാസമാണ്". ലോക മാലിന്യം പുരളാതെ-നിർലേപനായി ജീവിച്ച്, അനേകർക്ക് ക്രിസ്തുവിനെ കാട്ടിക്കൊടുത്ത ആ പുണ്യവാന്റെ ജീവിതം എക്കാലവും ഹരിതാഭമാണ്. ■

പവിത്ര യാത്രാ സ്മൃതി: പാമ്പാടി കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പ്ലേഗ് രോഗ ബാധ ഉണ്ടായ കുന്നംകുളം പ്രദേശം 1935-ൽ സന്ദർശിച്ചതിന്റെ സ്മരണയ്ക്കായി നടത്തിയ പവിത്ര യാത്രാ സ്മൃതി സംഗമം പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. വി. കെ. ശ്രീരാമൻ, പ്രൊഫ. കെ.എം. കുറിയാക്കോസ്, ഫാ. സി.സി. ചെറിയാൻ, ഫാ. ഗീവർഗീസ് തോലത്ത്, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ എന്നിവർ സമീപം.

കോട്ടയം ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നും അയ്യായിരത്തിൽ പരം പ്രതിനിധികൾ പവിത്ര യാത്രാ സ്മൃതി സംഗമത്തിൽ പങ്കെടുത്തു. പാമ്പാടി തിരുമേനിയുടെ ചരമ കനക ജൂബിലിയോടനുബന്ധിച്ചാണ് പവിത്ര യാത്ര സംഗമം നടത്തിയത്.

DOCTORATE



അമേരിക്കയിലെ ന്യൂജേഴ്സിയിലുള്ള Augustus ഇന്റർനാഷണൽ സർവകലാശാലയിൽ നിന്നും വേദശാസ്ത്രത്തിൽ ഡോക്ട്രേറ്റ് നേടിയ ഡോ. ജോൺ ഡി. കുന്നത്ത്.

പൗലോസ് മാർ ഗ്രിഗോറിയോസിന്റെ മിഷൻ ദർശനം അടിസ്ഥാനമാക്കിയ ഗവേഷണ പ്രബന്ധത്തിനാണ് ഡോക്ട്രേറ്റ്. കൊല്ലം മുഖത്തല സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ്. 25 വർഷമായി ആഫ്രിക്കയിലും അമേരിക്കയിലും അധ്യാപകനായിരുന്നു. ഗ്രന്ഥകാരനും പ്രഭാഷകനുമാണ്. ഇപ്പോൾ കോട്ടയത്ത് താമസിക്കുന്നു.

ഭാര്യ: ലിസി ജോൺ.

ശുശ്രൂഷകരെ ആവശ്യമുണ്ട്

പരുമല സെമിനാരിയിലേക്ക് ശുശ്രൂഷകരെ ആവശ്യമുണ്ട്. അപേക്ഷകർ ബയോഡേറ്റായും വികാരിയുടെ സാക്ഷ്യപത്രവും സഹിതം 2016 മാർച്ച് 20-നു മുമ്പായി **മാനേജർ, പരുമല സെമിനാരി, പരുമല പി.ഒ, തിരുവല്ല 689 626.** parumalamanager@gmail.com എന്ന വിലാസത്തിൽ അപേക്ഷിക്കുക.

ഡോക്ട്രേറ്റ്

കേരള യൂണിവേഴ്സിറ്റിയിൽ നന്ന് കെമിസ്ട്രിയിൽ ഡോക്ട്രേറ്റ് നേടിയ ഷീബ അലക്സാണ്ടർ പുനലൂർ ഇളമ്പൽ മരങ്ങാട് ഇടയില വീട്ടിൽ അലക്സാണ്ടർ ചാക്കോയുടെയും ലില്ലി അലക്സാണ്ടറിന്റെയും മകളും കൊല്ലം കിഴക്കേകല്ലട, ചിറ്റുമല കൊച്ചുമുറ്റത്തു വീട്ടിൽ ജിനു പി. യോഹന്നാന്റെ ഭാര്യയുമാണ്.

ഡയറക്ടർ

തുമ്പമൺ ഭദ്രാസന സൺഡേ സ്ക്കൂൾ ഡയറക്ടറായി തെരഞ്ഞെടുത്ത റ്റി. ഇ. ജോർജ്. ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗം.

For Favours Received

Jojo



Sheria Mary Varghese
Anikuthickal,Meenadom

ഒരു വിശ്വാസി

MARCH 12

വെള്ളൂരിൽ മിഷൻ സെന്റർ

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെയും പുറക്കുളത്ത് ഈപ്പൻ കോർ എപ്പിസ്ക്കോപ്പായുടെയും സ്മരണാർത്ഥം വെള്ളൂരിൽ ആരംഭിക്കുന്ന മൗണ്ട് ഒലിവേറ്റ് MOCEM (Mar Osthathios and Cor-Episcopa Eapen Memorial) സെന്ററിന്റെ കൂദാശ മാർച്ച് 12-ന് മൂന്നു മണിക്ക് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നിർവ്വഹിക്കും.

പുറകുളത്ത് കെ.ഇ. എബ്രഹാം മിഷൻ ബോർഡിന് ദാനമായി നൽകിയ ഒന്നര ഏക്കർ സ്ഥലത്താണ് സെന്റർ. ശാരീരികവും ബൗദ്ധികവുമായ വൈകല്യമുള്ള പുരുഷന്മാരുടെ പുനരധിവാസമാണ് ലക്ഷ്യം.

ഒന്നരകോടി രൂപാ ചെലവുള്ള സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ഇനി 35 ലക്ഷം രൂപാ കൂടി ആവശ്യമാണ്. ഫാ. വി. ജോൺസൺ മിഷന്റെ മാനേജരായി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9947057066

സൺഡേസ്ക്കൂൾ വിജയി



പരി. ഔഗേൻ ബാവാ സ്മാരക ഹയർ സെക്കണ്ടറി സെൻട്രൽ സോൺ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ എബി എം. പോൾ ഇടത്തറ. കങ്ങഴ സെന്റ് തോമസ് പള്ളി വികാരി ഫാ. പോൾ ഏബ്രഹാമിന്റെയും ഡെയ്സി പോളിന്റെയും മകൻ. പുന്നവേലി സെ. ജോൺസ് ഇടവകാംഗം.

1-ാം ചരമവാർഷികം

17-03-2016

S. SOSAMMA

Aiswarya,
37 Thopil Nagar
Kumarapuram
Trivandrum-11

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

നിര്യാതയായി

ശോശാമ്മ ഏബ്രഹാം (68)
കുന്നുംപുറത്ത്

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ

Inserted By:-

കെ. കെ. ഏബ്രഹാം

മക്കൾ :

ഫാ. ഏബ്രഹാം കോശി
(വികാരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, ആറാട്ടുപുഴ)
ഏബ്രഹാം മാത്യു (ദോഹ)

മരുമകൾ :

ജിനു പൈനുംമൂട്ടിൽ



അക്കൽദാമ

ഇത്രയും കാലമായിട്ടും നിങ്ങൾ എന്നെ തിരിച്ചറിയുന്നില്ലല്ലോ. എന്ന നോമ്പ് ക്രിസ്തു പങ്കിടുന്നുണ്ട്.

■ മെൽവിൻ മാത്യു, കുന്ദംകുളം

ശീലോഹോം കുളത്തിന് വടക്ക് ഹിന്നോമിന്റെ താഴ്‌വരയിലായി ഭൂപടത്തിൽ സ്ഥിതി ചെയ്യുന്നതും ചില നമ്മുടെ ഇടങ്ങളിൽ നിന്നും ഒട്ടും അകലമില്ലാത്തതുമായ മണ്ണാണ് അക്കൽദാമ. അപ്പോ. പ്രവൃ. 1:18,19-"അവൻ അനീതിയുടെ കൂലികൊണ്ട് ഒരു നിലം മേടിച്ചു തല കീഴായി വീണ് നടുവെ പിളർന്ന് അവന്റെ കുടലെല്ലാം പുറത്തേക്ക് ചാടി. യെരുശലേമിൽ പാർക്കുന്ന എല്ലാവരും അറിഞ്ഞതാക കൊണ്ട് ആ നിലത്തിന് അവരുടെ ഭാഷയിൽ രക്തനിലം എന്നർത്ഥമുള്ള അക്കല്ദാമ എന്ന് പേർ ആയി".

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം മർക്കോസിന്റെ മാളികയിൽ വച്ച് 12-ാമന്റെ ഒഴിവിനെക്കുറിച്ച് പൗലോസ് ശ്ലീഹായുടെ വാക്കുകളാണ് വേദപരിസം 19-ാം വാക്യം അവസാനിക്കുന്നത് മലയാളത്തിൽ രക്തനിലം എന്നർത്ഥം വരുന്ന അക്കൽദാമ എന്ന എബ്രായ പദത്തോട് കൂടിയാണ്. യൂദാ 30 വെള്ളിക്കാശ് വിലയുള്ള ഒരു ചുംബനം കൊണ്ട് നേടിയെന്നും, അവന്റെ തന്നെ അന്ത്യത്തിന് കാരണമെന്നും പറയുന്ന "രക്തനിലം". എന്നാൽ വി. മത്തായി 'രക്തത്തിന്റെ വില' എന്നും അപ്പോ. പ്രവൃത്തികളിൽ അനീതിയുടെ കൂലികൊണ്ട് സമ്പാദിച്ചതെന്നും ഇതിനോട് ചേർത്ത് വയ്ക്കുമ്പോൾ അവ വിരൽ ചൂണ്ടുന്നത് ക്രിസ്തു രക്തത്തിലേക്കാണ്. 'ക്രൂശിന്റെ നിലം' ചോരയുടെ ചൂടും ചൂരും ചുവപ്പുമറിയുന്നത് യൂദാസിന്റെ രക്തം കൊണ്ടല്ല അത് നിർഭയമായി ചൊരിയപ്പെട്ട നിഷ്കളങ്കതയുടെ നിർമ്മലതയുടെ ക്രിസ്തുരക്തം കൊണ്ടാണ്.

ഇതേ അദ്ധ്യായത്തിലെ 16-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു-യൂദായെക്കുറിച്ച് പരിശുദ്ധാത്മാവ് ദാവീദ് മുഖാന്തരം മുൻപറഞ്ഞ തിരുവെഴുത്ത് നിവൃത്തി വരുവാൻ ആവശ്യമായിരുന്നു. എന്ന യൂദാ യേശുവിനെ ഒറ്റിക്കൊടുത്തത് ദൈവനിയോഗമായിരുന്നു എന്നേതായാലും പറയുവൻ സാധിക്കില്ല. എന്നാലിവിടെ സൂചിപ്പിക്കുന്ന വേദഭാഗം-സങ്കീർത്തനം 41-പ്രകാരം ചില വഞ്ചനയുടെ നിലങ്ങളിലൂടെ ദാവീദും കടന്നുപോയിട്ടുണ്ടെന്നത് വ്യക്തമാണ്. നാളെയുടെ പ്രവചനങ്ങളാണ് ഇന്നിന്റെ സാഹചര്യങ്ങളിൽക്കൂടി ദാവീദെന്ന പ്രവാചക ശബ്ദം പുറത്തുവിട്ടത്. ഇന്നലകളിൽ തുടങ്ങിയ രക്തനിലം ക്രിസ്തുവിലെത്തുമ്പോൾ അവസാനിക്കുകയല്ല ആവർത്തിക്കപ്പെടുകയാണ്. യൂദായെക്കാൾ അപ്പുറത്ത് യാഥാർത്ഥ്യം അക്കൽദാമയാണ്. രക്തനിലത്തിന്റെ സാഹചര്യങ്ങളാണ് ക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ട ഒരുവനെ 'നാശയോഗ്യൻ' എന്ന് ക്രിസ്തു തന്നെ വിധിക്കാനനുവദിക്കുന്നത്. അപ്പോൾ അക്കൽദാമായുടെ സാഹചര്യങ്ങളെന്നും പ്രസക്തമാണ്. എന്തുകൊണ്ട് രക്തനിലം?

സഹോദരനിലെ 'ക്രിസ്തുവിനെ' തിരിച്ചറിയാതാകുമ്പോൾ..

തിരിച്ചറിയപ്പെടാതിരിക്കുക എന്നും നോവിന്റെ അനുഭവമാണ്. സുവിശേഷങ്ങളിൽ ഇത്രയും കാലമായിട്ടും നിങ്ങൾ എന്നെ തിരിച്ചറിയുന്നില്ലല്ലോ. എന്ന നോമ്പ് ക്രിസ്തു പങ്കിടുന്നുണ്ട്. ഒരുപാട് തവണ കണ്ട് പരിചയിച്ച ക്രിസ്തുവിന്റെ മുഖം അന്യമായി പോകാറുണ്ട്. എമ്മവൂസിലേക്കുള്ള യാത്രയിൽ എന്നിട്ടും അപ്പം നുറുക്കുമ്പോൾ തുറക്കുന്നത് അവരുടെ തിരിച്ചറിവിന്റെ കണ്ണുകളാണ്.

ഒറ്റയ്ക്കാക്കിയതിൽ യൂദാ ചെയ്ത തെറ്റാവർത്തിച്ചിട്ടും തള്ളിപ്പറച്ചിലിന്റെ ശബ്ദം തന്നിൽ നിന്ന് മൂന്നാം വട്ടമുയരുമ്പോൾ ക്രിസ്തുവിനെ തിരിച്ചറിയുന്ന അതിദുഃഖത്തിന്റെ കരച്ചിൽ അവനിൽ നിന്നുയരുന്നു. ലോകപ്രകാരമുള്ള ദുഃഖമ

ല്ലാതെ ക്രിസ്തുവിലേക്കെത്തുന്ന ഒരു തിരിച്ചറിവ് യൂദായ്ക്കില്ലാതായപ്പോൾ ക്രിസ്തു തിരിച്ചറിയപ്പെടാതായപ്പോൾ 'അക്കൽദാമാ' സംഭവിക്കുന്നു.

തിരിച്ചറിവുകൾ നഷ്ടപ്പെട്ട ചില മുൻ മാതൃകകൾ തിരുവചനത്തിന്റെ ചുരുളുകളിൽ കാണുന്നുണ്ട്. ഒരു ചോദ്യത്തിലേക്കാണ് അത് നമ്മെ നയിക്കുന്നത് "നിന്റെ സഹോദരനെവിടെ" എന്നുള്ള സൃഷ്ടാവിന്റെ ചോദ്യം. അപ്പോഴേക്കും ചോദ്യത്തിനുത്തരം നൽകേണ്ടവൻ ഭൂമിയിൽ ആദ്യത്തെ രക്തനിലം സൃഷ്ടിച്ചിരിക്കുന്നു. "നീ നന്മ ചെയ്തിരുന്നെങ്കിൽ ഞാൻ നിന്നും പ്രസാദിച്ചിരുന്നില്ലയോ എന്ന് ദൈവം കായീനോട് ചോദിക്കുന്നുണ്ട്. കായീൻ ചെയ്യാത്ത നന്മ സഹോദരനെ തിരിച്ചറിഞ്ഞില്ല എന്നുള്ളതാണ്. സഹോദരന്റെ ബലിയിൽ, സഹോദരനിൽ ദൈവം പ്രസാദിച്ചിട്ടുണ്ടെങ്കിൽ അവനിൽ ദൈവം ഉണ്ടെന്ന തിരിച്ചറിവ് കായീനില്ലാതെ പോകുന്നു. ബലിക്ക് മുൻപേ സമാധാനമാശംസിച്ച് സഹോദരനോട് നിരക്കുന്ന ഒരു ആരാധന നമുക്കുണ്ടെന്നോർക്കണം-സഹോദരനിലുള്ളിലെ ക്രിസ്തുവിനെ തിരിച്ചറിയലാണത്. എന്നാൽ സ്വന്ത ദൈവത്തിന്റെ പ്രീതിക്കെന്ന പേരിൽ പോലും സഹോദരന്റെ രക്തം പൊഴിപ്പിക്കുന്നവരുണ്ട്. അവിടെ നമ്മുടെ ചുമതലാബോധം ഉണരേണ്ടത് സൃഷ്ടി സംവിധാനത്തിലെ ദൈവനിയമത്തിന്റെ പേരിലാണ്. "നീ നിന്റെ സഹോദരന്റെ കാവൽക്കാരൻ കൂടിയാണ്".

കാവൽക്കാരനാകേണ്ട സഹോദരന്മാർ കാട്ടാളന്മാരായപ്പോഴാണ് ദോഥാനിലെ പൊട്ടക്കുഴിയിൽ തളം കെട്ടിയ യൗസേഫിന്റെ രക്തത്തിന് 20 വെള്ളിക്കാശിന്റെ വിലയിട്ടത്. ദോഥാനിൽ നിന്ന് അക്കൽദാമയിലേക്ക് ദൂരമധികമില്ലായിരുന്നു. സാക്ഷ്യങ്ങളുടെ നിലങ്ങളിൽ ചോരയ്ക്ക് അതേ ചുവപ്പ്, അതേ ചൂട്... 'അക്കൽദാമാ' ക്രിസ്തുവിൽ ആരംഭിക്കുകയല്ലായിരുന്നു, ആവർത്തിക്കുകയായിരുന്നു.

ഞാൻ വിശ്വസിച്ചവനും 'എന്റെ അപ്പം' തിന്നവനുമായ സ്നേഹിതനെന്നെ വഞ്ചിക്കുന്നു എന്ന് രോഗക്കിടക്കയിൽ നിന്ന് സുഹൃത്തുക്കളോടുള്ള ദാവീദിന്റെ വാക്കുകൾ ഒരേ സമയം രക്തനിലത്തിൽ പ്രതികരണവും, പ്രവചനവുമാകുന്നു. "എന്റെ മാംസവും, എന്റെ രക്തവും നിങ്ങൾക്കായി നല്കുന്നു" എന്ന് പറഞ്ഞവനെ തിരിച്ചറിയാൻ ഇപ്പോഴും എന്റെ ഉള്ളിലെ യൂദാ തയ്യാറല്ല!.

ക്രിസ്തുവിനെ തള്ളിപ്പറഞ്ഞവരെ ശപിച്ചു തള്ളുന്ന, ക്രൂശാരോഹണത്തെ കീർത്തിക്കുന്ന ക്രിസ്തുവിനെ ഉപദ്രവിക്കാത്ത ഒരു നോമ്പ് എനിക്കുണ്ടായി എന്ന് ചിന്തിക്കുമ്പോൾ (വി. മത്തായി 25:44,45) "അവൻ അവരോട്: ഈ എറ്റവരും ചെറിയവരിൽ ....എന്ന് ഉത്തരമരുളും".

അപരനിലെ ക്രിസ്തു എന്നും ഒരു വെല്ലുവിളിയാണ്, കാരണം കൈനീട്ടിയപ്പോൾ ഞാൻ മുഖം തിരിച്ച് നടന്നവരിൽ ഒരാൾ ക്രിസ്തുവുമായിരിക്കും എന്നിൽ നിന്ന് ഇനിയും പുറത്ത് വരാത്ത നന്മകളോരോന്നും എന്റെ തന്നെ പാപങ്ങളുടെ പട്ടികയിലേക്ക് ചേരുന്ന കാഴ്ച്ചയാണ് ക്രിസ്തുവിന്റെ വാക്കുകളാവുന്നത്.

30 വെള്ളിക്കാശ് കൂട്ടിവച്ച മണ്ണാണ് അക്കൽദാമ അതൊരോർമ്മപ്പെടുത്താരാണ്. എല്ലാം എന്റെ മാത്രം കൂട്ടിവക്കലുകളാകുമ്പോൾ ഏറെ ആത്മാംശമുള്ള വേദന-നിറവ് തേടുന്ന കൂട്ടിവക്കലുകളായി ഞാൻ മാറിയാലും കുറവുകളുടെ പേരിൽ എന്റെ സഹോദരൻ മറ്റുള്ളവരുടെ പേരിൽ തലകുനിച്ചാൽ അതെന്റെ ആത്മീയതയുടെ പരാജയമാണ്.

ഞാനെന്ന മനുഷ്യൻ ഈ ലോകത്തെ പ്രതിനിധീകരിക്കേണ്ടവനാണ് പക്ഷേ സിറിയയിൽ ആക്രമണങ്ങളിൽ അനേകരുടെ രക്തം പൊടിയുമ്പോൾ, അഭയാർത്ഥികൾക്ക് മുന്നിൽ അയൽരാജ്യങ്ങൾ വാതിൽ തുറക്കാത്തതെന്തേ എന്ന് ആക്രോശിക്കുന്നു. വെറും ഇന്ത്യക്കാരനായി ഞാൻ മാറും എന്റെ രാജ്യത്ത് ഭൂപടത്തിൽ തലയ്ക്ക് മീതെയുള്ള സംസ്ഥാനങ്ങളിൽ പശുവിനോ, ദലിതനോ വില എന്ന ചോദ്യമുയരുമ്പോൾ ഞാൻ നിശബ്ദനായ കേരളീയനാകും. ഇവിടെ നാലുപേർ ചേർന്ന് തെരുവോരങ്ങളിൽ ഒരുവന്റെ ചോരയൊഴുകുമ്പോഴും അതൊന്നും എന്റെ ജീവിതത്തിന്റെ ഭാഗമല്ലെന്നും ഞാൻ ചിന്തിക്കുന്നു ഒടുവിൽ ഒരല്പം ഭക്ഷണത്തിനായി ഒരാൾ എനിക്ക് നേരെ കൈനീട്ടിയാൽ "സമൃ



മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-573834 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

[Bank -S.B.T Devalokam,
Account Name & Number
- MALANKARA SABHA
(57017053203)
IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്ക്കൂൾ കേന്ദ്രതല സമ്മാനാർഹർ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com

മലങ്കരസഭ മാസിക

വരിസംഖ്യ

ഒറ്റപ്രതി	: ₹ 15
ഒരുവർഷം	: ₹ 180
രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000
വിദേശത്തേക്ക്:	
ഒരു വർഷം	: ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

> ഞാനേൽപ്പിച്ച താലന്തെവിടെ" എന്നാണ്. ചോരയുടെ നിലങ്ങളിൽ നിന്ന് മണ്ണ് പറ്റിയ ഒരൊറ്റ താലന്ത്, മണ്ണിൽ കുഴിച്ചിട്ട അവസരങ്ങളെ എന്റെ കയ്യിലുള്ളൂ എന്നതിലേക്ക് ഞാൻ ചുരുങ്ങുന്നു.

ഢിയുടെ സുവിശേഷ ഘോഷണങ്ങളല്ലാതെ അവന് നൽകുവാൻ അപ്പം എന്റെ കയ്യിലില്ല. അളവിൽ കുടുതൽ ആർക്കും ഒന്നും നൽകാതിരിക്കാൻ തക്ക ഒരു Ration card ചാരിറ്റിയാണ്' ഇന്നെനിക്കുള്ളത്-ഒരു തരം ചടങ്ങുതീർക്കൽ! അപ്പോഴെല്ലാം ചോര പൊടിച്ചുകൊണ്ട് അപരനിലെ ക്രിസ്തു "എനിക്ക് ദാഹിക്കുന്നു, എനിക്ക് വിശക്കുന്നു" എന്നൊക്കെ പരിഭ്രമിക്കുന്നുണ്ടാകാം.

അവസരങ്ങളുടെ ചൂതാട്ടം

മനുഷ്യ ചരിത്രം കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ വിരോധഭാസങ്ങളിലൊന്നാണ് മനുഷ്യരെ പിടിക്കുവാൻ വിളിക്കപ്പെട്ടവൻ മനുഷ്യപുത്രനെ പിടിക്കുന്നവനായി എന്നുള്ളതായിരുന്നു. ഇതിനായി നിരത്താവുന്ന കാരണങ്ങളിൽ ഒന്നാമത്തേത് താൻ പ്രതീക്ഷിക്കുന്ന വിമോചന നായകനെ യേരുശലേലിൽ കാണാനുള്ള പ്രതീക്ഷ, മശിഹാത്വം പരീക്ഷിക്കാനുള്ള അവസരമായിരുന്നെങ്കിൽ രണ്ടാമത്തേത് അവനോളം തന്നെ പ്രായമുള്ള ദ്രവ്യത്തിനോടുള്ള അടങ്ങാത്ത ആഗ്രഹമാണ്. ഇതിലേതായാലും തന്റെ അവസരങ്ങളെ, കുറിച്ചുകൂടി വ്യക്തമാക്കിയാൽ ആത്മാവിനെത്തന്നെ ചൂതുകളിക്കുകയാണ് യൂദാ തനിക്ക് ലഭിച്ച ശിഷ്യത്വം കൊണ്ട് ആത്മാവിനാൽ ക്രിസ്തുവിനെ അറിയുന്നതിനുള്ള അവസരം മുതലാക്കുന്നതിന് പകരം ഞാനാവശ്യപ്പെടുന്ന ഞാൻ ചിന്തകൾ കൊണ്ട് കൂട്ടി വച്ച മശിഹായെ കാണുവാൻ അത്ഭുതങ്ങൾ കൊണ്ടെന്ന തൃപ്തിപ്പെടുത്തുന്ന മശിഹായെ അറിയാനാണ് അവൻ വഞ്ചനയുടെ ചുംബനം ക്രിസ്തുവിന്റെ കവിളുകളിലേക്ക് പകരുന്നത്. ദൈവത്തിന് മുന്നിൽ ആവശ്യങ്ങളെറിഞ്ഞ് മാന്ത്രികന് മുന്നിലെന്ന പോലെ നിൽക്കുന്നവർ ദ്രവിച്ച ആത്മീയതയുടെ വക്താക്കളാണ് അക്കൽദാമയുടെ അവകാശികളും.

ദൈവത്തെക്കാൾ മനുഷ്യരെ പേടിച്ചവരായിരുന്നു യഹൂദ മതനേതാക്കന്മാർ അതുകൊണ്ടു തന്നെ ജനങ്ങൾ അടുത്തില്ലാതിരുന്ന ഒരു സമയാണ് ക്രിസ്തുവിനായി അവർക്ക് വേണ്ടിയിരുന്നത്. ജനങ്ങൾ കൂടെയില്ലാതിരുന്ന സമയം. പ്രാർത്ഥനയ്ക്ക് തിരഞ്ഞെടുക്കുന്ന സ്ഥലം ഇതെല്ലാം ഒരു ശിഷ്യന്റെ മാത്രം അറിവുകളാണ്. ഒരു ശിഷ്യനെന്ന നിലയിലുള്ള മുതലെടുപ്പിനാണ് അവൻ 30 വെള്ളിത്തിളക്കങ്ങളുടെ വിലയിട്ടത്. നോമ്പിൽ ഞാൻ പ്രാപിച്ച 'വിശുദ്ധിയുടെ', ക്രിസ്ത്യാനി എന്ന് പേര് സമ്മാനിച്ച ക്രിസ്തുവുമായുള്ള ചില 'പരിചയങ്ങളുടെ' 'സ്വാതന്ത്ര്യങ്ങളുടെ' മുതലെടുപ്പ് എങ്ങനെയായിരിക്കുമെന്നാണ് അക്കൽദാമ നമ്മെ ചിന്തിപ്പിക്കുന്നത്.

വി. യോഹന്നാൻ 13:30 ഇപ്രകാരം പറയുന്നു. "ഖണ്ഡം വാങ്ങിയ ഉടനെ അവൻ എഴുന്നേറ്റ് പോയി അപ്പോൾ രാത്രി ആയിരുന്നു". എന്ന് ഒരേ മേശയിൽ നിന്നപ്പം ഭക്ഷിച്ച് ഒരേ താലത്തിൽ കൈമുക്കിയ ആ രാത്രി ഇരുട്ടിലേക്കിറങ്ങിപ്പോകുവാൻ ആരും അവനോട് പറഞ്ഞില്ല. അവന്റെ സ്വകാര്യതയിൽ അവന്റെ അവസരങ്ങളെ അവൻ വിനിയോഗിച്ച വിധമാണ് അക്കൽദാമായിലെ മണ്ണിൽ അവന്റെ കാലുകളെത്തിച്ചത്. സമൂഹത്തിലെ ചില നിയമങ്ങളുടെ മേശയിൽ ക്രിസ്തുവിനൊപ്പം ഭക്ഷണം കഴിക്കാനെനിക്കാകും, പുറത്തെ ഇരുട്ടിലെ ഞാൻ എങ്ങനെയുള്ളവനാണ്.

മനുഷ്യന് എന്നും സ്വാതന്ത്ര്യമുണ്ടായിരുന്നു അവന്റെ അവസരങ്ങളിൽ തീരുമാനമെടുക്കുവാൻ. എന്നിട്ടും ദൈവം മാറി നിൽക്കുന്ന അവന്റെ ചില സ്വകാര്യതകളിൽ തനിക്ക് ലഭിച്ച അവസരങ്ങൾ ചൂതുകളിക്കുന്നു. അക്കൽദാമയിലെ മണ്ണ് പറ്റുന്നു. ഉല്പത്തിയിൽ ആരംഭിക്കുന്ന കഥയ്ക്ക് ഇന്നും മാറ്റമില്ല.

"നീ എവിടെയാണ് "? എന്ന് ആദാമിനോട് ചോദിക്കേണ്ടി വന്നത് താൻ നടത്തിയ വഴികളിൽ അവനെ കാണാത്തത് കൊണ്ടാണ്- 'സ്വാകാര്യതയുടെ ചൂതുകളി'. മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചുകൊടുക്കുന്നത് എന്ന് ക്രിസ്തു ചോദിക്കുമ്പോൾ യൂദാ നിശബ്ദനാകുന്നു-'വിശ്വസ്തതയുടെ ചൂതുകളി'. "ദൈവത്തോട് നീ വ്യാജം കാണിച്ചതെന്ന്" എന്ന് അനന്യാസിനോടും സഫീറയോടും ചോദിക്കുമ്പോൾ സത്യത്തിലിരിക്കേണ്ട അവസരങ്ങളെക്കുറിച്ചായിരിക്കണം അവർ ചിന്തിച്ചത് - 'സത്യസന്ധതയുടെ ചൂതുകളി. ഏറെ നാളുകൾക്ക് ശേഷം മടങ്ങി വരുന്ന യജമാനന് ചോദിക്കാറുള്ളത്. "ഞാനേൽപ്പിച്ച താലന്തെവിടെ" എന്നാണ്. ചോരയുടെ നിലങ്ങളിൽ നിന്ന് മണ്ണ് പറ്റിയ ഒരൊറ്റ താലന്ത്, മണ്ണിൽ കുഴിച്ചിട്ട അവസരങ്ങളെ എന്റെ കയ്യിലുള്ളൂ എന്നതിലേക്ക് ഞാൻ ചുരുങ്ങുന്നു.

ശിഷ്യന്മാരിൽ 12-ാമനായിരുന്നവനും മറന്നത് നിലനിർത്തപ്പെടേണ്ട ശിഷ്യത്വത്തെക്കുറിച്ചും നൽകപ്പെട്ട അവസരങ്ങളെക്കുറിച്ചുമാണ്. വിളി മറക്കുന്നവൻ പതനത്തിന്റെ രക്ത നിലങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. ആദാമും, കായീനും, അനന്യാസും സഫീറയും മണ്ണിൽ താലന്ത് കുഴിച്ചിട്ടവനും വഴികളിൽ ഉടക്കി വീണപ്പോൾ എന്റെ ആത്മീയത എവിടെയെത്തി എന്ന് ചിന്തിക്കാം. കാരണം എന്റെ വിധിയെ സ്വാധീനിക്കുന്നത് എന്റെ അവസരങ്ങളും, എന്റെ തീരുമാനങ്ങളും തന്നെയാണ്.

അക്കൽദാമ നോമ്പിന്റെ പരിശോധനയാണ്-പെസഹാ വരെ കൂടെയുണ്ടായിരുന്നിട്ടും അന്ത്യഫലം രക്തനിലമായി യൂദാസിന് സംഭവിക്കുമ്പോൾ ക്രൂശിലെ ക്രിസ്തു നോമ്പിന്റെ അവസാനത്തിൽ വീണ്ടും ഒറ്റുകാരനാകുന്നുവോ എന്ന പരിശോധന! നോമ്പിൽ ദേവാലയത്തിൽ ഞാൻ ചിലവഴിച്ച സമയങ്ങൾ "വിശുദ്ധ സ്ഥലത്തേക്ക് വലിച്ചെറിഞ്ഞ കാശുകളെപ്പോലെയാകുന്നു എന്നത് എന്റെ ജീവിതശൈലി നോമ്പിന്റെ മാറ്റം ഉൾക്കൊള്ളുന്നില്ല എന്നതാണ്. അപ്പോഴും നിങ്ങളിൽ ഒരുത്തൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന് പറയുമ്പോഴും" അത് ഞാനാണോ എന്ന് വഞ്ചനയുടെ ചിരി ഉള്ളിലൊതുക്കി യൂദാ ചോദിക്കുന്നത് പോലെയാണ് നാം.

സഹോദരൻ തിരിച്ചറിയപ്പെടാതിരിക്കുമ്പോൾ, അവസരങ്ങൾ ചൂതാട്ടമാകുമ്പോൾ സ്വാതന്ത്ര്യവും, സ്നേഹവും സ്വാർത്ഥതയായി മാത്രം മാറുമ്പോൾ ഒലിവ് മലയിൽ നിന്ന് ഗോഗുൽത്തായിലെ ക്രൂശിലേക്ക് ക്രിസ്തു വീണ്ടും നടക്കുന്നു. അക്കൽദാമാകൾ ആവർത്തിക്കുന്നു.

സോഷ്യൽ മീഡിയാകളിലെ ലൈക്കുകൾക്കും, സ്മൈലികൾക്കും, സ്റ്റിക്കറുകൾക്കും അപ്പുറമായി അപരന്റെ ഹൃദയത്തെ തൊടുന്ന തിരിച്ചറിവുകൾ നമുക്കുണ്ടാകട്ടെ, അവസരങ്ങളിൽ ക്രിസ്തുവിനോട് ചേരുന്ന തീരുമാനങ്ങൾ നമുക്കുണ്ടാകട്ടെ. അക്കൽ ദാമാ ആവർത്തിക്കാതിരിക്കട്ടെ!. ■

OVBS

പുതുമകളോടെ ഒ.വി.ബി.എസ്.

ദൈവം എന്റെ പരമാനന്ദം 2016

■ ഡോ. ഐപ്പ് വർഗീസ്
ജനറൽ സെക്രട്ടറി, ഒ.വി.ബി.എസ്.

അവധിക്കാലത്ത് കുട്ടികളെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ യേശുവിങ്കലേക്ക് അടുപ്പിച്ച് നിർത്തി അവരുടെ ആത്മീയ വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും സഹായിക്കുന്ന ഒ.വി.ബി.എസ്. ഈ വർഷം ഒട്ടേറെ പുതുമകളോടെ എത്തുന്നു. കഴിഞ്ഞ 13 വർഷമായി നിലവിലിരുന്ന ഒ.വി.ബി.എസ്. കരിക്കുലം ഈ വർഷം പുതുക്കിയെത്തുമ്പോൾ വ്യത്യസ്ഥമായ അനുഭവമായിരിക്കും. ഒ.വി.ബി.എസുമായി ബന്ധപ്പെട്ട എല്ലാവർക്കും ലഭിക്കുന്നത്.

കുട്ടികളെ ഏഴ് ക്ലാസ്സുകളായി തിരിക്കുന്നു. ക്ലാസ്സുകളുടെ പേരിലുമുണ്ട് പുതുമ. Seeds, Roots, Buds, Leaves, Branches, Flowers, Fruits എന്നിങ്ങനെ ഒരു വിത്ത് വളർന്ന് വലുതായി ഫലം തരുന്ന അനുഭവത്തിൽ വരെയെത്തുന്നതു പോലെയാണ് ക്ലാസ്സുകളുടെ പേരുകൾ. ആറ് ദിവസം നീണ്ടു നിൽക്കുന്ന ക്ലാസ്സുകൾ (ഉദ്ഘാടന-സമാപന ദിവസങ്ങളുൾപ്പെടെ 8 ദിവസം). ഒരു വർഷത്തെ ഒ.വി.ബി.എസിൽ പഠിപ്പിക്കുന്നത് ആറ് വിഷയങ്ങൾ മാത്രം. Seeds മുതൽ Fruits വരെയുള്ള ക്ലാസ്സുകളിൽ ഓരോ ദിവസവും പഠിപ്പിക്കുന്നത് ഒരേ വിഷയങ്ങൾ മാത്രം. അങ്ങനെ ആറ് ദിവസങ്ങൾ കൊണ്ട് ആറ് വിഷയങ്ങൾ. താഴ്ന്ന ക്ലാസ്സ് മുതൽ ഉയർന്ന് ക്ലാസ്സ് വരെ പാഠ്യവിഷയങ്ങളുടെ വ്യാപ്തി വർദ്ധിച്ചുവരുന്നു. ആറ് ദിവസങ്ങളിൽ മൂന്ന് ദിവസമെങ്കിലും ഉച്ചയ്ക്കു ശേഷവും ക്ലാസ്സുകൾ ഉണ്ടാകും. സൗകര്യങ്ങൾ ഉള്ള യൂണിറ്റുകൾ ഏതാനും ദിവസങ്ങളിൽ എല്ലാവരും യൂണിറ്റിൽ താമസിച്ച് ക്യാമ്പായിട്ടും ഒ.വി.ബി.എസ്. നടത്താം.

Chanting രീതിയിലുള്ള meditation ചേർന്ന പ്രവർത്തനങ്ങളോടൊയാണ് ക്ലാസ്സുകൾ ആരംഭിക്കുന്നത്. ഇതിനെത്തുടർന്ന് മുഴുവൻ കുട്ടികളും പ്രായമനുസരിച്ച് രണ്ട് ഗ്രൂപ്പായിത്തിരിഞ്ഞ് തെരഞ്ഞെടുത്ത വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ധ്യാനത്തിലേക്ക് പ്രവേശിക്കുന്നു.

ആകർഷകമായ ഗാനങ്ങൾ, കൂടുതൽ intractive രീതിയിലുള്ള ക്ലാസ്സുകൾ വ്യക്തിത്വ വികസനത്തിനുള്ള അനേകം പ്രവർത്തനങ്ങൾ ഇവയെല്ലാം ഒ.വി.ബി.എസിൽ ഉണ്ട്. games, quiz, talent show, debate രോഗികളുടെയും വാർദ്ധക്യത്തിലുള്ളവരുടെയും ഭവന സന്ദർശനം, വിവിധ സ്ഥാപനങ്ങൾ (കുട്ടികൾ, വാർദ്ധക്യത്തിലുള്ളവർ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവരുടെ) എക്സിബിഷനുകൾ നടത്തുക, ഡോക്യുമെന്ററി/ഷോർട്ട് ഫിലിം നിർമ്മാണം, ചരിത്രത്തെ പഴമയെ അറിയുവാനുള്ള സന്ദർശനങ്ങൾ, സ്പോർട്സ്, പെയിന്റിംഗ് പ്രകൃതി സംരക്ഷണം, തുടങ്ങിയ വ്യത്യസ്ഥങ്ങളായ പ്രോഗ്രാമുകളാണ് ഒ.വി.ബി.എസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഓരോ യൂണിറ്റിലും ഒ.വി.ബി. എസ്. പ്രവർത്തനങ്ങൽ സൂപ്പർവൈസ് ചെയ്യുന്നതിനായി Eso (External Supervisor of OVBS) ഉണ്ടാകും. ഓരോ ഭദ്രാസനത്തിലെയും ഭദ്രാസന ഡയറക്ടറന്മാർ വിവിധ യൂണിറ്റുകളിൽ നിന്നും യോഗ്യരായ ആളുകളെ തെരഞ്ഞെടുത്ത് കേന്ദ്ര തലത്തിൽ ട്രെയിനിംഗ് നൽകിയാണ് ESO യൂണിറ്റുകളിൽ എത്തുന്നത്.

ഈ വർഷം ഒ.വി.ബി.എസിന് ശേഷം ആരംഭിക്കുന്നു. സങ്കീർത്തനം 143:4 അടിസ്ഥാനമാക്കി "ദൈവം എന്റെ പരമാനന്ദം" എന്നുള്ളതാണ് മുഖ്യ ചിന്താവിഷയം. ഇന്നത്തെ ലോകത്തിൽ ആനന്ദിക്കുവാൻ ലൗകികമായി ഏറെ വഴികളും സാധ്യതകളും ഉണ്ട്. എന്നാൽ അവയിൽ നിന്നും മാറി യേശുവുമായുള്ള സൗഹൃദത്തിൽ കഴിയുവാൻ കുട്ടികളെ സഹായിക്കുകയാണ് ഒ.വി.ബി.എസിന്റെ 2016 ന്റെ ലക്ഷ്യം. "ദൈവം എന്റെ പരമാനന്ദം" എന്ന അനുഭവത്തിൽ ജീവിക്കുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കാം. അവർക്ക് കഴിവുകളെ പ്രകടിപ്പിക്കുവാനും വളർത്തുവാനും നല്ല വേദികളെ കാണിച്ചുകൊടുക്കാം അവർ വളരട്ടെ ധീരരായ്, സുശീലരായ്.

ഒ.വി.ബി.എസിന് കുട്ടികൾക്കും

അധ്യാപകർക്കും മാത്രമല്ല ഓരോ ഇടവകയ്ക്കും സുപ്രധാന പങ്കുണ്ട്. സൺഡേസ്ക്കൂളിന്റെ നേതൃത്വത്തിൽ ഒ.വി.ബി.എസ് നടക്കുമ്പോൾ ഇടവക മുഴുവനും അതിന്റെ ഭാഗഭാക്കാകണം, ഒ.വി.ബി.എസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകളിൽ ഇടവക മുഴുവനും പങ്കെടുക്കണം. ഒ.വി.ബി. എസ് സമയത്ത് ഇടവകാംഗങ്ങൾ ആവശ്യമായ നല്ല സഹകണങ്ങൾ നൽകുവാനും നമ്മുടെ കുട്ടികളുടെ നല്ല പ്രവർത്തനങ്ങളെ നേരിട്ടുകാണുവാനും പ്രോത്സാഹിക്കുവാനും ശ്രമിക്കുമല്ലോ.

ഏറ്റവും സന്തോഷത്തോടെ നമുക്ക് പുതിയ ഒ.വി.ബി.എസിനെ വരവേൽക്കാം. ദൈവമാകട്ടെ നമ്മുടെയെല്ലാം പരമാനന്ദം!! ■



അഖില മലങ്കര ശുശ്രൂഷക സംഘം വൈസ് പ്രസിഡന്റായി നിയമിതനായ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്. വൈദിക ട്രസ്റ്റിയും ഓർത്തഡോക്സ് സെമിനാരി പ്രൊഫസറുമാണ്.

BRIDE WANTED

Orthodox parents from Kottayam, settled in Trivandrum seeking God fearing, well educated, employed Syrian Christian boy (Orthodox/ Jacobite/ Marthoma/ CSI/ Catholic) for B. Tech. (IIT), Associate Consultant, 26/163, fair, girl. She is planning to do MBA in a reputed University in the US during 2016 – 2018 with Faculty Scholarship.

Contact : 9895034358/9446434358
matjol2004@yahoo.co.uk

BRIDE GROOM WANTED

Seeking proposal for MBBS lady Doctor (24yrs, 162 cm), grand daughter of a priest and daughter of employed parents from an upper middle class family, presently settled in Central Travancore ,from parents of suitable boy, PG Doctor, belonging to Orthodox Church .

Contact:
Mob. 9447402829

BRIDE WANTED

ഓർത്തഡോക്സ് യുവാവ് (B.Sc നേഴ്സ് അബുദാബി) വയസ്സ് 28/175, ദുബായ്, അബുദാബിയിലുള്ള ഓർത്തഡോക്സ് മർത്തോമ്മ യുവതികളിൽ നിന്നും ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ജൂലൈ അവസാനം നാട്ടിൽ വരുന്നു.

Contact:
M4 ID No. 4162148
MOB: 9447592529

BRIDEGROOM WANTED

Orthodox parents settled in Trivandrum seeks alliance for their daughter 25 years/155cm, B.Tech employed in Public Sector Bank, from parents of well qualified employed boys.

Contact :
9895645900
0471-2318539

BRIDE WANTED

Orthodox parents seeks alliance for their son, born and brought up outside Kerala, 28/179 cm, B.Tech working in nationalised bank as Dy. Manager, Mumbai invites proposals from parents of professionally qualified and employed god fearing girls. (preferably born and brought up outside Kerala).

Contact: 9539997816

BRIDE GROOM WANTED

Orthodox parents from pathanamthitta invite proposals for their daughter, MCA, 26 yrs, 164 cms, fair. seeks sutable alliance from professionally qualified employed and God-fearing boys including deacons.

Contact:
9048069193, 9747635106
0468-2259128

BRIDE GROOM WANTED

New mumbai settled orthodox parents invite proposals for their daughter 23 years 168 cms BSC opthmetrist workng at mumbai from professinally Qualified boys. Preference to outside kerala or mumbai or Abroad.

Contact: 07387296691, 09167684750

BRIDE & BRIDEGROOM WANTED

Pune settled Orthodox parent seek alliance from noble God fearing Orthodox/Jacobite/Malankara/Marathomite families for my children.

Daughter : 26/162, medium complexion, MCA, working in Pune. Professionally qualified employed boys in India or abroad.

Son : 29/167, medium complexion, B.Com, MBA, working in abroad (Baharin) professionally qualified employed girls in India or abroad (preferable Baharin)

020 - 27412630 / 9890757028 bini.virgo@gmail.com

BRIDE GROOM WANTED

Orthodox parents seeks alliance for their daughter 29 yrs, 165 cm, fair MSc. (Chemistry) doing post Doctrate in Kyoto (Japan) invites proposals from qualified professionals working in India/Abroad.

BM. ID. E. 3194814
Contact: 9747492394

മലങ്കരസഭ മാസിക

വായിക്കൂ...
വരിക്കാരാകൂ...

മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണം
എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

അക്ഷര വെളിച്ചത്തിന്റെ
എഴുപതു വർഷങ്ങൾ

ആർദ്രയ്ക്ക് വരുമാന നികുതി വകുപ്പിന്റെ അംഗീകാരം

മലങ്കര ഓർത്തഡോക്സ് സഭയുടെ സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിക്ക് കേന്ദ്ര ഗവൺമെന്റ് വരുമാന നികുതി വകുപ്പ്, വരുമാന നികുതി നിയമത്തിലെ 80 G (5) (VI) വകുപ്പ് പ്രകാരമുള്ള അംഗീകാരം ലഭിച്ചു. ഇതനുസരിച്ച് സൊസൈറ്റിക്കു നൽകുന്ന സംഭാവനകൾക്ക് വരുമാന നികുതിയിൽ നിന്നും ഇളവ് ലഭിക്കും. വ്യക്തിഗത നികുതിദായകരും CSR പ്രകാരം സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവരും ആർദ്രയുമായി ബന്ധപ്പെടണം. ഫോൺ: 0481-2574457. ജനറൽ സെക്രട്ടറി അഡ്വ. (ഡോ.) ഐസക്ക് പാമ്പാടി-9447258907

ഹാശാ ശുശ്രൂഷകൾ

പഴഞ്ഞി: പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഹാശാ ശുശ്രൂഷകൾ പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തും.

പരുമല സെമിനാരി : സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ.

കോട്ടയം: പഴയ സെമിനാരിയിൽ ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ.

ഹരിപ്പാട്: അരാഴി സെന്റ് മരീസ് പള്ളിയിൽ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത.

ബുധനൂർ: സെന്റ് ഏലിയാസ് പള്ളിയിൽ ഡോ. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത.

കൺവൻഷൻ ഗാനങ്ങൾ ക്ഷണിക്കുന്നു

കോട്ടയം: ശ്രുതി സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് 2017 ലേക്ക് കൺവൻഷൻ ഗാനങ്ങൾ ക്ഷണിക്കുന്നു. വിശ്വാസാധിഷ്ഠിതവും ആത്മീയ നിറവും അനുതാപബോധം നൽകുന്നതുമായ ഗാനങ്ങൾ ചിട്ടപ്പെടുത്തിയും അല്ലാതെയും 2016 ഏപ്രിൽ 30-ന് മുമ്പായി ശ്രുതി സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി കോട്ടയം, എന്ന വിലാസത്തിലോ sruticonvention 2017@gmail.com എന്ന ഇമെയിലിലോ ലഭിച്ചിരിക്കണം. - ഫാ. മാത്യു ജോൺ തട്ടയിൽ-9447365651

21TH DEATH ANNIVERSARY

OF

G. DANIEL

KODIAT, 667 DARSHAN NAGAR
PEROORKADA, TRIVANDRUM,
on 22 March 2016



"Safe in the arms of Lord Jesus Christ"

Inserted by :

Sorrowing family

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

സാമൂഹ്യതിന്മകൾക്കെതിരെ ബോധവൽക്കരണ മാജിക്ഷോ

മദ്യം മയക്കുമരുന്ന്, ക്യാൻസർ, ജങ്ക്ഫുഡ് , പായ്ക്കറ്റ്ഫുഡ്, എന്നിവയ്ക്കെതിരെ

പള്ളിതിരുന്നാൾ കുടുംബയോഗങ്ങൾ
സ്കൂളുകൾ, എന്നിവിടങ്ങളിൽ
വിജയകരമായി അവതരിപ്പിച്ചു വരുന്നു

35 വർഷത്തെ
അനുഭവ പരിചയം

മജീഷ്യൻനാഥ്
തിരുവനന്തപുരം

9847400080, 7025216165
Facebook: magiciannath
Email: magiciannath@gmail.com

ആരോഗ്യം ഉള്ള തലമുറയ്ക്കുവേണ്ടി

വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം



Breaking The Word

2016 ഏപ്രിൽ 3

പുതുഞായറാഴ്ച

യോഹ. 20:19 – 31

കേരളജനത നിസംഗതയോടെ തൽസമയം കൊലപാതകങ്ങളും മറ്റും വീക്ഷിച്ചിരിക്കുന്നത് *പി.കെ പാറക്കടവ്* ഇങ്ങിനെ രേഖപെടുത്തി, *''മനുഷ്യൻ പച്ചയിൽ മരിച്ചുവീഴുന്നത് ചുടുചായമോന്തി ഒരു ടി.വി സീരിയൽ കാണുന്ന ലാഘവത്തോടെ കണ്ടിരിക്കാൻ നമുക്ക് മടിയില്ലാതായിരിക്കുന്നു''*. ഇന്ന് ജീവന്റെയും മരണത്തിന്റെയും ഉടയവനും സ്രഷ്ടാവുമായ പുത്രൻ തമ്പുരാന്റെ ഉത്ഥാനാനന്തര സംഭവങ്ങളാണ് ഏവൻഗേലിയോൻ ഭാഗത്തെ പ്രധാന പ്രമേയം.നിസംഗതയിൽ നിന്ന് നിത്യജീവനിലേക്ക് നമ്മെ തുടിയുണർത്തുവാൻ പോന്നതാണിത്. സഭയുടെ ആരാധാന വർഷത്തിന്റെ മറ്റൊരു ഘട്ടമാണ് പെന്തികോസ്തി പെരുന്നാൾ വരെയുള്ള കാലം. ഉത്ഥിതനായ കർത്താവ് ശിഷ്യസമൂഹത്തിന് നൽകുന്ന ദൗത്യപ്രകാശമാണ് ഈ ദിനങ്ങളിൽ സഭ വിചാരവിചിന്തനങ്ങൾക്കായി ക്രമികരിക്കുന്നത്.

1. ഇടറുവൻ ഇടയായ മുറിവുകൾ അതിജീവനമാതൃകയാക്കുക

*മരിച്ച ഒരാളുടെ ഉത്ഥാനം എങ്ങിനെയാണ് പ്രതിസ്ഫുരണങ്ങൾ ഉണ്ടാക്കുക?*യേശുവിന്റെ ഉത്ഥാനാനന്തരമാണ് ചരിത്രം ഇത്തരത്തിൽ ഒരു പ്രശ്നാനുഭവം അഭിമുഖികരിച്ചത്. പരസ്യശുശ്രൂഷാകാലത്ത് മനുഷ്യപുത്രൻ മറ്റുള്ളവർക്ക് വേണ്ടി ബലിയായി തീരുമെന്ന് അവിടുന്ന് ഓർമ്മിപ്പിച്ചിരുന്നു. അവിടുന്ന് തന്റെ മുറിവുകളെയും വിലാപ്പുറവും കാണിച്ച് സമാധാനമോതുന്നത് ക്രൈസ്തവശൈലിയുടെ വിനയവും വിശുദ്ധിയും പ്രസരിപ്പിക്കുന്നതായിരുന്നു. യേശുവിൽ ഏൽപ്പിക്കപ്പെട്ട മുറിവുകൾ തന്നെ മുറിവേൽപ്പിക്കുന്ന മർദ്ദകർക്കുള്ള മറുമരുന്നാണ്. പൗലോസ് മുറിവേൽപ്പിക്കപ്പെട്ട മശിഹായെ ദർശിച്ച് (അപ്പോ. പ്രവ.9)പാപജീവിതത്തിൽ നിന്ന് മോചനം നേടിയവനായിരുന്നല്ലോ.

ആണിപ്പാടുകളിലും കുന്തമുനകളിലുമുള്ള സമാധാനം: ഉത്ഥാനം,ശിഷ്യന്മാർ ഇടറുവാൻ ഇടായക്കിയ മുറിപാടുകൾ കാണിച്ച് ക്രിസ്തു സമാധാനം ആശംസിച്ചു. *'ഇതു പറഞ്ഞിട്ട് അവൻ കയ്യും വിലാപ്പുറവും അവരെ കാണിച്ചു'* (വ.20) എന്ന വാക്യം ശ്രദ്ധിക്കുക. ആണികളുടെയും കുന്തമുനകളുടെയും മുറിപ്പാടുകൾ സമാധാനത്തിന്റെ ആഴങ്ങൾ നമുക്ക് കാണിച്ച് തന്നു. സമാധാനത്തിന്റെ വഴിയാണത്. ആണികളും കുന്തവും ക്രിസ്തുവിൽ ഇടറുവാൻ പത്രോസിനെപ്പൊലെ അനേകരെ പ്രേരിപ്പിച്ചതാണ്. *ഇടറുവാൻ ഹേതുവാകുന്നവ, അതിജീവനത്തിന് ഇന്ധനമാക്കണമെന്നത് നാം കാണാതിരിക്കരുത്.* 'we carry too many fantasies inside us' എന്ന് കുറിച്ചത് *ബെൻ ഒക്രിയാണ്.* നാം നമ്മുടെ പരാജയങ്ങൾക്ക കാരണമാകുന്ന് സങ്കൽപ്പങ്ങൾ ഉള്ളിൽ വഹിക്കുന്നുണ്ട്.

കടൽ താണ്ടി സീതയെ രക്ഷിക്കുവാൻ ഹനുമാനെ പ്രചോദിപ്പിച്ച സുഗ്രീവസാന്നിധ്യം പോലെ ചിലതുണ്ട്. *കൺമുമ്പിലെ കടലിനെക്കാൾ കരുത്ത് നിന്റെ ഉള്ളിലുണ്ട് എന്ന്* ഓർമ്മപ്പെടുത്തലാണല്ലോ അത്. ഉത്ഥാനത്തിന്റെ അനുഭവത്തിലൂടെ യേശുനാഥൻ നമ്മെ പ്രേരിപ്പിക്കുന്നത് മരണഭീതിയുടെയും പരാജയത്തിന്റെയും വഴിയടയാളങ്ങളെ മായ്ക്കുന്ന പുതിയജീവനിലുള്ള പ്രത്യശയെ കുറിച്ചാണ്. മരണം സമ്മാനിച്ച ആ തിരുമുറിവുകളെ നോക്കുക. അവ നമുക്ക് സമാധാനത്തിന്റെ *ശ്ളമ്മോ* ആശംസിക്കുന്നു. പ്രളയത്തിനൊടുവിൽ പ്രാവ് കൊക്കുകളിലേന്തിയ ഒലിവിലകൾ(ഉൽപ്പ 8.10) സമാധാനത്തിന്റെ കൊടിയടയാളമായിരുന്നു. എന്നാൽ മലങ്കാക്ക(ഉൽപ്പ 8.7) പ്രളയാവശിഷ്ടത്തിൽ ആഹാരം അന്വേഷിച്ച് അലയുന്നത് കണക്ക് അലയുന്ന ജൂതജീവിതങ്ങൾ നിരാകരണത്തിന്റെയും, വൃഥാസങ്കൽപ്പികതയുടെയും പ്രതീകമായി ഇന്നും അവശേഷിക്കുന്നു.

2. ഭാരതീയ ഭക്തിജീവിതത്തിന്റെ മാർത്തോമ്മൻ ശൈലി.

ഉത്ഥാനത്തിനപ്പുറം മോക്ഷത്തിന് മറ്റൊരു മാതൃകയില്ല. മരണപാശങ്ങളിൽ നിന്നുള്ള മോചനമാണ് അത്. ഈ അനന്യദർശനം ക്രിസ്തുവാണ് ലോകത്തിന് പ്രദാനം ചെയ്യുന്നത്. തോമ്മാ ശ്ലീഹായുടെ വിശ്വാസദീപ്തിയെ കർത്താവ് ജ്വലിപ്പിക്കുന്ന ഒരു വേദഭാഗമാണല്ലോ ഇത്. ഭാരതീയ ദർശനങ്ങളിൽ മോക്ഷത്തിന് നിയതമായ ചില വഴികൾ ഉണ്ട്. അവയെ ഓർമ്മിപ്പിക്കുന്ന ചില സ്വഭാവങ്ങൾ ഇന്ത്യയുടെ ഈ അപ്പോസ്തോലനിൽ പ്രകടമാവുന്നത് കാണാം.

1. ജ്ഞാനമാർഗ്ഗം: വി.യോഹന്നാൻ എഴുതുന്ന സുവിശേഷങ്ങളുടെ വെളിച്ചത്തിൽ പങ്കുവെക്കുന്ന മൂന്ന് സംഭവങ്ങൾ ഏവർക്കും സുപരിചിതമാണ്. *നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞ് കൂടാ, പിന്നെ വഴി എങ്ങിനെ അറിയും?(യോഹ 14.5)* അവിടെ ദൈവത്തെ അറിയുവാനുള്ള, അവന്റെ മാർഗ്ഗത്തെ പിൻപറ്റുവാനുള്ള ആകാംഷ ഈ ചോദ്യത്തിൽ നിറഞ്ഞ് നിൽക്കുന്നു. *അന്വേഷണത്തെ അറിവിന്റെ വഴിയാക്കുന്ന തോമ്മാ ശ്ലീഹായെ* ആണ് നാമിവിടെ അറിയുന്നത്. ഇന്ന് ക്രിസ്ത

ുവിനെ അറിയുവാനുള്ള ആത്മാർത്ഥമായ പരിശ്രമം നമുക്കുണ്ടോ?

2. കർമ്മമാർഗ്ഗം: ലാസറിനെ ഉയർപ്പിക്കാനുള്ള തന്റെ യാത്രയിൽ *'നമുക്കും അവനോടു കൂടെ മരിപ്പാൻ പോകാമെന്ന്'* പറയുന്ന(11.16) തോമ്മാശ്ലീഹാ പ്രാവർത്തികമായും കർത്താവിനെ പിന്തുടർന്നവനാണ്. ഇവിടെ ക്രിസ്തുവിനായ് കർമ്മസജ്ജമാകുന്ന ശ്ലൈഹികമാതൃകയാണിത്. ക്രിസ്തുവിന് വേണ്ടി ജീവിക്കുന്നവനാണ് താൻ എന്നത് ഈ ഭാഗങ്ങളിൽ വ്യക്തമാണ്.

3. ഭക്തിമാർഗ്ഗം: ഉത്ഥാനത്തിന്റെ ഈ ദിനങ്ങളിൽ തന്റെ സംശയത്തിന്റെ നിഴൽ മായിക്കുവാൻ കരം നീട്ടുന്ന കർത്താവിനോട് *'എന്റെ കർത്താവും എന്റെ ദൈവവുമേ'* എന്ന ഭക്തിയുടെ സ്വരമാണ് ഉയർത്തിയത്. ഇത് ആ ഭക്തി ജീവിതത്തിന്റെ നന്മയെ മുഴുവൻ വ്യക്തമാക്കുന്നു. കേരളത്തിലെ ഭക്തകവികളായ പൂന്താനവും എഴുത്തച്ഛനും ഒക്കെ പിന്തുടർന്ന സർഗ്ഗാത്മകമായ വഴിയാണ്.

ഭക്തിജീവിതത്തിന്റെ ഭാരതീയ മാതൃകയാണ് വി.തോമ്മാമാർഗം. ജ്ഞാന, കർമ്മ, ഭക്തി മാർഗ്ഗങ്ങളിലൂടെ ദൈവത്തെ പിൻപറ്റുന്ന ആത്മീയാനുഭവമാണ് മോക്ഷമെന്ന് ശ്ലീഹായുടെ സഫലജീവിതം പഠിപ്പിക്കുന്നു. ദൈവത്തോട് നമ്മെ അണച്ചുനിർത്തുന്നത് നമുക്ക് നൽകപ്പെട്ടിരിക്കുന്ന എല്ലാ സാധ്യതകളിലൂടെയും ആകണമെന്ന് സാരം. ദൈവത്തെ പുണർന്ന് നിൽക്കുന്നത് തന്നെയാണ് മോക്ഷവും.

3. ഒറ്റപ്പെട്ടവന്റെ ദുഃഖത്തിന് ഉത്ഥിതന്റെ സാന്നിദ്ധ്യം

ഒടുവിൽ നാം ഒറ്റയായി തീരുന്നതെങ്ങിനെ കൂട്ടരെ?' എന്ന പ്രശ്നം കവിതയിൽ ഉയർന്ന കേട്ടത് കവി *സച്ചിദാനന്ദനിൽ കൂടി* ആണ്. ഭയം നമ്മിൽ ഉളവാക്കുന്ന വിഭിന്ന പ്രതികരണങ്ങൾ ഉണ്ട്. 1) ശിഷ്യന്മാർ ഭയത്താൽ ഒരുമിച്ച് കൂടിയിരുന്നു. 2) തോമസ് ഒറ്റയ്ക്ക് പുറത്ത് പോയി. ഈ രണ്ടു തലങ്ങളും ഒറ്റപ്പെട്ടുപോകുന്നതിന്റെ ഉദാഹരണങ്ങളാണ്. ചിലപ്പോൾ ഒരു വ്യക്തിയോ,ഒരു കൂട്ടം വ്യക്തികളോ ഒറ്റപ്പെട്ടുപോവുകയോ,ഒറ്റപ്പെടുത്തുകയോ ചെയ്യുന്ന ഒരു സാമൂഹികപശ്ചാത്തലമാണിത്.

മാരകരോഗങ്ങളോ,മരണമോ, മറ്റെന്തെങ്കിലും തീവ്രദുഃഖങ്ങളോ ഈ രണ്ട് പ്രതികരണതലങ്ങൾ കുടുംബ-വ്യക്തി ജീവിതങ്ങളിൽ ഉണ്ടാക്കുന്നത് കാണാം. ചിലർ ഒരുമിച്ച് കൂടിയിരിക്കവെ തോമ്മാ ശ്ലീഹാ ഒറ്റയ്ക്ക് പുറത്ത് പോയി. ക്രിസ്തുവിന്റെ വേർപാട് ആണ് ഈ ദുഃഖത്തിന് നിദാനം.

ഈ ലോകത്തിൽ നാം പിറന്നപ്പോഴും പിരിയുമ്പോഴും ഒറ്റയ്ക്കാണ്. എന്നാൽ ദൈവസാന്നിദ്ധ്യബോധം നമ്മെ ശക്തീകരിക്കുന്നു. നഷ്ടപ്പെട്ട നാണയം തേടുന്നതും(ലൂക്കോ15.8-10), അകന്നുപോയ ആടിനെ തേടുന്നതും(യോഹ 10.1-21), കൺമറയത്ത് നിന്നകന്ന മകനെ കാത്തിരിക്കുന്ന പിതാവിന്റെയുമൊക്കെ ഉപമകൾ(ലൂക്കോ15.11-22) ചൊല്ലി പഠിപ്പിച്ചവൻ, തന്നെ തേടിയെത്തുമെന്ന് മാർതോമ്മായ്ക്ക് അറിയുമായിരുന്നോ? ഒറ്റപ്പെട്ട് പോവുമ്പോൾ തേടിയെത്തുന്ന ഉത്ഥിത നാഥന്റെ ശബ്ദം നാം അവിശ്വാസിയകാതെ വിശ്വാസിയാകാൻ നമ്മെ തേടി വരുന്നു.

2016 ഏപ്രിൽ 10

ക്യംതായ്ക്ക് ശേഷം രണ്ടാം ഞായർ

വി: യോഹ. 21 : 1-14

തിബര്യോസ് തീരത്തെ വേദഭൂമിക വാചാലമായത് ക്രിസ്തുസാന്നിദ്ധ്യം ഒന്നുകൊണ്ട് മാത്രമാണ്. ഉത്ഥിതനായ യേശു തിരിച്ചറിയപ്പെടാതെ പോയതെന്തായിരിക്കും? മഗ്ദലമറിയം യേശുവിനെ തോട്ടക്കാരനായും (യോഹ 20:15)എമ്മാവൂസ് യാത്രികർ തന്നെ സഹയാത്രികനായും (വി.ലൂക്കോ 24:116,17) വിചാരിക്കുന്നതായി തിരുവെഴുത്തുകൾ!. യേശു ഉയിർത്തെഴുന്നേറ്റപ്പോൾ താൻ ധരിച്ച മഹത്വം മറ്റുള്ളവർ തന്നെ തിരിച്ചറിയുന്നതിനും അസാധ്യമാക്കി തീർത്തു. ആലങ്കാരികമായ മറ്റൊരു വ്യാഖ്യാനവും ഈ സംഭവത്തെ അർത്ഥവത്താക്കുന്നുണ്ട്. ചില ഉൾകാഴ്ച്ചകളുടെ വഴി വെളിച്ചത്തിലേക്ക്...

1. തീരത്തെ ഗുരുവും തിരകളിലെ ശിഷ്യന്മാരും

ഗുരുക്കന്മാർ തീരത്തും ശിഷ്യർ തിരകളിലും ആയിരിക്കുന്നത് ഒരു വൈജ്ഞാനീക യാഥാർത്ഥ്യമാണ്. തിരകളിൽ അകപ്പെട്ടുപോയവരുടെ സ്വപ്നം തീരമാണ്. നിരാശയും ജീവിതഭാരങ്ങളുമാകുന്ന തിരകളിൽ പെട്ടുപോയവരാണ് ശിഷ്യർ. നോമ്പിലെ വ്യാഴാഴ്ച്ച നമസ്ക്കാരത്തിൽ *'ലൗകീകർ തിരമാലകളെക്കാൾ ഇളകുന്നുവെന്ന്'* പാടുന്നത് ശ്രദ്ധിക്കുക. *തിരമാലകളെക്കാൾ ഇളകുന്ന* ജീവിതത്തിന് യോനാ ഉദാഹരണമാണല്ലോ.

തീരം സമയത്തെയും, നിത്യതയെയും കുറിക്കുന്നു. തിരമാലകളിൽ പോരാടുന്നവർ, *സ്വർഗ്ഗീയമായ അപ്പത്തെ* ഭക്ഷിക്കുന്നതിലേക്ക് നടത്തിയ പോരാട്ടം ശ്രദ്ധേയമാണ്. സ്വർഗ്ഗീയ അപ്പം ഭക്ഷിക്കുവാൻ പോരാട്ടം ആവശ്യമാണ്. നമ്മുടെ ദൈവം ചരിത്രത്തിലെ ദൈവമാണ്. യേശു അലമാലകളിൽ അദ്ധ്വാനിക്കുന്നവരെ കാണുകയും അവരെ സഹായിക്കുകയും ചെയ്യുന്നത് പോലെ, *വർത്തമാനകാലത്തും അവൻ നമ്മെ ഈ പോരാട്ടങ്ങളിൽ ശക്തീകരിച്ചു കൊണ്ടിരിക്കുകയാണ്.* മനുഷ്യന്റെ അദ്ധ്വാനത്തെ വിലമതിക്കുന്ന യേശുവിനെ സുവിശേഷങ്ങളിൽ മുമ്പും കണുന്നുണ്ട്.

ലോകത്തിന്റെ കടുത്ത തിരകളിൽ ക്ഷീണിച്ചവരെ വീണ്ടും നാം കാണുക, *തീരത്തെ ത്രോണോസിനരുകിലാണ്.* അവിടെ തീക്കനൽ കൂട്ടി, അപ്പവും മീനും ഒരുക്കി, ഒടുവിൽ നാം ദർശിക്കേണ്ട സ്നേഹനാഥൻ കാത്തിരിക്കുന്നു. മാത്രമല്ല മുമ്പ് അവിടുന്ന് വർദ്ധിപ്പിച്ചതു അപ്പവും മീനും തന്നെയായിരുന്നല്ലോ. നിത്യരാജ്യത്തിന്റെ സമൃദ്ധിയും ഇവിടെ സൂചിപ്പിക്കപ്പെടുന്നുവെന്ന് അർത്ഥം. അവിടെ മുമ്പ് പിടിച്ച മീനും ഇപ്പോൾ പിടിച്ചതിൽ നിന്നും കൊണ്ട് വരുന്നതും ഉണ്ട്. *ഇത് പഴയനിയമസഭയെയും പുതിയനിയമ സമൂഹത്തെയും സൂചിപ്പിക്കുന്നു.* ലോകത്തിന്റെ തിരകളിൽ ആയിരിക്കുമ്പോൾ തീരത്ത് അവനുണ്ട് എന്ന ചിന്ത ജീവിതസമരത്തിൽ എത്ര ആശ്വാസകരമാണ്.

2.ജ്വലിക്കുന്ന കനൽ ഉപജീവനത്തിന് മാർഗ്ഗം തിരഞ്ഞ് കടലിലദ്ധ്വാനിക്കുന്നവർ തീരത്തെ തീക്കനലിലേക്കെത്തുന്ന കാഴ്ച്ച നാമിവിടെ കാണുന്നു. ലോകത്തിന്റെ കടലിൽ നിന്നും കരയിലെ കനലിനരുകിലേക്ക് പ്രവേശിക്കുന്നത് പല മാനങ്ങളിൽ നമുക്ക് കാണാനാകും. *ലോകത്തിന്റെ ഓളങ്ങളിൽ നിന്ന് സ്രഷ്ടവിന്റെ പക്കലേക്കുള്ള മടക്കം പലവിധത്തിലാണ്. (1)വി. പത്രോസ് ശ്ലീഹായെപൊലെ തിരമാലക*

ളോട് പൊരുതിയോ. അതല്ലെങ്കിൽ മറ്റു (2)കൂട്ട് ശ്ലീഹന്മാരെ പൊലെ പടകിൽ തന്നെയിരുന്നോ ആകാം അത്. പടകിൽ നിന്നിറങ്ങുമ്പോൾ കാണുന്ന ഹൃദയഹാരിയായ കാഴ്ച്ച തീരത്ത് കൂട്ടിയിരിക്കുന്ന തീയും ഒരുക്കി വെച്ചിരിക്കുന്ന അപ്പവുമായി യേശു കാത്തിരിക്കുന്നതാണ്. നമ്മിൽ നിന്ന് ആത്മാവ് വേർപെടുമ്പോൾ സന്തോഷത്തിലേക്ക് മാറ്റപ്പെടുന്നതിന്റെ സൂചനയാണിത്. കാത്തിരിക്കുന്നവനരുകിലേക്ക് നാം ചെല്ലുന്നത് എത്ര സന്തോഷകരമായിരിക്കും.

3.സമ്പന്നതയുടെ രക്ഷാതീരം തീരം സമ്പന്നമാകുന്നത് ചാകരയുണ്ടാകുമ്പോഴാണ് എന്നല്ലേ നാം കേട്ടിട്ടുള്ളത്? എന്നാൽ തിബര്യോസ് തടാകത്തിന്റെ തീരം സമ്പന്നമാകുന്നത് മീൻപിടുത്തക്കാർ നിമിത്തമല്ല; പ്രത്യുത *മനുഷ്യരെ പിടിക്കുന്നവൻ* നിമിത്തമാണ്. 153 മത്സ്യങ്ങളെ പിടിച്ചതിനെ കുറിച്ച് വി.ജറോം എഴുതിയിട്ടുള്ളത് നമുക്കോർമ്മയുണ്ടാകും; അക്കാലത്തെ ചിന്തഗതിയനുസരിച്ച് ഗലീലാ കടലിലെ എല്ലാജാതി മത്സ്യങ്ങളുടെയും എണ്ണമത്രേ അത്! സമഗ്രമായ മനുഷ്യരുടെ രക്ഷാകവചമായിരുന്നു മശിഹായുടെ രക്ഷാവലയെന്നർത്ഥം.

മശിഹാ വിരുന്നൂട്ടുന്ന ഈ തീരം സമ്പന്നതയുടെ പ്രതീകമാവുന്നത് അവിടെ വിദഗദ്ധശിൽപ്പികളായ ശിഷ്യസമൂഹത്തെ ആ തീരത്തേക്ക് അടുപ്പിച്ചത് മൂലമാണ്. കാരണം ലോകത്തിന് സുവിശേഷത്തിന്റെ നദികളാവേണ്ട ഉറവകളായിരുന്നു അപ്പോസ്തോലിക സമൂഹം. ലോകത്തിന് വിമോചനത്തിന്റെ തൂണുകളായി മാറുന്ന അവരെ ചേർത്തുപിടിക്കുന്നതിലൂടെയാണ് രക്ഷാതീരം ശക്തിപ്പെടുന്നത്. സഭയുടെ കരുത്ത് അതിന് തൂണുകളാവുന്നവരും,സുവിശേഷവാഹികളായി തീരേണ്ടവരുമാണ്. വിവിധ തലങ്ങളിൽ ലോകത്തിന്റെ അലമാലകളിൽ നഷ്ടപ്പെട്ടവരെ ചേർത്ത് നിർത്തുവാൻ നമുക്ക് സാധിക്കുമ്പോൾ സഭ സമ്പന്നമാകും. *അണച്ച്പിടിക്കേണ്ടവർ അകറ്റിനിർത്തുമ്പോൾ പല വ്യക്തിഗത സംഭാവനകളും നമുക്ക് നഷ്ടപ്പെടുന്നുണ്ട്.* സഭയുടെ പ്രേക്ഷിതദൗത്യത്തിൽ ഇത് നമുക്ക് മാതൃകയാവേണ്ടതല്ലേ?

5.നിങ്ങൾ പിടിച്ചവയിൽ ചിലത്... ഒന്നും തന്നെ തന്റെ സൃഷ്ടികളായ നമ്മിൽ നിന്ന് അവിടുത്തേക്ക് ആവശ്യമായിരുന്നില്ല. 'ഇപ്പോൾ പിടിച്ച മീനുകളിൽ ചിലതു കൊണ്ട് വരികായെന്ന' യേശുവിന്റെ ആഹ്വാനം നമ്മിൽ നടുക്കം ഉളവാക്കുന്നില്ലേ? ഇതുവരെ ഈ തീരത്ത് നമ്മെ കാത്തിരുന്നവന് എന്തെങ്കിലും നൽകുവാനുണ്ടോ? അവന്റെ കാത്തിരുപ്പ് മുൻപെ പിടിച്ച മീനും അപ്പവും ഒരുക്കിവെച്ചുകൊണ്ടേയിരുന്നു; *പഴയനിയമ കാലമാണത്.* അതിനോട് ചേർക്കപ്പെടേണ്ട പുതിയനിയമസമൂഹത്തെ അവിടുന്ന് കാത്തിരിക്കുന്നു. അവന്റെ ചോദ്യത്തിന് പ്രതിവചിച്ചാലുള്ള നേട്ടവും നിരാകരിച്ചാലുള്ള ദോഷവും നമുക്കായിരിക്കുമല്ലോ!

താലന്തുകൾ കുഴിച്ചിടപ്പെട്ടൊരു സമൂഹമായി നാം തീർന്നാൽ എങ്ങിനെ നാം സുവിശേഷദൗത്യം നിർവ്വഹിക്കും.നമ്മുടെ സംഭാവനകളിൽ ചിലത് ദൈവം ആവശ്യപ്പെടുന്നുണ്ട് . *ആവശ്യക്കാർക്കായി അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതമാണ് നമ്മുടെ എല്ലാ ജീവിതവ്യാപരങ്ങളും.* അങ്ങിനെയെങ്കിൽ നിങ്ങളുടെ കഠിനമായ അദ്ധ്വാനത്തിന്റെ ആദ്യഫലവുമായി അത്യുന്നതന്റെ ബലിപീഠത്തിനരുകിലെത്താമോ? *ഹാബേൽ കുഞ്ഞാടുമായി* ദൈവസന്നിധിയിൽ എത്തിയത് പോലെ. ലഭിച്ചതും ലഭിക്കേണ്ടതുമായ താലന്തുകളുടെ വരവ് -ചിലവുകൾ നോക്കുന്ന ന്യായവിധിയുടെ ഓഡിറ്റുദിനത്തിനായി ഒരുങ്ങുവാൻ ഇത് മുഖാന്തിരമാകട്ടെ.

2016 ഏപ്രിൽ 17

ക്യംതായ്ക്ക് ശേഷം മൂന്നാം ഞായർ

വി: ലൂക്കോ. 24:13 – 35

നിരാശയുടെ നിഴൽമൂടിയ മനസ്സോടെയാണ് ആ സംഘം എമ്മാവൂസിലേക്ക് യാത്ര ചെയ്തത്. മനസ്സിൽ നിന്ന് മായാത്ത ഒരുപാട് ചിത്രങ്ങൾ യേശുവിന്റെ സഹനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ മനസ്സിൽ ഉണ്ടായിരിക്കണം. *ഈ നാളുകളിൽ സംഭവിച്ച കാര്യങ്ങളിലായിരുന്നു അവരുടെ മനസ്സ്.* ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ പൊരുളെന്തായിരിക്കുമെന്നും, അവന്റെ ഉത്ഥാനത്തെ കുറിച്ച് കേട്ട വാർത്തകളിലെ വാസ്തവമെന്തായിരിക്കാമെന്നതും അവരെ അലട്ടുമ്പോളാണ് പൊടുന്നനെ ഒരു സഹയാത്രികനായി ക്രിസ്തുവെത്തുന്നത്.ചിന്തിച്ചത് അവനെ കുറിച്ചായിരുന്നു, ചാരേ എത്തിയതും അവൻ തന്നെ.

എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന ഡോ.രാജൻ ഗുരുക്കൾ *ലോകത്തിലെ മനുഷ്യവർഗ്ഗത്തോട് ക്രിസ്തുവിനുണ്ടായിരുന്ന സാമൂഹ്യപ്രതിബദ്ധതയുടെ അടയാളമാണ് Christ on the Cross* എന്ന് ഒരിക്കൽ പറഞ്ഞതോർക്കുന്നു. ദൈവീകസ്നേഹത്തിന്റെ വഗ്ദത്ത തികവ് ഉത്ഥാനനിമിഷങ്ങളിൽ നമുക്ക് ദൃശ്യമാവുന്നുണ്ട്. നിരാശരും ആകുലരുമായ യാത്രികർക്ക് നാഥൻ കൂട്ടാളിയാകുമ്പോൾ

ഉണ്ടാകുന്ന വ്യതിരക്തതകൾ തുടർ ചിന്തകളിലേക്ക് നയിക്കുന്നു.

1. അസ്വസ്ഥരുടെ സഹയാത്രികൻ

ക്രിസ്തുവിന്റെ ദൈവരാജ്യാനുഭവം അവനെ പ്രതി അസ്വസ്ഥരായവർക്ക് കൂടുതൽ അനുഭവേദ്യമായി . മശിഹായുടെ സ്നേഹരാജ്യത്തിന്റെ കിനാവുകൾ കണ്ടവരൊക്കെ ഒരർത്ഥത്തിൽ അസ്വസ്ഥരായിരുന്നു. ഈ കൂട്ടരിൽ ചിലരെ നോക്കുക; (1) യെരുശലേമിലെ ശിമ്യോൻ(വി.ലൂക്കോ 2.25 -33): ക്രിസ്തുവിനെ കാണാൻ ആഗ്രഹിക്കുന്ന അവനെ കൈകളിലെടുക്കുവാൻ അവന് നിയോഗമുണ്ടായത് ഈ കാത്തിരിപ്പുമൂലമാണ്. (2)അത്തിയുടെ കീഴിലെ വചനധ്യാനത്തിലൂടെ നന്മയുടെ വരവിനെപ്രതി അസ്വസ്ഥനായ നഥാനിയേൽ: യേശു തമ്പുരാന്റെ പ്രശംസയ്ക്ക് അവൻ പാത്രിഭവിച്ചു.(3)യേശുവിനെ തൊടുവാൻ ആഗ്രഹിച്ച രക്തവാർച്ചക്കാരിയും ഇങ്ങിനെ സൗഖ്യം പ്രപിച്ചവളാണ്.(4) എത്യോപ്യകാരന്റെ ജീവിതത്തിലും(അപ്പോ.പ്രവൃ8.26-40) തിരുവെഴുത്തുവ്യാഖ്യാതാവായി എത്തുന്നതിൽ അസ്വസ്ഥ ജീവിതങ്ങളിൽ തിരുവചനപ്രകാശവുമായെത്തുന്ന ദൈവികീനുഭവം മനസ്സിലാക്കാം.

ക്രിസ്തുവനെ പ്രതിയുള്ള അസ്വസ്ഥതകൾ വിരുന്നെത്തുന്ന മനസ്സുകളെ തേടിയെത്തുന്ന സഹയാത്രികനാണ്

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

എന്ന് ബോധിപ്പിക്കുന്നുണ്ട് ഈ വേദഭാഗം. ക്രിസ്തുവിനോട് ചേർന്നുള്ള സഞ്ചാരം മനസ്സ് ജ്വലിക്കുന്ന അനുഭവമായി മാറും.

2. 'ഗുരോസ്തു മൗനം വ്യാഖ്യാനം'

കേവലം ബുദ്ധിപരമായ വ്യായമമല്ല ആരാധന. ചിലപ്പോൾ ചില ബുദ്ധിജീവികൾക്ക് ആരാധന അനുഭവവേദ്യമാകാതിരിക്കുകയും ചെയ്യും. ആരാധന ക്രിസ്തുകേന്ദ്രീകൃതമാകുന്നത് അവിടുന്ന് തന്നെ ബലിവസ്തുവാകുന്ന ത്രോണോസിലേക്ക് നാം അടുത്തു വരുമ്പോളാണ്. ആരാധനയ്ക്കായി അണയുവാൻ നാം നടത്തുന്ന എല്ലാ ഒരുക്കങ്ങളും അർത്ഥവത്തായി മാറുന്നത്, അർപ്പണത്തിന്റെ നിമിഷങ്ങളിലാണ്. *അവൻ അപ്പം നുറുക്കികൊടുക്കുമ്പോൾ അവരുടെ കണ്ണ് തുറന്ന് അവനെ അറിയുന്നു*(ലൂക്കോ 24.31) ഇവിടെ *അപ്പംനുറുക്കൽ* ഒരു തരത്തിൽ *വാഗ്മിതമെന്നൊക്കെ* പറയുന്ന ഭാരതീയ ശൈലി പ്രാപിക്കുന്നു.വാഗ്മിതമെന്നാൽ *മിതവും സാരവുമായ വാക്യമെന്നാണല്ലോ.ശിഷ്യരുടെ സന്ദേഹങ്ങൾക്കും ആകുലതകൾക്കും ഉത്തരമാകുന്ന ഗുരുവിന്റെ മൗനം പോലെയായിരുന്നു ഇത്*(ലൂക്കോ 24.31) . വി.കുർബ്ബാനാനുഭവം നമ്മിലെ ദൈവീകതയുടെ ആന്തരീകപൊരുൾ നമുക്ക് തിരിച്ച് തരുന്നു. ക്രിസ്തുവിലാകുമ്പോൾ പുതിയ സൃഷ്ടിയാകുന്ന അനുഭവം അതാണ്. *ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തു തന്നെ* എന്ന ബോധ്യം ഉണ്ടാകണം. ഉപനിഷദ് വാക്യമോർമ്മിച്ചാൽ *ഗുരോസ്തു മൗനം വ്യാഖ്യാനം,ശിഷ്യാസ്തു ഛിന്ന സംശയലൂ* എന്നത് കൊണ്ട് സൂചിപ്പിക്കുന്നത് ഗുരുവിന്റെ മൗനം കൊണ്ട് ശിഷ്യരുടെ സംശയനിവാരണം നടത്തുന്നതിനെയാണ്.

യേശു അപ്പം നുറുക്കി കൊടുക്കുമ്പോൾ അവനിലെ ചാരുതയുള്ള മൗനം അവരുടെ ശങ്കയകറ്റി കളയുന്നതായി തീരുന്നു. ഒരുപക്ഷെ മലങ്കരസഭയുടെ നെടും നീളചരിത്രത്തിൽ അധികം സുവിശേഷവ്യാഖ്യാതാക്കളില്ലാത്ത കാലത്ത് *വി.കുർബ്ബാനയെന്ന* വലിയ അനുഭവ തലം തന്നെ നിശബ്ദമായി വിശ്വാസികളുടെ ഹൃദയങ്ങളെ ഉണർത്തി, *ക്രിസ്തുവിനെ അറിഞ്ഞ്* നിലനിൽക്കുവാൻ പ്രാപ്തമാക്കിയെന്നത് ഒരു പരമയാഥാർത്ഥ്യമാണ്.

3. അസ്വസ്ഥകളിൽ നിന്ന് ആരാധനയിലേക്ക് നയിക്കുന്നവൻ.

മഹാത്മഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരിക്കെ ഡോ.ജാൻസി ജയിംസ് ഒരു പ്രഭാഷണത്തിൽ *'വിശ്വാസികളുടെ ഒരാഴ്ച്ചക്കാലത്തെ അസ്വസ്ഥതകളെ നീക്കുവാൻ സഹായിക്കുന്നത് വി. കുർബ്ബാനനിമിഷങ്ങളാണ്'* എന്ന് പ്രസ്താവിച്ചത് ഓർക്കുന്നു. യെരുശലേമിൽ നടന്ന സംഭവങ്ങളെ പ്രതി ആശങ്കപൂണ്ടവർക്ക് അത്താണിയാവുന്നത് അരുമനാഥനാണ്. തന്റെ വിശദീകരണങ്ങളും അപ്പം നുറുക്കലും അവരെ ആശയങ്ങളുടെ വ്യക്തതയ്ക്കും ഉൾകണ്ണ് തുറക്കുവാനും സഹായിച്ചു.

ഇന്ന് സംഘർഷഭരിതമായ തൊഴിലിടങ്ങളെ ധ്യാനിക്കുക. ജീവിതം സമ്മാനിക്കുന്ന സമ്മർദ്ദങ്ങളിൽ നിന്ന് യേശുവിലേക്ക് നമ്മെ സമർപ്പിക്കുവനും പരിപൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുവാനും വി.കുർബ്ബാന സഹായിക്കുന്നു. വിശ്വാസസമൂഹം അനുഭവിക്കുന്ന അസ്വസ്ഥതകളിൽ നിന്ന് ബലിയനുഷ്ഠാനത്തിലേക്ക് കൂട്ടികൊണ്ടുപോകുന്ന ക്രിസ്തുസാന്നിദ്ധ്യമാകാൻ വൈദീകർക്ക് സാധിക്കണം. സങ്കട കടലിൽ പെട്ട എമ്മാവൂസ് യാത്രികരെ ദിശാബോധം പകർന്ന് ക്രിസ്തു മാതൃക കുടംബജീവിതത്തിൽ മാതൃയാകണം.

മലയാളത്തിന്റെ കഥാകാരൻ ടി.പത്മനാഭന്റെ 'പ്രകാശം പരത്തുന്ന പെൺകുട്ടി' ആത്മഹത്യയോളം എത്തുന്ന ഒരാളെ ജീവിതത്തിലേക്ക് വഴി കാട്ടുന്നത് പൊലെയാണിത്. സംഘർഷങ്ങളുടെ മേഖലയായി തൊഴിലിടങ്ങൾക്ക് വ്യതിയാനം സംഭവിച്ച ഇക്കാലത്ത് ഈ ദൗത്യം പ്രധാനമാണ്.

2016 ഏപ്രിൽ 24

ക്യംതായ്ക്ക് ശേഷം നാലാം ഞായർ

വി: ലൂക്കോ. 9:51–62

പ്രിയമല്ലാത്തതിനെ അവഗണിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന സംസ്ക്കാരത്തിൽ നിന്ന് മാനവരെ വിമോചിപ്പിക്കുവാനെത്തുന്ന യേശുവിനെയാണ് ആദ്യ വേദഭാഗം അവതരിപ്പിക്കുന്നത്. സങ്കരസംവർഗ്ഗം എന്ന വിശേഷണം ചാർത്തി ശമര്യരോട് അയിത്തം കൽപ്പിക്കുന്ന സമുദായചിന്താഗതികളെ വലിച്ചെറിയുവാൻ പ്രേരിപ്പിക്കുന്ന ക്രിസ്തു മാതൃകയാണത്. ശമര്യക്കാരും യഹൂദരരോട് ഇത്തരം ഒരു മാനസീക സമീപനമാണ് പുലർത്തിയത്. *ജാതികോമരങ്ങളായി* മാറുന്ന നമ്മുടെ സാമൂഹിക മനസ്സ് നാം കാണാതിരിക്കരുത്. കേന്ദ്രസമൂഹികനീതി മന്ത്രാലയം പുറത്ത് വിട്ട കണക്കുകൾ പ്രകാരം *ജാതിവിദ്വേഷത്തിന്റെ പേരിൽ ഓരോ 18 മിനിറ്റിലും ഒരു ദലിതൻ ആക്രമിക്കപ്പെടുന്ന, ഒരു ദിവസം മൂന്ന് ദലിത് സ്ത്രീകൾ വീതം ബലാത്സംഗം ചെയ്യപ്പെടുന്ന രാജ്യമാണ് നമ്മുടേത്.*

യെരുശലേമിലേക്ക് പോകുന്ന യേശു 'എല്ലാവരും തന്നെ സ്വീകരിക്കണമെന്ന്',*ആധുനിക പൗരോഹിത്യ ശൈലി* പുലർത്തുന്നവനല്ല. *'മനുഷ്യന്റെ ചിന്താവ്യാപാരത്തിന്റെ വിശാലതയും, സ്വതന്ത്ര്യത്തിന്റെ ആകാശവും അംഗീകരിച്ച ഗുരുവാണ് യേശുവെന്ന്'* നിത്യചൈതന്യയതി അടയാളപ്പെടുത്തിയിരുന്നു. കേശവ് ദേവ് ശൈലിയിൽ പറഞ്ഞാൽ, *യേശുദേവന്റെ കർമ്മശുദ്ധി അടയാളപ്പെടുത്തുന്ന* ചില ദർശനങ്ങൾ കുറിക്കട്ടെ.

2. സങ്കുചിത താൽപ്പര്യങ്ങളുടെ മരുഭൂമികൾ

എല്ലായിടത്തും മരുഭൂമികൾ ഉണ്ട്; മനുഷ്യഹൃദയത്തിലും. *മതം മരുഭൂമികൾ ഉണ്ടാക്കുന്നതെങ്ങിനെയാണ്?* എന്ന *ചോദ്യത്തിന് ഉത്തരമാണ് ഈ വേദഭാഗം.ഗലീലായിൽ നിന്ന്* യേശു യെരുശലേമിലേക്ക് പോകും വഴിയാണ് ശമര്യയിൽ കൂടി കടന്ന് പോകുന്നത്. യൂദരോടുള്ള വിരോധത്താൽ യെരുശലേം യാത്രികരെയും ശമര്യക്കാർക്ക് താൽപ്പര്യമില്ല. ആയതിനാൽ യേശു അവർക്ക് സ്വികര്യനായില്ല.*അഭികാമ്യമല്ലാത്ത നന്മയെ നിരാകരിക്കുന്നതിലൂടെ നാം മരുഭൂമിയായ് നമ്മെ രൂപപെടുത്തുകയാണ്. ഈ വേദഭാഗത്ത് സങ്കുചിത താൽപ്പര്യക്കാരായ (1) ശമര്യക്കാർ (2) ജൂതർ(3) യേശുവിന്റെ ശിഷ്യന്മാർ എന്നി മൂന്ന് വിഭാഗങ്ങൾ ഉണ്ട്. ശമര്യർ യേശുവിനെ സ്വീകരിക്കാത്തതും,ശിഷ്യർ അവരെ തീയിറക്കി നശിപ്പിക്കണമെന്ന് പറയുന്നതും, ശമര്യർക്ക് നേരെ യഹൂദർ പുലർത്തുന്ന മനോഭാവവും സങ്കുചിതത്വത്തിന്റെ വിഭിന്നഭാവങ്ങളാണ്. ഇതിന് സമാനമായ* നാസി കൂട്ടക്കൊലപൊലെയുള്ള സംഭവങ്ങൾ ചരിത്രത്തിൽ നിരവധിയാണ്.

നമ്മുടെ സഭതന്നെ വിഭിന്ന താൽപ്പര്യങ്ങളുടെ ഭൂമികയാവുന്നത് കാണാം. സ്വന്തം രാഷ്ട്രീയ നിലപാടുകളുടെയോ, പ്രത്യയശാസ്ത്രങ്ങളുടെയോ കണ്ണടകളിൽ കൂടി സഭയെ വീക്ഷിക്കുന്ന വലിയ വിഭാഗം ഇന്നുണ്ട്. സഭയുടെ താൽപ്പര്യങ്ങൾ ഹിതകരമല്ലെങ്കിൽ സഭാനേതാക്കന്മാർക്കെതിരെ വളെടുക്കുന്നവരെയും കാണാം. പ്രാദേശി

കതാ വാദവും സഭയിൽ സജീവമാണ്. എപ്പിസ്കോപ്പൽ-ആത്മായ പ്രതിനിധിതെരഞ്ഞെടുപ്പുകൾക്ക് ഇന്ധനമാക്കാൻ പ്രാദേശികവാദം ഉയരുന്നത് ഒരു യാഥാർത്ഥ്യമാണ്.

ഈ തരത്തിലുള്ള വാദമുഖങ്ങളെ യേശു തമ്പുരാൻ നിഷേധിക്കുകയാണ്. രക്ഷയുടെയും വിമോചനത്തിന്റെയും ശബ്ദമാണ് യേശുവിന്റേത് .അത് തീയിറക്കി നശിപ്പിക്കുന്നതല്ല, താനേ മറ്റുള്ളവർക്കായി ബലിയായി തീരുന്നതാണ്.

3. പരിത്യജിക്കേണ്ട ഇരിപ്പ് ജീവിതങ്ങൾ

ടി.എസ് എലിയട്ട് തന്റെ *ദ് വേസ്റ്റ്ലാൻഡ്* എന്ന കൃതിയിൽ ഉപനിഷദ് വാക്യങ്ങളിൽ നിന്ന് കടമെടുത്ത ദാമ്യത,ദത്ത,ദയധ്വം എന്ന വാക്കുകൾ ഉപയോഗിച്ചതിനോട് സമാനമായി ശിഷ്യത്വപരിശീലനങ്ങളിൽ യേശു അവതരിപ്പിച്ച മൂന്ന് പ്രധാന കാര്യങ്ങളാണ് (വി.ലൂക്കോ 9. 57-62) നാമിവിടെ പരിഗണിക്കുന്നത്. പ്രേക്ഷിതശുശ്രൂഷയിൽ നാം പരിത്യജിക്കേണ്ടവയെ അത് സൂചിപ്പിക്കുന്നതാണ്.

ഒന്നാമതായി, അമിതമായ ആവേശത്തോടെ ശിഷ്യത്വത്തിലേക്ക് വരുന്നവൻ നിരാശപ്പെടാനിടയാകാം. *സുരക്ഷിതത്വത്തിന്റെ പ്രതീക്ഷയുമായി* അടുത്ത് വന്നവനോട് യാതൊരു സുരക്ഷിതത്വവുമില്ലാത്ത ജീവിതമാണ് തന്റേത് എന്ന് യേശു ഓർമ്മിപ്പിച്ചു. ഒന്നും പ്രതീക്ഷിക്കാത്തവരെ ദൈവം പ്രതീക്ഷിക്കുന്നു. സംയമനത്തിലൂടെ മാത്രമെ യേശുമാർഗ്ഗത്തിൽ പുലരനാകൂ.

രണ്ടാമത്തെയാൾ തന്റെ പിതാവിനെ സംസ്ക്കരിച്ച ശേഷം യേശുവിനെ പിൻഗമിക്കാം എന്ന് പറയുന്നു. യേശുവിന്റെ മറുപടി മരിച്ചവരെ സംസ്ക്കരിക്കുന്ന തൊഴിൽ ചെയ്യുന്നവരെ കുറിച്ചുള്ള ഭാഷാ പ്രയോഗശൈലിയാണ്. രണ്ടാമത്തെയാൾ തന്റെ പിതൃസംസ്ക്കാരത്തെയും പാരമ്പര്യത്തെയും ഒക്കെ അനുധാവനം ചെയ്തിട്ട് വരാനാണ് പറയുക. അയാളുടെ ആവശ്യം ഉചിതമാകാം. പക്ഷെ ശിഷ്യൻ മറ്റുള്ളവർക്ക് ദൈവരാജ്യാനുഭവത്തെ പ്രഘോഷിക്കേണ്ടവനാണ്. അനുഷ്ഠാനങ്ങൾ ദൈവഹിതത്തിനനുസരിച്ച് നിഷ്ഠയുള്ളതാക്കണമെന്നർത്ഥം. മറ്റുള്ളവർക്കായി തന്നെ ബലിവസ്തുവായി നൽകേണ്ടവനാണ് ശിഷ്യൻ. 'കരളെരിഞ്ഞാലും,ചിരിക്കുകയെന്നതേ വിദൂഷകധർമ്മം' എന്ന പഴഞ്ചൊല്ല് ശിഷ്യത്വപാതയിൽ പ്രധാനമാണ്. ദൗത്യമാണ് സുപ്രധാനം.

മൂന്നാമത്തെയാൾ, വീട്ടിലുള്ളവരോട് യാത്ര പറയുവാൻ അനുവാദം ചോദിക്കുന്നു. എല്ലാവരോടും കരുണ കാണിക്കേണ്ടവൻ നിസാരമായ മര്യാദകളെ പ്രതി ഭവനത്തിലേക്ക് തിരിയുന്നത് ഉചിതമല്ലെന്നുള്ള ഓർമ്മപ്പെടുത്തലാണത്. ക്രിസ്തുവിലുള്ള വിളിയെ മറന്ന്, ശിഷ്യത്വധർമ്മം താമസിപ്പിക്കരുത് എന്നതാണ് ഇവിടെ സൂചിപ്പിക്കുന്നത്. എല്ലാവർക്കുവേണ്ടിയുള്ളവൻ അവനവനിലേക്ക് ചുരുങ്ങാതിരിക്കുകയെന്നത് പ്രധാനമാണ്. ദയധ്വം എന്ന ഉപനിഷത് മന്ത്രം ഇവിടെ അന്വർത്ഥമാകുന്നു . എല്ലാവരോടും കരുണകാണിക്കണം എന്നത് തന്നെയാണ് അത് സൂചിപ്പിക്കുക. പാലസ്തീനിൽ നിവാസികൾക്ക് പരിചിതമായ പഴഞ്ചൊല്ലിൽ കൂടി കർത്താവ് ഇത് പറയുമ്പോൾ ഒരു ശിഷ്യൻ വീട്ടുകാരോട് മാത്രമല്ല, എല്ലാവരോടും കരുണകാണിക്കേണ്ടവനാണ് എന്ന് സാരം. ■

50-ാം ചരമവാർഷികം

06-03-2016



ബർസ്ലീബി കത്തനാർ

നിരണം വലിയപള്ളി മുൻ വികാരിയും മൂപ്പച്ചനും

12-ാം ചരമവാർഷികം

27-02-2016



റവ. ഫാ. കെ. ബി. മാത്യൂസ്, കാരിക്കോട്ട്

പരുമല സെമിനാരി മുൻ മാനേജർ,
പരുമല സെ. ഗ്രിഗോറിയോസ് ആശുപത്രി സ്ഥാപകൻ,
നിരണം വലിയ പള്ളി മുൻ വികാരി



സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരാൾ കാട്ടിലൂടെ സഞ്ചരിക്കുകയായിരുന്നു വന്യമൃഗങ്ങൾ ഉള്ള ആ കാട്ടിൽ അയാൾ അബദ്ധത്തിൽ ഒരു സിംഹത്തിന്റെ മുമ്പിൽ പെട്ട് പോയി അയാൾ ജീവനും കൊണ്ട് ഓടി ഏറെ ശക്തമായി ഓടിയിട്ടും സിംഹം അയാളെ വിട്ട് പോകുന്ന മട്ടില്ലായിരുന്നു. അങ്ങനെ രക്ഷപെടാൻ യാതൊരു മാർഗ്ഗവും കാണാഞ്ഞിട്ട് അയാൾ അടുത്ത് കണ്ട ഭീമാകാരമായ ഒരു വൃക്ഷത്തിൽ കയറിപ്പറ്റി അയാൾ അതിൽ എങ്ങനെകയറിപ്പറ്റി എന്നുള്ളത് അയാൾക്ക് പോലും അത്ഭുതമായിരുന്നു. അയാൾ ഒരു ശിഖരത്തിൽ അള്ളിപ്പിടിച്ചിരിക്കുകയായിരുന്നു. ഓട്ടത്തിന്റെ വേഗം കൊണ്ട് അയാൾ വല്ലാതെ ശ്വാസം കിട്ടാതെ അവിടെയിരുന്ന് കിതയ്ക്കുകയായിരുന്നു.

ഒരു മുരളൻ ശബ്ദം കേട്ട് അയാൾ മുകളിലേക്ക് നോക്കി അവിടെ തന്നെ വീക്ഷിച്ച് കൊണ്ട് ഒരു കരടി ഇരിക്കുന്നുണ്ടായിരുന്നു. അയാളുടെ കിതപ്പിനും ഹൃദയമിടിപ്പിനും ഭയത്തിനും ഒക്കെ വേഗം കൂടി. ഇത്രയും ഭയാനകമായ പ്രതിസന്ധിയിൽ അയാൾ മുമ്പെങ്ങും പെട്ടിട്ടില്ലായിരുന്നു. തന്റെ മരണം ഉറപ്പായി ഒന്നുകിൽ കരടി അല്ലെങ്കിൽ സിംഹം. സിംഹം കരടിയോട് പറഞ്ഞു "നീ മനുഷ്യനെ തള്ളി താഴെയിട്ട് നമുക്ക് അവനെ ഇരയാക്കാം" കരടി പറഞ്ഞു "ക്ഷമിക്കണം. സുഹൃത്തേ നിസ്സഹായനായ ഒരുവനെ തള്ളിയിടുന്നത് ശരിയല്ല" മണിക്കൂറുകൾ കഴിഞ്ഞു. ഇതിനിടെ കരടി മുകളിലെ കമ്പിലിരുന്ന് ഉറക്കം പിടിച്ചു. അതുകൊണ്ട് സിംഹം മനുഷ്യനോട് പറഞ്ഞു. "എനിക്ക് വിശപ്പടങ്ങിയാൽ മതി അതിന് നീ തന്നെ വേണമെന്നില്ല നീ ഉറങ്ങുന്ന ആ കരടിയെ തള്ളി താഴെയിടൂ." ആ മനുഷ്യൻ തന്നോട് നീതി പ്രവർത്തിച്ച കരടിയെ തള്ളി താഴെയിടാൻ ശ്രമിച്ചു. വീഴ്ചയിൽ താഴത്തെ കൊമ്പിൽ പിടികിട്ടിയത് കൊണ്ട് കരടി താഴെ വീണില്ല. ഉടൻ സിംഹം വിളിച്ച് കൂവി "മനുഷ്യൻ ചതിയനാണ് സുഹൃത്തേ നീ അവനെ തള്ളി താഴെയിട് അൽപ്പസമയത്തേക്ക് പോലും വിശ്വസിക്കാൻ കൊള്ളാത്തവനാണെന്ന് മനസ്സിലായില്ലേ. ഉപകാരം ചെയ്തവരോട് പോലും സ്നേഹം ഇല്ലാത്തവനാണെന്ന് തെളിഞ്ഞില്ലേ. ജീവൻ രക്ഷിച്ചവനോട് പോലും നന്ദിയില്ലാത്തവനാണെന്ന് പ്രവർത്തികൊണ്ട് കണ്ടില്ലേ. സ്വന്ത കാര്യത്തിന് ഇത്രയും സ്വാർത്ഥത പ്രവർത്തിക്കിക്കുന്ന മനുഷ്യനെ നീ തള്ളി താഴെയിട് ". കരടി പറഞ്ഞു. "അവൻ വിശ്വസിക്കാനും സ്നേഹിക്കാനും കൊള്ളാത്തവനാണെന്ന് എനിക്കറിയാം ചതിയനും നന്ദിയില്ലാത്തവനും സ്വാർത്ഥനുമാണെന്നറിയാം പക്ഷെ എനിക്കെന്റെ സംസ്ക്കാരം മാറ്റാനാവില്ല. ഞാൻ അധർമ്മം ചെയ്യില്ല. ഞാൻ അവനെ തള്ളി താഴെയിടുകയില്ല" പ്രതികൂല സാഹചര്യങ്ങളിലാണ് നാം നമ്മുടെ സംസ്ക്കാരം വെളിപ്പെടുത്തേണ്ടത്.

പ്രതികൂലങ്ങളിൽ ആരൊക്കെ ഗുരുവിനോടൊപ്പം ഉണ്ടായിരുന്നു എന്നത് ഗത്സമനയിൽ തമ്പുരാൻ പിടിക്കപ്പെടുമ്പോഴാണ് നാം അറിയുക. നെഞ്ചിന്റെ ചൂടും ചൂരും പറ്റിയവനും, വാക്ക് കൊണ്ട് വീമ്പ് പറഞ്ഞവനും, ജീവൻ വെക്കാമെന്ന് വാശി പിടിച്ചവനും, ശരീരത്തിന്റെ ഒരു ഖണ്ഡം രക്തനനവോടെ സ്നേഹത്തിൽ പൊതിഞ്ഞ് നൽകിയിട്ടും മനം മാറാത്തവനുമായൊക്കെയായാണ് നാം ഇന്നും ഉയിർപ്പനുഭവങ്ങളാചരിക്കുന്നത്. നമുക്ക് വേഷമുണ്ടെന്നല്ലാതെന്ത് പറയാൻ? അകത്തുള്ളതാരാണ് എന്ന തിരിച്ചറിവുണ്ടോ? നമുക്ക് ഭാഷയുണ്ടെന്നതല്ലാതെ സ്നേഹത്തിന്റെ നനവും ഉറവും നഷ്ടപ്പെട്ടിട്ട് എത്രനാളായിട്ടുണ്ടാകും. രാജ്യവും, മന്ത്രിയും, സൈന്യാധിപൻമാരും സൈന്യവും, പ്രജകളും എല്ലാം പ്രളയത്തിലായിട്ടും കൊട്ടാരമട്ടുപ്പാവിൽ തന്റെ സിംഹാസനത്തിൽ ഇരിക്കുകയും അത് വിട്ട് പോകാനാകാതെയുമിരിക്കുന്ന ഒരു രാജാവിന്റെ കഥ വായിച്ചിട്ടുണ്ട്. നമ്മുടെ സിംഹാസനങ്ങളുടെ കഥയ്ക്കൊക്കെ ഇതിലപ്പുറം എന്തെങ്കിലും സംവദിക്കാനുണ്ടോ? ഈ ഉയിർപ്പനുഭവത്തിൽ പ്രളയമാകെ മൂടിയിട്ടും സിംഹാസന സൗന്ദര്യത്തിൽ നാം ലയിച്ചിരിക്കുകയാണ്. നമ്മുടെ തൊങ്ങലുകൾ, അരപ്പട്ടകൾ ഇവ നമ്മെ നോക്കി ലജ്ജിക്കുന്നുണ്ടാകണം. നമ്മൾ ചില മിണ്ടായ്മകൾ പാലിക്കുന്നിടത്ത് ഇങ്ങനെ ചിലതൊക്കെ കണ്ഠം പൊട്ടി ചങ്ക് തകർന്ന് ഉദ്ഘോഷിക്കുന്നുണ്ടാകണം. "നാഥാ അങ്ങ് വീണ്ടും വീണ്ടും ക്രൂശിക്കപ്പെടരുതേ എന്ന്!!!" വേഷങ്ങൾ ഒരുപാട് മാറി മാറി നാം മുകളിലേക്കെത്തുമ്പോഴും നമ്മുടെ പഴയ ചില സംസ്ക്കാരങ്ങൾ നമുക്ക് വലിച്ചെറിയാനാകുന്നില്ല. പിന്നെങ്ങനെ നാം ഉയിർപ്പനുഭവത്തിലെത്തും...? ഒരിക്കലും ഉയിർപ്പനുഭവത്തിലെത്താത്ത നാം വീണ്ടും വീണ്ടും പറഞ്ഞാചരിക്കുകയാണ് അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന്. ഒറ്റ് നാണയങ്ങൾ പോലും ലജ്ജിക്കുന്നുണ്ടാകണം. നിന്റെ വാക്കുകളുടെ ഈ ഉദ്ഘോഷങ്ങൾ കേട്ട്.

എനിക്കുവേണ്ടി ഉയിർത്ത ദൈവമേ എനിക്കെന്നാണ് നിനക്കുവേണ്ടി ഒന്നുയിർക്കാനാവുക. ഒന്നു തളിർക്കാനാവുക. ഒന്നു പുഷ്പിക്കാനും ഫലമാവാനുമാവുക. ഉണങ്ങിയ വിത്തായ് വീണ്ടും അങ്ങയുടെ ആർദ്ര നനവിനാൽ മുളകൾ മുകുളങ്ങൾ അങ്ങനെ.... എൻ ദൈവമേ എന്നാണ്?

E-mail: fr.thirumangalam@gmail.com

Science of Life - 6



A Doctor's perspective on the DEATH OF JESUS

■ **DR. BIJU JACOB**
(Chief Controller, VSSC)

The Son of Man must be lifted up, just as that metal snake was lifted up by Moses in the desert. Then everyone who has faith in the Son of Man will have eternal life.

(John 3: 14, 15 CEV)

The crucifixion - lifting up - of Jesus is an accepted historical fact - the generally agreed upon date is Friday April 7, 30 AD during the governorship of Pontius Pilate (who ruled between AD 26–36). Moreover, archaeological evidences in Jerusalem from the 1st century have provided confirmatory evidence that the Roman crucifixions were similar to the one described in gospels.

Have we – including Christian doctors- ever thought about the possible cause of death of Jesus? I never thought about it – even in the forensicmedicine classes at Kottayam Medical College - as a medical student. However Mel Gibson had effectively portrayed the horrendous spiritual, mental and physical suffering of Jesus in the movie" ***Passion of Christ"*** (2004) starring Jim Caviezel as Jesus.

Death in crucifixion is a very slow process due to suffocation (asphyxia); which is accelerated by breaking the leg bones to intensify the suffocation– as done in the case of the criminals crucified along with Jesus. But Jesus died in a short span of three hours. Why was the death of Jesus of quick and different? A re- look at the passion narratives based on modern medical knowledge indicates that it could be due to severe blood loss (shock)and collection of fluid in the sac around heart(pericardium); so as to fulfill the prophesies.

1. The bloody sweat in the Garden..

The passion begins in the Garden, were Jesus prayed in agony for several hours. ***"And being in agony, He prayed the longer. And His sweat became as drops of blood, trickling down upon the ground." Luke 22:44***

This phenomenon of bloody sweat or Hematidrosisis well documented in medicine. Under great emotional stress, tiny capillaries in the sweat glands will break mixing blood with sweat. This process alone could have produced shock and weakened Jesus markedly.

2. The injury from scourging at Praetorium

In early morning Jesus - battered and bruised, dehydrated, and exhausted from a sleepless night - is subjected to terrible scourging atthe Praetorium of the Procurator of Judea, Pontius Pilate.

Jesus is stripped of His clothing and His hands tied to a post above His headand is whipped across his shoulders, back, and legs. The scourging is done with a short leather whipflagrum" or "flagellum which has a number of small pieces of metal, usually zinc and iron so as to quickly remove the flesh from the body of the victim.

As the heavy thongs cut through the skin, subcutaneous tissues and the muscles, blood spurts from the arteries in the torn muscles. Finally the skin of the back is hanging in long ribbons and the entire area is an unrecognizable mass of torn, bleeding tissue. The half-fainting Jesus is then untied and allowed to slump to the stone pavement, wet with His own blood.

David's words"***The plowers plowed upon my back; they made long their furrows."(Psalms 129:3 – ESV)"*** is a true picture of the scourging Jesus suffered.

3. The bleeding from the crown of thorns.

The skin covering our forehead – scalp – and face is rich in blood vessels. Hence any wound on the scalp or face suffers from excessive bleeding. It was to this highly vascular area that the Roman soldiers pressed the crown of thorns –causing copious bleeding. *"The sol-*

diers twisted together a crown of thorns and put it on his head. They clothed him in a purple robe" (John 19: 2)

The purple robe – a symbol of mockery – became another source of injury. This robe had already become adherent to the clots of blood and serum in the wounds. It was removedcarelessly -just like a surgical bandage -causing the wounds to bleed again with excruciating pain.

4. The carrying of the cross (patibulum) to Golgotha

Have you ever tried to carry a weight of 75 kg for half a mile? Most of us cannot do that. Jesus who was in extreme agony and in a state of shock from copious blood loss had to bear the heavy wooden beam stumbles and falls several times as the weight of the heavy wooden beam is too much to bear.

Why did the two criminals crucified with Jesus carry the wood without much difficulty? Unlike Jesus, they were never subjected to scourging and torture. Why Jesus alone was punished twice - scourging and crucifixion – while the criminals had to face only one?

5. The crucifixion and death of Jesus

Jesus thus arrives at Golgotha bleeding and sweating - the cold, clammy sweat of shock. The picture of Jesus hanging on three nails; fails to depict the severe agony of the crucifixion. The nails in the wrist hurt the median nerve while bearing the body weight and excruciating fiery pain shoots along the fingers and arms to explode in the brain. To avoid this tormentJesus tries to shift the weight to the feet and pushes Himself upward. Again, there is the searing agony of the nail tearing through the nerves between the metatarsal bones of the feet.Unlike the criminals crucified with him, Jesus bears the additional pain from the torn tissue on his lacerated back as He moves up and down against the rough wood. Thus Jesus gives up the attempt to shift the body weight between the arms and legs andhangs on the arms alone.

Severely stretched by the full body weight on the hands, the respiratory muscles (pectoral muscles and the intercostal muscles) are unable to act. Air drawn into the lungscannot be exhaled. Finally, carbon dioxide builds up in the lungs and in the blood stream and cramps partially subside. Spasmodically, He is able to push Himself upward to exhale and bring in the life-giving oxygen. It was, undoubtedly during these periods that He uttered the seven short sentences on the cross.

Now a deep crushing pain deep in the chest develops as the sac (pericardium) slowly fills with serum and begins to compress the heart. It is now almost over — the loss of tissue fluids has reached a critical level — the compressed heart is struggling to pump heavy, thick sluggish blood into the tissues — the tortured lungs are making a frantic effort to gasp in small gulps of air. With one last surge of strength, utters His seventh and last cry, *"Father, into thy hands I commit my spirit.(Luke 23: 46)"*

6. Why the bones of Jesus were not broken as done in the case of criminals?

The common method of ending a crucifixion was by *crucifracture*, the breaking of the bones of the legs. This ensured rapid suffocation as it prevented the victim from pushing himself upward. Thus the legs of the two criminals were broken, but when soldiers came to Jesus they saw that this was unnecessary (John 19: 32).

Apparently to make sure of death, the centurion drove his lance through the fifth interspace between the ribs, into the heart. Thus there was an escape of watery fluid from the sac surrounding the heart and blood from the interior of the heart – *"And immediately there came out blood and water. (John 19: 34)"*

This provided the conclusive post- mortem evidence that our Lord died, due to shock and constriction of the heart by fluid in the pericardium.

These things happened so that the scripture would befulfilled: "Not one of his bones will be broken," and, as another scripture says, "They will look on the one they have pierced." (John 19: 36, 37)

Ref: Dr. C. Truman Davis: **A Physician's View of the Crucifixion of Jesus Christ** ■

സൺഡേസ്ക്കൂൾ വിജയികൾ

OSSAE (OKR) പത്താം ക്ലാസ്സ് വാർഷിക പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ സൗദി അറേബ്യ സ്റ്റോക്ക് സൺഡേസ്ക്കൂൾ വിദ്യാർത്ഥി എംലി മറിയം വർഗ്ഗീസ്. ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം, ഏവൂർ കടമ്പനാട് നെരിയാമ്പള്ളിൽ അഡ്വ. ബിജു കെ. വർഗ്ഗീസിന്റെയും ബീന ബിജുവിന്റെയും മകൾ.

സൺഡേസ്ക്കൂൾ 10–ാം ക്ലാസ്സിൽ A+ ഉം, സഹപാഠ്യ മത്സരങ്ങളിൽ 'വേദവചന ഭൂഷണും', സൗത്ത് സെൻട്രൽ സോണിൽ പൊതുവിജ്ഞാനത്തിന് ഒന്നാം സ്ഥാനവും നേടിയ തോട്ടപ്പുഴ എംജിഎം സൺഡേസ്കൂൾ വിദ്യാർത്ഥിനി ലിനി ചെറിയാൻ (കോഴിമല സെന്റ് മേരീസ് കോൺവെന്റ് അംഗം). മേക്കൊഴൂർ വളയംകുഴിയിൽ ചെറിയാൻ ശാമുവേലിന്റെയും ലീലാമ്മയുടെയും പുത്രിയാണ്.

ST. MARY'S ORTHODOX CHURCH

ARINGADA, THALAVOOR-691514



കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിലെ അരിങ്ങട സെന്റ് മേരീസ് ദേവാലയം 20 കുടുംബംഗങ്ങൾ മാത്രമുള്ളതും, സഭയുടെ സ്ലീബാ ദാസ സമൂഹത്തിൽ ഉൾപ്പെടുന്നതുമാണ്. ഇടവകാംഗങ്ങൾ കാർഷിക മേഖലയിൽ കഴിയുന്നവരും, കൂലിപ്പണിക്കാരും, കശുവണ്ടി തൊഴിലാളികളുമാണ്. വളരെ കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലായിരിക്കുന്നതുമായ പ്രസ്തുത ദേവാലയത്തിൽ പ്രതികൂല കാലാവസ്ഥയിൽ ആരാധന നടത്തുന്നത് പ്രയാസമാണ്. ഈ സാഹചര്യത്തിൽ ദേവാലയ പുനർനിർമ്മാണം നടത്തുന്നതിന് ആരംഭിച്ചു. തുടർ പണികൾക്കും പൂർത്തീകരണത്തിനും വിശ്വാസികളും ഇടവകകളും കഴിവിന്റെ പരമാവധി ധനസഹായം നൽകി പുനഃനിർമ്മാണ പ്രവർത്തനങ്ങളെ സഹായിക്കുമാറാകണം.

എന്ന്, കർത്തൃശുശ്രൂഷകൻ

ഫാ. ഷാജി ഡാനിയേൽ
തറയിൽ ഏബൽ ഭവൻ
ചെങ്ങമനാട്
കൊട്ടാരക്കര

വികാരി
സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്
അരിങ്ങട, തലവൂർ

Contact No.	:	+918547867707
Bank A/c No	:	636958942 (Indian Bank)
A/c Name	:	St. Mary's Orthodox Church, Aringada
Branch	:	Chengamanadu
IFSC Code	:	IDIB000C046



പുസ്തകശാല

ശ്രേഷ്ഠ വഴികൾ...
കെ.വി. മാമ്മൻ, കോട്ടയ്ക്കൽ



മലങ്കര സഭയുടെ കഴിഞ്ഞ ഒരു നൂറ്റാണ്ടിന്റെ മിഷൻ പ്രവർത്തനങ്ങളുടെ സമഗ്ര ചരിത്രം. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ആരംഭിച്ച മിഷൻ പ്രവർത്തനങ്ങളുടെ സചിത്ര ചരിത്ര വിവരണമാണ്. അവതാരിക: ഫാ. ഡോ.ജേക്കബ് കുര്യൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, കോട്ടയം-18. പേജ് 308, വില:200

നമ്മുടെ സഭയുടെ നന്മക്കായി
റോയി ചാക്കോ ഇളമണ്ണൂർ



സമൂഹത്തിൽ നടക്കുന്ന ആഡംബരം, പൊങ്ങച്ചം, അനീതി, കാപട്യം, അഹങ്കാരം എന്നിവ സൂക്ഷ്മമായി അപഗ്രഥിക്കുന്നു. അപ്രിയ സത്യങ്ങൾ എന്നു കരുതി തിരസ്ക്കരിക്കാതെ വിമർശനം ഉൾക്കൊള്ളാവുന്നതാണ്. അവതാരിക: ഫാ.ഡോ. ഒ. തോമസ്, മലങ്കരസഭ ദീപം, കോട്ടയം-182, വില-100.

സ്മൈലി
സഖേർ

സാമൂഹിക മാധ്യമങ്ങളും ടെക്നോളജിയും സൃഷ്ടിക്കുന്ന പുത്തൻ സാങ്കേതിക പദങ്ങൾക്ക് വിമർശനാത്മകമായി ആത്മീയ ദർശനം പകരുന്നു. സ്മൈലി കൊണ്ട് കപടത സൃഷ്ടിക്കുന്ന പൊണ്ണത്തരങ്ങൾക്കും പൊള്ളത്തരങ്ങൾക്കുമുള്ള ദർശനങ്ങളുടെ പ്രതിരോധം. ബസേലിയൻ ബുക്സ്, പേജ് 80, വില:75

കുദേയ്ദിൽ നിന്ന് വിശ്രാന്തി...
ഫാ. മാത്യു വർഗീസ്, കുളങ്ങാട്ടിൽ



പ. യൽദോ മാർ ബസേലിയോസ് ബാവായുടെ ജീവിതവും ദർശനവും ചരിത്രരേഖകളുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. ഇറാഖിലും മലങ്കരയിലുമുള്ള വായ്മൊഴി പാരമ്പര്യങ്ങളും സാമൂഹ്യ ചരിത്രവും ഉൾക്കൊള്ളുന്നു. അവതാരിക: ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ. ഓർത്തഡോക്സ് വിചാര വേദി, കുന്നംകുളം. പേജ്-104, വില:99



വാ|യ|ന

യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ

ഡോ. പോൾ മണലിൽ

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലും മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച പത്തു സഞ്ചാര സാഹിത്യകൃതികൾ സമാഹരിച്ച് പഠനത്തോടൊപ്പം ഡോ. പോൾ മണലിൽ തയ്യാറാക്കിയതാണ് 'യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ'. ഭാഷാപരവും സാഹിതിയവുമായ പ്രാധാന്യത്തോടൊപ്പം ചരിത്രപരമായ പ്രാധാന്യവും സമാഹൃത രചനകൾക്കുണ്ട്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ 'ഊർശ്ലേം വർത്തമാനം' (1848), പ. പരുമല മാർ ഗ്രിഗോറിയോസിന്റെ 'ഊർശ്ലേം യാത്രാ വിവരണം' (1895), പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 'കൊളമ്പിലേക്കുള്ള യാത്രാവിവരണം (1892), പാഴ്സിമാർ എഴുതിയ വർത്തമാനങ്ങൾ (1848), കടയാട്ട് ഗോവിന്ദമേനോന്റെ 'കാശിയാത്രറപ്പൊട്ട' (1872), യോഹന്നാൻ സന്യാസിയുടെ ഔർശ്ലേം തിരുയാത്ര വിവരണം (1880), കട്ടക്കയത്തിൽ കൊച്ചു ചാണ്ടി അച്ചൻ ചതുബാലായന ചരിതം (1893), രണ്ടാം റോമ്മായാത്ര (1906), ജി.പി. പിള്ളയുടെ 'ലണ്ടനും പാരീസ്സും' (1897), മാർ തോമസ് കുര്യാളശ്ശേരിയുടെ 'റോമ്മാ യാത്ര' (1901) എന്നീ പത്തു കൃതികളാണ് പഠന വിധേയമാക്കിയിരിക്കുന്നത്. മലയാളത്തിലെ മുഖ്യധാര, സാഹിത്യചരിത്രങ്ങളിൽ തമസ്ക്കരിച്ച സഞ്ചാര സാഹിത്യ കൃതികളാണിവ. ആ നിലയ്ക്ക് ഇവ കണ്ടെത്തുകയും സാഹിത്യ-സാംസ്ക്കാരിക ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പഠന വിധേയമാക്കുകയും മൂല്യനിർണ്ണയം നടത്തുകയും ചെയ്തു എന്ന സവിശേഷത ഈ പുസ്തകത്തിനുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പ് മലയാളത്തിൽ സാഹിത്യമെന്നാൽ കവിതയും ഗദ്യത്തിന്റെയും പദ്യത്തിന്റെയും സമ്മിശ്രമായ ചമ്പുവും ആയിരുന്നു. ഇവിടെ നിന്ന് ഗദ്യാവിഷ്ക്കാരങ്ങളായ കഥ, നോവൽ, നാടകം, ഉപന്യാസം, സഞ്ചാര സാഹിത്യം എന്നിവയിലേക്കുള്ള വളർച്ച വ്യവഹാര ഭാഷയുടെ സാധാരണീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിനു കേരളീയർ കടപ്പെട്ടിരിക്കുന്നത് കേരളത്തിലേക്ക് കടന്നു വന്ന മിഷണറിമാരോടും അവരിലൂടെ മലയാളത്തിനു ലഭ്യമായ പത്രമാധ്യമങ്ങളോടുമാണ്. പത്രപ്രവർത്തകനായ ഡോ. പോൾ മണലിൽ ഇക്കാര്യം കൃത്യമായി മനസ്സിലാക്കിയിട്ടുണ്ട്.

ഈ ഗ്രന്ഥസമാഹാരത്തിലെ ഏറ്റവും ശ്രദ്ധേയമായ സാഹിത്യകൃതി പ. പരുമല തിരുമേനിയുടെ 'ഊർശ്ലേം യാത്രാ വിവരണ'മാണ് (1895). സാഹിത്യ വമർശകനായ ഡോ. സുകുമാർ അഴീക്കോട് പ. പരുമല തിരുമേനിയെ 'പരിമള തിരുമേനി' എന്ന് വിശേഷിപ്പിച്ചത് ഈ കൃതി പരത്തുന്ന സൗരഭ്യം ഓർത്തുകൊണ്ടാണ്. അവതാരികയിൽ ഡോ. ബാബു ചെറിയാൻ അഭിപ്രായപ്പെട്ടതുപോലെ "ഭാഷയുടെ തേജസ്സ് ദർശിക്കാൻ കഴിയുന്ന ഒരു കൃതിയാണിത്. ഗദ്യത്തിന്റെ മാനകീകരണ പ്രക്രിയ ഉദാഹരിക്കുവാൻ കഴിയുന്ന ഒരു ശൈലി ഊർശ്ലേം യാത്രാവിവരണത്തിൽ അവതരിപ്പിക്കാൻ പരുമല തിരുമേനിക്കു കഴിഞ്ഞു. പാരായണ സുഗമത നന്നായി കാണാവുന്ന ഒരു ശൈലിയാണ് ഇതിലുള്ളത്". പ്രസാദ മധുരമായ ഗദ്യശൈലിയിൽ പുണ്യനഗരമായ ജറുശലേമിലേക്കുള്ള യാത്രയും ആ യാത്രയിൽ നേരിൽ കണ്ട കാഴ്ചകളും നേരിട്ട അനുഭവങ്ങളും പ. പരുമല തിരുമേനി വിവരിക്കുമ്പോൾ അത് അന്നുവരെ അന്യമായിരുന്ന മലയാള ഗദ്യത്തിന്റെ ഉദാത്തമാതൃകയായി മാറുകയായിരുന്നു. സൂക്ഷ്മമായ വർണ്ണനകൾ തിരുമേനിയുടെ ഗദ്യ ശില്പത്തെ വർണ്ണാഭമാക്കിയിരിക്കുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ 'ഉർശ്ലേം വർത്തമാനവും' മലയാളത്തിന്റെ പരിണാമത്തിലെ ദിശാസൂചികയാണ്. 1863-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനം

സ്വീകരിക്കാൻ കുന്നംകുളത്തു നിന്നും ഡയർബക്കറിലേക്ക് നടത്തിയ യാത്രയുടെ വിവരണമാണ് ഈ ഗ്രന്ഥത്തിൽ. കപ്പലിലും വെള്ളത്തിലും ചങ്ങാടത്തിലും ബോട്ടിലും തീക്കപ്പലിലും കുതിരപ്പുറത്തും കഴുതപ്പുറത്തും മഞ്ചലിലുമായി ഒന്നരവർഷം നീണ്ട ചരിത്രപ്രസിദ്ധമായ യാത്ര ലളിത മനോഹരമായ ശൈലിയിൽ തിരുമേനി ആവിഷ്ക്കരിച്ചിരിക്കുന്നു.

ഗീവർഗീസ് പ്രഥമൻ കാതോലിക്കബാവ ശെമ്മാശനായിരുന്ന കാലത്ത് (1892) എഴുതിയ യാത്രാവിവരണമാണ് 'കൊളമ്പിലേക്കുള്ള യാത്രാ വിവരണം'. കത്തോലിക്കാ സഭയിൽ നിന്ന് മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് 'പുനരൈക്യപ്പെട്ട' ഫാ. റെനി വിലാത്തിയെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തുന്നതിനായി പ. പരുമല മാർ ഗ്രിഗോറിയോസ്, കടവിൽ പൗലോസ് മാർ അത്താനാസിയോസ്, അൽവാറിസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം കൊളമ്പോയിലേക്ക് നടത്തിയ യാത്രാനുഭവങ്ങളാണ് പ്രതിപാദ്യം. ദീർഘമായ ഒരു ലേഖനത്തിന്റെ സ്വഭാവമാണ് ഇത് പ്രകടിപ്പിക്കുന്നതെങ്കിലും സഭാചരിത്രത്തിലും ഗദ്യസാഹിത്യത്തിന്റെ ചരിത്രത്തിലും ഈ കൃതിക്ക് പ്രത്യേക സ്ഥാനമുണ്ട്.

പഠന വിധേയമായിരിക്കുന്ന പത്തു കൃതികളിൽ ഏഴെണ്ണവും ക്രൈസ്തവരായ സഭാ നേതാക്കന്മാരുടെ സംഭാവനകളാണ്. മൂന്നെണ്ണം ഇതര മതാനുയായികളായ എഴുത്തുകാരുടെ സംഭാവനകളും വിദേശത്തുള്ള സഭാ കേന്ദ്രങ്ങളുമായി കേരള ക്രൈസ്തവർക്കുള്ള ചരിത്രപരമായ ബന്ധം ഇത്തരം യാത്രകൾക്ക് സാധ്യതയും പ്രോത്സാഹനവും നൽകി. ആ യാത്രകൾ മലയാള സാഹിത്യത്തിന് അനുഗ്രഹകരവുമായി.

സഭാചരിത്ര രചനയുടെയും സാഹിത്യ ചരിത്രരചനയുടെയും മുഖ്യധാരയിൽ നിന്ന് അകന്നും ഒളിഞ്ഞും കിടന്ന കൃതികളെ അനുവാചകരിലേക്ക് എത്തിക്കുന്ന ഗവേഷക ധർമ്മം മുൻപ് വിജയകരമായി നിർവ്വഹിച്ചുകൊണ്ടിരുന്നത് ഡോ. സമുവൽ ചന്ദനപ്പള്ളി ആണ്. പ്രത്യേകിച്ച് പ. പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണത്തിന്റെ സാഹിത്യചരിത്രപരമായ പ്രാധാനം സാഹിത്യ ലോകത്തിന് മനസ്സിലാക്കികൊടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. 'മലങ്കരസഭാ പിതാക്കന്മാർ' എന്ന ബ്രഹദ്ഗ്രന്ഥം അതിന്റെ തെളിവാണ്.

ഡോ. പോൾ മണലിന്റെ ഗവേഷണ കൗതുകം ഇതര മേഖലകളിലേക്ക് ഇറങ്ങിച്ചെല്ലുകയും സാഹിത്യ-സഭാചരിത്രത്തിൽ ഒളിഞ്ഞു കിടന്നിരുന്ന ഏതാനും വിശിഷ്ട കൃതികൾ കണ്ടെത്തുകയും ചെയ്തു. അവയുടെ ഭാഷാ-സാഹിത്യ സംബന്ധമായ വൈവിധ്യം ശ്രദ്ധാപൂർവ്വമായ നിരീക്ഷണങ്ങളോടെ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഏതെങ്കിലും മത-സാമുദായിക വൃത്തത്തിൽ മാത്രം അകപ്പെട്ട് പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ നിന്ന് അകന്നു പോകുമായിരുന്ന ഈ കൃതികളെ മുഖ്യധാരാ സാഹിത്യ ചർച്ചയുടെ ഭാഗമാക്കി മാറ്റാൻ സംശോധകനായ ഡോ. പോൾ മണലിൽ കാണിച്ച വിവേകം അനുമോദനാർഹമാണ്. കേരള സാഹിത്യ അക്കാദമി ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നതുകൊണ്ട് പൊതു സമൂഹത്തിന്റെ ശ്രദ്ധ ഇതിലേക്ക് കൂടുതലായി കടന്നു വരും എന്ന് പ്രതീക്ഷിക്കാം. പേജ്. 800, പ്രസാധകർ: കേരള സാഹിത്യ അക്കാദമി, തൃശൂർ, വില: 600 രൂപ.

– ഡോ. സിബി തരകൻ

■

സൺഡേസ്ക്കൂൾ വാർത്തകൾ

ഫാ.ഡോ. റെജി മാത്യു

സെക്കുലർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യയന വർഷം അവസാനിക്കാറാവുകയും കുട്ടികൾ വിവിധ പരീക്ഷകൾക്ക് തയ്യാറാവുകയും ചെയ്യുന്ന സമയമാണല്ലോ ഇത്. ദൈവം നല്കിയ താലന്തുകൾക്കനുസരിച്ചും, അനാവശ്യമായ മാനസിക സംഘർഷം ഒഴിവാക്കിയും, സത്യസന്ധമായി പരീക്ഷയ്ക്ക് ഒരുങ്ങുവാൻ ഏവരെയും സ്നേഹവാനായ ദൈവം സഹായിക്കട്ടെ.

സൺഡേസ്ക്കൂൾ പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ റാങ്കു സമ്പ്രദായം നിർത്തലാക്കിയ ശേഷമുള്ള ആദ്യത്തെ പരീക്ഷയാണ് കഴിഞ്ഞ ഡിസംബറിൽ നടന്നത്. 91 നും 100 നുമിടയ്ക്ക് മാർക്കുവാങ്ങി ഏ പ്ലസ് ഗ്രേഡു നേടിയ ഏവരെയും അഭിനനന്ദിക്കുന്നു. അതോടൊപ്പം അധികം കുട്ടികൾ ഈ തലത്തിലേക്ക് ഉയർന്നു വരുന്നില്ലായെന്ന ദുഃഖവും പങ്കുവയ്ക്കട്ടെ.

ഒ.വി.ബി.എസ്. നൂതന പരിഷ്ക്കാരങ്ങളോടെ ഈ അവധിക്കാലത്തു നിലവിൽ വരികയാണല്ലോ. പുതിയ കാര്യങ്ങളെ ഹൃദയവിശാലതയോടെ സ്വീകരിക്കുവാൻ അധ്യാപകരും വിദ്യാർത്ഥി സമൂഹവും തയ്യാറാകണം. ധാരളമാളുകൾ വളരെയധികം അധ്വാനിച്ചതിന്റെ ഫലമായിട്ടാണ് പുതിയ പുസ്തകങ്ങളും, പാഠ്യപദ്ധതികളും തയ്യാറായത്. എല്ലാ കുട്ടികൾക്കും ഗാനങ്ങളടങ്ങിയ സി.ഡി. കൂടി നൽകണമെന്നുള്ള ആഗ്രഹം കൊണ്ട് പഠന സാമഗ്രികളുടെ മൊത്തം വില അല്പം വർദ്ധിപ്പിക്കുവാൻ നിർബന്ധിതരായി. ഏവരും സഹകരിക്കുമെന്നാശിക്കുന്നു. നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങൾ അനുസ്മരിക്കുവാനും, ഉയിർപ്പിന്റെ ആനന്ദം ഉൾക്കൊള്ളുവാനും ഏവരെയും ദൈവം പ്രാപ്തരാക്കട്ടെ.

■

സൺഡേസ്ക്കൂൾ സെൻട്രൽ സോണിൽ സബ് ജൂണിയർ പ്രസംഗ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ കൃപ റെബേക്കാ തോമസ്, കുണ്ടറ പൊയ്കയിൽ ഫാ. പി.കെ.തോമസിന്റെയും ആഷമ്മ തോമസിന്റെയും മകൾ. തുമ്പമൺ എം.ജി. സൺഡേസ്ക്കൂൾ വിദ്യാർത്ഥി.



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ സീനിയർ പൊതുവിജ്ഞാനത്തിൽ രണ്ടാം സ്ഥാനം നേടിയ ജിഷ മറിയം സജി. പാണ്ടങ്കേരി സെ. മേരീസ് ഇടവകയിൽ തലവടി പുതുപ്പറമ്പിൽ മുണ്ടകത്തിൽ സജി പി. മാത്യുവിന്റെ മകൾ.



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ ജൂണിയർ സഹപാഠ്യ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ജെറിൻ എബ്രഹാം ജെയിംസ്. മല്ലപ്പള്ളി പാതിക്കാട് സെ. പീറ്റേഴ്സ് & സെ. പോൾസ് ഇടവകയിൽ കാരയ്ക്കൽ ജയ്സൺ ഏബ്രഹാമിന്റെ മകൻ.

മരുഭൂമിയിലെ നീരുറവ

സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ – STOC

(മണലാരണ്യത്തിലെ മാതൃ കോൺഗ്രിഗേഷൻ – സ്ഥാപിതം 1975)

ജീവകാരുണ്യ സഹായം - 2016

ഭാഗ്യസ്മരണീയനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ 1975 സെപ്ററംബർ 12 -ാം തീയതി സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2016 ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാ സഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മററു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

1. മാർ ഒസ്താത്തിയോസ് ചികിത്സാ ധനസഹായം: ക്യാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായ രോഗങ്ങൾ ബാധിച്ചവരും നിരാലംബരും സാധുക്കളുമായ രോഗികൾക്കായിരിക്കും ധനസഹായം നൽകുന്നത്. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്ക് സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശ ഉണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിൽസിക്കുന്ന ഡോക്ടറുടെ **ആറു (6)** മാസത്തിനുള്ളിൽ വാങ്ങിയ ഒറിജനൽ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. **ഒറിജനൽ സർട്ടിഫിക്കററ് ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കററിൻെറ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി (അററസ്ററേഷൻ) ആയ്ക്കേണ്ടതാണ്.** കാര്യമ്പാടിയിലെ സഭാവക മിഷൻ ആശുപത്രിയായ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കണ്ണാശുപത്രി വഴിയായി 'ശീലോഹാം ഗീവ് സൈററ് പ്രോജക്ററിലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യം ലഭിക്കുന്നതാണ്.

2. വിവാഹ ധനസഹായം: സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബത്തിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് **50,000** രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിൻെറ കോപ്പി അയ്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു. വിവാഹ **തീയതിയ്ക്കുശേഷം മൂന്നു മാസത്തിനുള്ളിൽ അപേക്ഷ** താഴെ കൊടുത്തുരിക്കുന്ന വിലാസത്തിൽ കിട്ടിയിരിക്കണം.

3.1 ജീവസന്ധാരണ ധനസഹായം: അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

3. 2 **ജീവസന്ധാരണ ധനസഹായം - സാന്ത്വനം** : മലങ്കരസഭയിലെ 46 വയസ്സിൽ താഴെയുള്ള നിർധനരരും വിധവകൾളോ, ശയ്യാവലംബരായ ഭർത്താക്കൻമാരോ ഉള്ള 12 ഓർത്തഡോക്സ് വനിതകൾക്ക് ദൈനംദിന ചിലവുകൾക്കായി എല്ലാ മാസവും ഒരു വർഷത്തേക്ക് ധനസഹായം നൽകുന്നത്താണ്. ഇടവക വികാരിയുടേയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടുകൂടി **അപേക്ഷകൾ** 2016 മെയ് 31 - ന് മുൻപ് കിട്ടിയിരിക്കണം.

4.1 വിദ്യാഭ്യാസ സ്കോളർഷിപ്: നിർധനരും നിരാലംബരും പഠനത്തിൽ സമർത്ഥരുമായ **+2** കഴിഞ്ഞ 42 കുട്ടികൾക്ക്, വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്ററും കോഴ്സ് സർട്ടിഫിക്കേററും (ഇടവക വികാരി അററസ്ററ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം കൂടാതെ അപേക്ഷകൻെറ കുടുംബ പശ്ചാത്തലം, ചുററുപാടുകൾ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം, മററു നേട്ടങ്ങൾ എന്നിവയെ കുറിച്ച് വിശദമായി അറിയിക്കുന്നതു നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2016 ഓഗസ്ററ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

4.2 വിദ്യാഭ്യാസ ധനസഹായം: നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്കു **+2** നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് 50%-ൽ കൂടുതൽ മാർക്കു കരസ്ഥമാക്കിയതും ആദ്യ ചാൻസിൽ ജയിച്ചതുമായ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്ററും ഇപ്പോഴത്തെ കോഴ്സു സർട്ടിഫിക്കററും (ഇടവക വികാരി അററസ്ററു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2016 **ഓഗസ്ററ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

5.1 ഭവന നിർമ്മാണ ധനസഹായം: ഇടുക്കി,ബത്തേരി,മലബാർ,ബ്രഹ്മവാർ എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി **200,000** രൂപ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകനു സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം **അപേക്ഷകൾ 2016 ഓഗസ്ററ് 31-**നു മുൻപ് കിട്ടിയിരിക്കണം.

5.2 പ്രത്യേക ഭവനനിർമ്മാണ ധനസഹായം: മലങ്കരസഭയിലെ ഭവനരഹിതരായ വിധവകൾക്കു ഭവനം വെച്ചുകൊടുക്കുക എന്ന ആശയത്തിലൂന്നി, 46 വയസിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണമായി ശയ്യാവലംഭരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയോ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി **2,00,000** രൂപ നൽകുന്നു. ഇതിലേക്കു കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും അപേക്ഷകയ്ക്ക് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2016 ഓഗസ്ററ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

നിർദ്ദേശങ്ങൾ 1) അപേക്ഷാഫോറവും മററു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ് 2) Advertisement-ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടെപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 4) അപേക്ഷകനേയും ശുപാർശ ചെയ്യുന്ന പുരോഹിതനേയും ബന്ധപ്പെടാനുള്ള Telephone number അപേക്ഷയിൽ ഉണ്ടായിരിക്കണം. 5) ആർക്കുവേണ്ടിയാണോ അപേക്ഷിക്കുന്നത് അവരുടെ പൂർണ്ണ വിവരം അപേക്ഷയിൽ ഉണ്ടായിരിക്കണം. 6) **അപേക്ഷിക്കുന്ന ആളുടെ പേരും, അക്കൗണ്ട്നമ്പറും ഉൾപ്പെടുന്ന ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യ പേജ് കോപ്പി എല്ലാ അപേക്ഷകൾക്കും ഒപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**

അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്: നിങ്ങളിൽ വിശ്വാസം അർപ്പിച്ച് ഞങ്ങൾ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ശുപാർശ ചെയ്യുന്ന ഓരോ അപേക്ഷകളും ദയവായി സസൂഷ്മം പരിശോധിച്ച്, അപേക്ഷിക്കുന്ന ആൾ ഈ ധനസഹായത്തിന് ആർഹരാണെന്നും, ഇടവകയുടെ സമീപപ്രദേശങ്ങളിൽ ഉള്ള ആളാണെന്നും ഉറപ്പ് വരുത്തേണ്ടതും, ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടെന്നും, അപേക്ഷകൻെറ ഭൂസ്വത്ത്, വരുമാനം, വയസ്, ആശ്രിതരുടെ വിവരങ്ങൾ **എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയക്കണമെന്നു താൽപര്യപ്പെടുന്നു.** Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളിയുടെ സീലും, ചികിൽസാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മററി അംഗങ്ങിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിലിക്കണം.

ആയ്ക്കേണ്ട വിലാസം:- The Co-ordinator, STOC office, Bethany Aramana, Tiruvalla-689101, Kerala **Mob. 9447702730**

മരുഭൂമിയിലെ നീരുറവ

ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു

പേര്:...വയസ്സ്:.............................

വിദ്യാഭ്യാസ യോഗ്യത:...തൊഴിൽ: ....

മേൽവിലാസം (പിൻകോഡ് സഹിതം): ....

....

ഇടവക..ഭദ്രാസനം: ....

പ്രതിമാസ വരുമാനം:.. ഭൂസ്വത്ത് വിവരം: ....

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം:...

ഇതിനു മുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ? ....

കോൺഗ്രിഗേഷനിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ....

ഉണ്ടെങ്കിൽ:- വർഷം.................... എന്താവശ്യത്തിന്?...എന്തു തുക ലഭിച്ചു? ....

ഇതേ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ:- വർഷം..............................എവിടേക്ക്...

കുടുംബാംഗങ്ങളുടെ/ആശ്രിതരുടെ പൂർണ്ണവിവരം:

പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്സ്	തൊഴിൽ	പ്രതിമാസ വരുമാനം

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ്: തീയതി.................................

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ **"STOC Office, Basil Jubilee Centre, Betheny Aramana, Tiruvalla, Kerala. - PIN-689 101"**. എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. അപൂർണ്ണമായതും, രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരകരോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹ ധനസഹായത്തിനും, ജീവസന്ധാരണ ധനസഹായത്തിനും ഒരു ഇടവകയിൽ നിന്നും ഒരു വർഷം ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

പാമ്പാടി:- കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 51-ാം ഓർമ്മ ഏപ്രിൽ 5-ന് പാമ്പാടി ദയറായിൽ.

പുത്തൻകാവ്:- വലിയ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (ആറാം മാർത്തോമ്മാ) 208-ാം ഓർമ്മ ഏപ്രിൽ 7-ന് പുത്തൻകാവ് കത്തീഡ്രലിൽ.

ഞാലിയാകുഴി:- ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ ഏപ്രിൽ 12-ന് ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ.

നിരണം:- രണ്ടാം മാർത്തോമ്മായുടെ 330-ാം ഓർമ്മ ഏപ്രിൽ 16-ന് നിരണം വലിയ പള്ളിയിൽ.

പുത്തൻകാവ്:- എട്ടാം മാർത്തോമ്മായുടെ 200-ാം ഓർമ്മ ഏപ്രിൽ 16-ന് പുത്തൻ കാവ് കത്തീഡ്രലിൽ.

പുത്തൻകാവ്:- കാതോലിക്കേറ്റ് രത്നദീപം ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 65-ാം ഓർമ്മ ഏപ്രിൽ 17-ന് പുത്തൻ കാവ് കത്തീഡ്രലിൽ.

P.C. Babychen *(Prop.)*
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101



Sales and Service : All Kinds of Church Goods

Form IV
MALANKARA SABHA

Place of Publication	: Kottayam
Periodicity	: Monthly
Printer	: Fr. Deepu Philip
Whether Citizen of India	: Yes
Address	: Catholicate Aramana, Kottayam
Publisher	: Fr. Deepu Philip
Address	: Item No.5
Editor	: Fr. Dr. John Thomas Karingattil
Whether Citizen of India	: Yes
Address	: P.O. Box 98, Kottayam-1
Name&Address of the owner	: Orthodox Viswasa Paripalana Samithy Devalokam, Kottayam-04

I, Fr. Deepu Philip here by declare that the particulars given above are true to the best of my knowledge and belief.

10.03.2016 Fr. Deepu Philip



കെ.സി. അന്നാമ്മ ടീച്ചർ
കൊള്ളന്നൂർ വീട്

വെസ്റ്റ് മങ്ങാട്, പഴഞ്ഞി
(കുന്നംകുളം ഭദ്രാസനം)

ജനനം: 16.7.1932 — മരണം: 11.03.2012

"ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു."
(2 തിമോത്തി 4:7)

Himaharsham matrimony
End to End Marriage Solutions

ഓർത്തഡോക്സ് യാക്കോബായ സുറിയാനി സഭകളിലെ അംഗങ്ങൾക്ക് അനുയോജ്യരായ വധുവരന്മാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് Himaharsham Matrimony എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുള്ളത്. നമ്മുടെ സഭയുടെ പൈതൃകവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സഭാവിശ്വാസികളുടെ കുടുംബാംഗ ങ്ങളുമായി വിവാഹാലോചനകൾ നടത്തുന്നതിന് ഈ വെബ്സൈറ്റ് ഉപകരിക്കപ്പെടും.

ആയതിനാൽ വിവാഹാലോചന നടത്തുവാൻ ആഗ്രഹിക്കുന്നവർ ബയോഡേറ്റയും ഫോട്ടോയും www.himaharshammatrimony.com എന്ന വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുകയോ താഴെപ്പറയുന്ന ഇമെയിൽ/ടെലിഫോൺ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ പ്രസ്ഥാനം വളരുവാനും ഓർത്തഡോക്സ് യാക്കോബായ സുറിയാനി സഭാംഗങ്ങൾക്ക് അനുഗ്രഹമായി തീരുവാൻ നിങ്ങൾ പ്രാർത്ഥിക്കുകയും പേരുകൾ രജിസ്റ്റർ ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് രജിസ്ട്രേഷൻ തികച്ചും സൗജന്യമാണ്

For more details:
Himaharsham Matrimony
Thekkethuruthel Buildings, Manganam P.O., Kottayam - 686 018
www.himaharshammatrimony.com
himaharshammatrimony@gmail.com
Tel. No. 0481-6051510 | 9447366629 | 9744733159

സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ ചർച്ച്

കമ്മന സീനായ്ക്കുന്ന്

കമ്മന പി. ഓ., മാനന്തവാടി, പിൻ – 670645



ദേവാലയ പണിയിൽ സഹകരിക്കൂ... സഹായിക്കൂ...



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി മെത്രാസന ഇടവകയുടെ

ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്പർ : 88 / 2015

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മക്കൾക്ക് വാഴ്‌വ്.

പ്രിയരെ,

നമ്മുടെ സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ മാനന്തവാടി മേഖലയിലുള്ള ഒരു പുരാതനമായ ദേവാലയമാണ് പരി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള കമ്മന സീനായ് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി. ഏകദേശം 114 കുടുംബങ്ങളാണ് ഈ ഇടവകയിൽ നമുക്കുള്ളത്. ഇതിൽ ഏറിയ പങ്കും പാവപ്പെട്ട കർഷകരാണ്. കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ ഈ ദേവാലയത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ഇടവകാംഗങ്ങളുടെ പരിശ്രമങ്ങൾ കൊണ്ട് മാത്രം പള്ളി പണി പൂർത്തീകരിക്കാൻ കഴിയുകയില്ല. ആയതിനാൽ ഈ ഇടവകയെ ആത്മാർത്ഥമായി സഹായിക്കുവാൻ നിങ്ങൾ മനസ്സു കാണിക്കണം. നിങ്ങളുടെ കഴിവിന്റെ പരമാവധി സാമ്പത്തിക സഹായവും പ്രാർത്ഥനയും ഇക്കാര്യങ്ങളിൽ ഉണ്ടാകണമെന്ന് നാം താല്പര്യപ്പെടുന്നു.

ഇതുമായി ബന്ധപ്പെട്ട് പണ ശേഖരണത്തിനായി ഇപ്പോൾ പള്ളിയുടെ വികാരിയായിരിക്കുന്ന നമ്മുടെ ജോർജ്ജ് തോമസ് പാട്ടുപാല അച്ചനേയും കമ്മിറ്റി അംഗങ്ങളേയും നാം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ കൽപന ഇന്ന് മുതൽ 1 വർഷത്തേക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

2015 നവംബർ 10 ന്
[illegible] അരമനയിൽ നിന്നും

[illegible]
ദൈവം അനുഗ്രഹിക്കട്ടെ

Abraham Mar Epiphanios

CHURCH ACCOUNT DETAILS

Bank : Canara Bank-Mananthavady
Name : Vicar and Trustee - St. George Orthodox Church Seenaikunnu Kammana
A/c No. : 0248101013759
IFC Code : CNRB0000248

സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽപ്പെട്ട കമ്മന സീനായ്ക്കുന്ന് ദേവാലയം 1960 കളിൽ കുടിയേറ്റക്കാരായ കർഷകരാൽ പണിയപ്പെട്ട ഓർത്തഡോക്സ് ദേവാലയമാണ്. 114 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഭൂരിഭാഗവും കൂലിപ്പണിക്കാരായ ചെറുകിട കർഷകരാണ്. നിലവിലുണ്ടായിരുന്ന ദേവാലയം കാലപ്പഴക്കത്താൽ പൊളിഞ്ഞു വീഴാറായി. 50 ലക്ഷം രൂപായിൽ തീരുന്ന ഒരു കൊച്ചു ദേവാലയമാണ്. അതുപ്രകാരം ഇടവകാംഗങ്ങളിൽ നിന്നും 30 ലക്ഷം രൂപയോളം കളക്ട് ചെയ്തു. എന്നാൽ പെട്ടെന്നുണ്ടായ എല്ലാവിധത്തിലുമുള്ള വില വർദ്ധന കാരണം പകുതി പണികൾ മാത്രമെ തീർക്കുവാൻ സാധിച്ചിട്ടുള്ളു. ഇനിയുള്ള പണികൾ തീർക്കുവൻ പരിശുദ്ധ സഭാംഗങ്ങളുടെ ഹൃദയപൂർവ്വമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. പള്ളി പണിക്ക് ലഭിക്കുന്ന എല്ലാ തുകയ്ക്കും രസീത് നൽകുകയും കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യും. എല്ലാവരുടെയും സ്നേഹപൂർവ്വമായ കൈതാങ്ങലുകൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

സ്നേഹത്തോടെ....

Fr. George Thomas Pattupala (Vicar)
George Pannekattu (Trustee)
Shibi Nellichuvattil (Secretary)

Mob. 9446959530

Hebron Hill Retirement Home

An outreach of Mar Theodosius Memorial Mission International Regd.

✵ Help the helpless to help himself ✵

Inviting application for parents from NRIs Living in USA, Europe and Australia

Amenities include furnished rooms, bath attached, hot water Micro wave, A/c as needed, Orthodox Chapel & priestly presence, common dining, community life and many more...

For more information contact:

Fr. Mathai Alakot

19 Sequoia Grove Way, American Canyon, CA 94503

Ph: USA +1408-868-4000, India +914682286001, www.hebronhills.org

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാധ്യമമായ

മലങ്കരസഭ മാസിക

സപ്തതി ഉപഹാരം



മലങ്കരസഭ മാസിക സപ്തതി നിറവിൽ

മലങ്കരസഭ എഴുപതു വർഷമായി മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ കഴിയുന്നത് ഏവരുടേയും നിസ്തുല പ്രോത്സാഹവും സഹകരണവും കൊണ്ടാണ്.

- മലങ്കരസഭാ മാസിക വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഏവരും ഹൃദയപൂർവ്വം സഹകരിക്കണം. സ്നേഹിതരെ മലങ്കരസഭാ മാസികയുടെ വരിക്കാരായി ചേർക്കുവാൻ ഉത്സാഹിക്കണം.
- വരിസംഖ്യ, സംഭാവന, പരസ്യം എന്നിവ കൃത്യമായി നൽകി സഹായിക്കണം.
- പ്രിയപ്പെട്ടവരുടെ പേരിൽ സ്ഥിര നിക്ഷേപം/എൻഡോവ്മെന്റ് നൽകി മലങ്കസഭ മാസികയുടെ പ്രവർത്തനങ്ങൾക്ക് സ്നേഹപൂർവ്വമായ കൈത്താങ്ങലുകൾ നൽകാവുന്നതാണ്.
- ഇടവക പെരുന്നാൾ, പ്രിയപ്പെട്ടവരുടെ ഓർമ്മ, വാർഷികം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകി സഹകരിക്കണം.

Malankara Sabha Magazine

Devalokam, Kottayam-04; Ph:0481-2573234, 9447141639

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ ജീവിതവും ദർശനവും എന്ന ഗ്രന്ഥത്തിന്റെ കോപ്പികൾ ലഭ്യമാകുന്ന സ്ഥലങ്ങൾ:

മലങ്കരസഭ ഓഫീസ്, ദേവലോകം; എം.ഒ.സി. ബുക്സ് പരുമല & കോട്ടയം; ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ, ശ്രേയസ് ബുക്സ്, അടൂർ; സെ. പോൾസ് ബുക്സ്, മാവേലിക്കര; എം.ജി.ഒ.സി.എസ്.എം. ബുക്സ് കോട്ടയം.

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/March/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-